


# സമൃദ്ധം


LEAD KINDLY LIGHT

# NEWMAN VOICE

## 2008-09

NEWMAN COLLEGE, THODUPUZHA
(NAAC ACCREDITED 'A' GRADE INSTITUTION)

# Lead Kindly Light




## John Henry Cardinal Newman




ST. ALPHONSA





**His Holiness Pope Benedict XVI**


*Our Light on the Path*



Rt. Rev. Dr. GEORGE PUNNAKOTTIL M.A., S.T.D., L.S.S.


PATRON OF THE COLLEGE

## Our Manager




VERY. REV. MSGR. THOMAS MALEKUDY

## Protosyncellus



Very. Rev. Msgr. Francis Alappat


## Our Principal



Dr. T.M. Joseph




*Rev. Fr. Kuriakose Kodakallil*
*Secretary*



*Prof. Jose Varghese*
*Vice Principal*



*Rev. Fr. Manuel Pichalakkattu*
*Bursar*



*Prof. Thampi Varghese*
*Staff Advisor*

# PREFACE

I am extremely happy to present the college magazine of 2008-2009 in a new fashion. Departing from the previous practice of presenting a centrally administered college magazine, we have resorted to the preparation of magazines at the Department levels in a competitive manner; and then compiling it together for the college magazine. This has been done with a two fold objective. First, we need to strengthen the identity of a Department as an independent academic unit. Second, to encourage maximum number of students to take part in the process of preparing magazines. The overall objective visualized is that a magazine should turn out to be an instrument which promotes the artistic and literary talents of our students.

As it is the first attempt in this direction, of course it is not free from certain pitfalls. One is that all departments could not take part in this competition. Still, six out of nine departments have come out with their own independent magazines. Another is that as the time went out, we could not ensure sufficient participation of students in the preparation of college level magazine. Both these issues, I hope could definitely be addressed in the succeeding years.

Nevertheless, the attempt to bring out department magazine has been met with reasonable success. Each Department has deputed one staff editor and selected one student editor for the purpose. They have done a good job as is evident from the quality of magazines prepared by them. The idea could instill confidence in the students that they are capable of laying their hands on the art of creative writing. I take this opportunity to congratulate all Heads of Departments, Staff editors and student editors for putting their labour behind the production of their respective Department Magazines.

It was a herculian task to compile the Department magazines in the form of a College magazine. The onus was taken by Rev. Fr. Raju Jacob, Lecturer in the Department of Malayalam. In spite of his heavy responsibilities as Bursar of the college, he has spent most of his time for processing the Department magazines that came before him. But for his hardworking and untiring efforts, this magazine would not have been published. The college community owes a lot to Rev. Fr. Raju Jacob for taking the lead in this spectacular work.

Last but not the least, I thank Mr. Sangeeth Jose who has done the type setting and layout of this magazine in a magnificent manner.

Dr. T.M. Joseph
Principal



## ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മം കൂടി








ജീവിച്ചു മതിവരാത്ത നിമിഷങ്ങളിൽ മരണത്തിന്റെ മടിയിൽ തലചായ്ക്കാൻ വിധിക്കപ്പെട്ട മാനവരുടെ മുഴുവൻ ശബ്ദവും ഈ വരികളിൽ സ്പന്ദിക്കുന്നു. ഈ സ്പന്ദനം എന്നും നിലനിൽക്കട്ടെ. കാലത്തിന്റെ യവനികയ്ക്കുള്ളിൽ മറഞ്ഞ ഈ പ്രതിഭകൾക്ക് ന്യൂമാൻ കുടുംബത്തിന്റെ ആദരാഞ്ജലികൾ

# FAREWELL



Prof. Annamma Mathew
Dept. Of Zoology



Sri. T.U. Joseph
Lab Assistant

# Departmental Magazines of the year







Surya Vijayan
Editor, Dept. of Botany






Aby Ismail
Editor,Dept. of Economics
2 nd Prize







Nelson George
Editor, Dept. of Chemistry
1st Prize







Sebin George
Editor,Dept. of English





Anoop Jose
Editor, Dept. of Commerce
3 rd Prize







Ajo Jolly
Editor,Dept. of Zoology



# യാത്ര

അയാൾ നടക്കുകയായിരുന്നു. ഒരുപാട് ദൂരം സഞ്ചരിച്ചു. എങ്ങോട്ടെന്നോ, എവിടേക്ക് എന്നോ അറിയാത്ത യാത്ര. ഈ യാത്രയുടെ അന്ത്യം ഒരു പക്ഷേ മരണമായിരിക്കും. നാമെല്ലാവരും ലോകമാകുന്ന വഞ്ചിയിലെ യാത്രക്കാരണല്ലോ. തന്റെ എല്ലാ കടമകളും തീർത്തു എന്ന മട്ടിൽ വീട്ടിൽ നിന്ന് ഇറങ്ങി നടന്നതാണ്. താൻ എവിടെയാണെന്ന് ഒരു നിശ്ചയവുമില്ലായിരുന്നു. തനിക്ക് മുമ്പിൽ അയാൾ നദികളും കുന്നുകളും, കണ്ടു. പക്ഷേ അത് നദികൾ തന്നെയോ എന്ന് അയാൾ സംശയിച്ചു. തന്റെ മുന്നിലൂടെ പോകുന്നത് വെറും കണ്ണുനീർതുള്ളികളാണ് എന്നയാൾക്ക് തോന്നി. അവയുടെ കരച്ചിൽ അഗാധമായിരുന്നു. ആ നദിയുടെ തീരുത്തിരുന്ന പൊട്ടി കരയണമെന്ന് അയാൾക്ക് തോന്നി. പക്ഷേ ഒന്നിനും കഴിയില്ല. അയാൾ വീണ്ടും യാത്രതുടങ്ങി. ഷാജഹാൻ മുതാംസിനുവേണ്ടി താജ്മഹൽ പണിത ആ പുണ്യനദിയുടെ തീരത്ത് നിന്നപ്പോൾ ഇത് നദിയോ, വെറും കൈതോടോ എന്ന് അയാൾക്ക് തോന്നി. തന്റെ യാത്ര അയാൾ വീണ്ടും തുടർന്നു. അപ്പോഴൊന്നും അയാൾ തന്റെ കുടുംബത്തെ ആലോചിച്ചില്ല. തന്റെ യാത്രയുടെ അവസാനം ഏതെങ്കിലും പുണ്യനദിയുടെ തീരത്ത് ആയിരിക്കണമെന്നും അയാൾക്ക് തോന്നി. അതിനായിരുന്നോ തന്റെ യാത്ര എന്ന് അയാൾക്ക് നിശ്ചയമില്ലായിരുന്നു. തന്റെ അധികം പരിഷ്കാരമില്ലാത്ത നാടും തന്റെ കുട്ടിക്കാലം ചിലവഴിച്ച വഴികളും എല്ലാം ഉപേക്ഷിച്ച് താൻ നടന്നത് എന്തിനായിരുന്നെന്ന് തന്റെ മനസ്സിനോട് ചോദിച്ചിട്ട് ഒരു ഉത്തരമില്ലായിരുന്നു. കഴിഞ്ഞ കുറേ നാളായിട്ട് തന്റെ മനസ്സ് തന്നോട് സംസാരിക്കാൻ വൈമനസ്യം കാട്ടുന്നത് അയാൾ അറിഞ്ഞു. ഒരു തിരിച്ചുപോക്ക് അസാധ്യമായിരുന്നു. അതിനാൽ അയാൾ യാത്രതുർന്നു. തന്റെ എല്ലാം ഉപേക്ഷിച്ച്, ഈ യാത്രയുടെ അന്ത്യമെന്നത് ഭൂമിയുടെ അങ്ങേയറ്റത്തായിരിക്കും. എല്ലാമോർത്ത് വെറുതേ നടക്കുകയായിരുന്നു അയാൾ. ഈ യാത്ര ഇനിയും തുടരും.

Adona Vincent
$C_2$



All the art of living lies in a fine mingling of letting go and holding on.
*- Henry Ellis*

# പെയ്തൊഴിയാതെ ........
# നിന്റെ പ്രണയം



DEEPU DAS
3rd DC Economics

ഒരിക്കലും പെയ്തൊഴിയാനാവാത്ത
കാർമേഘത്തുണ്ടാണ് നിന്റെ പ്രണയം
ആർത്തുലക്കുന്ന മഴയാണെന്റെ-
മോഹമാണെന്നറിഞ്ഞിട്ടും ഒരു
ചാറ്റൽ മഴ പോലുമാവാതെ
വെൺ മേഘങ്ങൾക്കിടയിൽ അറിയാതെ
അറിയാതെ മാഞ്ഞു പോകുമെന്നൊരു
കാർമേഘത്തുണ്ടാണ്. പക്ഷേ
നിനക്കറിയുമോ ഞാനെന്റെ മൺവീണയിൽ
മുഖമമർത്തി ശ്രുതികളുണർത്താതെ
കാത്തിരിക്കുന്നത് ആമഴക്കുവേണ്ടിയാണ്
ഞാനെന്റെ വിരൽത്തുമ്പുകൾ നീട്ടിപിടിച്ചു.
ജാലകത്തിനരികിൽ നിൽക്കുന്നതും
ആമഴക്കവേണ്ടിമാത്രമാണ്.
എന്റെ കനവുകളുടെ കനത്തഇരുളിൽ
വെള്ളി നൂലുകളുമായി അവപെയ്യുന്നതോ-
ർത്തു കൊണ്ട് എന്റെ നിനവുകളുടെ
വെളുത്ത പകലുകളിൽ ഇലത്തുമ്പു-
കളിൽ നിന്നവ ഇറ്റിറ്റു വീഴുന്നതോർത്തുകൊണ്ട്
പക്ഷേ എനിക്കറിയാം നിന്റെ പ്രണയം ഒരിക്കലും
പെയ്തൊഴിയില്ല അതിനെ നീ മൗനത്തിന്റെ
ഏതോ ദിക്കുകളിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നു
എന്റെ മിഴിക്കോണുകൾക്ക് എത്താനാവാത്തത്ര
ദൂരത്തിലെവിടെയോ. ഒരുപക്ഷേ മൗനത്തിന്റെ
ദിക്കുകൾക്കിടയിൽ കിടന്ന് ശ്വാസംമുട്ടി
ഓരോന്നൊന്നാക്കുമായി മറഞ്ഞുപോയിരുന്ന
വെങ്കിലെന്ന് നീ മോഹിച്ചിട്ടുണ്ടാവുമോ
ഒരുവേള എങ്കിലും ഞാനൊന്നു പറയട്ടെ
പെയ്തൊഴിയാത്ത മേഘങ്ങൾ എന്നുമൊരു
വീർപ്പുമുട്ടലാണ് പ്രണയം. കനത്ത മൗനം
അതിലേറെ വേദനയും...................








# മാറുന്ന വിദ്യാഭ്യാസ കാഴ്ചകൾ

Anu K.S.

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന ആപ്ത വാക്യം നെഞ്ചിലേറ്റു ലാളിച്ചവരാണ് മലയാളികൾ. അതിന്റെ പൊരുളും ഗുണവും അനുഭവിച്ചറിഞ്ഞിട്ടുള്ളവരുമാണ് നമ്മൾ. ഒരു ശരാശരി മലയാളി തന്റെ അടിസ്ഥാന സൗകര്യങ്ങളിലൊന്നായി എണ്ണുന്നത് മക്കൾക്ക് വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യമാണ്. ജീവിത നിവൃത്തിക്കായി എത്രമേൽ കഷ്ടപ്പാട് നേരിടേണ്ടി വന്നാലും തന്റെ മക്കളെ സ്കൂളിലേക്കയയ്ക്കാൻ മലയാളി പാടുപെടുന്നതുകാണാം. ഈ വിഷമങ്ങൾ ഒന്നും വിദ്യാർത്ഥികൾ അറിയുന്നില്ല. അതുകൊണ്ടാണല്ലോ കലാലയങ്ങളിൽ കൊല്ലും കൊലയും നിത്യസംഭവമായിരിക്കുന്നത്.




കേരളത്തിലെ മുതിർന്ന നേതാക്കൾ രാഷ്ട്രീയത്തിന് വളക്കൂറുള്ള മണ്ണു കണ്ടെത്തുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. അക്രമ രാഷ്ട്രീയം കലാലയങ്ങളിലായിരുന്നു വ്യാപിച്ചിരുന്നത്. അതിന്റെ തുടർച്ചയെന്നോണം ആണ് ഇപ്പോൾ സ്കൂളുകൾ. ദിവസങ്ങൾ ചെല്ലുന്തോറും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചോരക്കളമായികൊണ്ടിരിക്കുകയാണ്. ദിവസവും പത്രമാധ്യമങ്ങളിൽ വരുന്ന വാർത്ത മനുഷ്യമനസാക്ഷിയെ തന്നെ ഞെട്ടിപ്പിക്കുന്നതാണ്. നിസാര കാര്യത്തിനുവേണ്ടി സഹപാഠിയെ വെടിവെച്ചു കൊല്ലുന്നതരം പ്രവണതയിലേക്ക് നമ്മുടെ വിദ്യാലയങ്ങൾ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഇന്ത്യയിലെ ഹരിയാനയിലാണ് നടന്നതെങ്കിൽ സാക്ഷരതകൊണ്ടും സാംസ്കാരിക സമ്പന്നതകൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വിശേഷിപ്പിക്കുന്ന നമ്മുടെ ഈ കൊച്ചു കേരളത്തിൽ നാളെ ഇത് സംഭവിച്ചുകൂടായ്കയില്ല.

കൊലപാതക രാഷ്ട്രീയത്തിന്റെ പേരിൽ ചോരയും കണ്ണീരും വീണു നനഞ്ഞ ഈ മണ്ണ് അശാന്തതയിലേക്കു നീങ്ങികൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ നാടിനെ ഈ നാടിന്റെ വരും തലമുറയെ ശാന്തിയിലേക്കും, സമാധാനത്തിലേക്കും നയിക്കാനായിരിക്കണം നമ്മുടെ ഓരോരുത്തരുടെയും പ്രയത്നവും, പ്രാർത്ഥനയും.

# മയിൽപ്പീലി

ആരോ പറഞ്ഞുതന്ന ഒരു കൗതുകമെന്നപോലെയാണ് അതെന്റെ മനസ്സിൽ തറഞ്ഞു നിന്നത്. ആലിലയിൽ പൊതിഞ്ഞെടുത്ത മയിൽപ്പീലി ആകാശത്തിൽ നിന്നും വെളിച്ചത്തിൽ നിന്നും ഒളിച്ചു വക്കുകയാണെങ്കിൽ ആശകളൊക്കെ സഫലമാകുന്നതാണ്. ഏറെക്കാലത്തിന് ശേഷം എന്റെ ചെപ്പിനകത്ത് സൂക്ഷിച്ചുവച്ചിരുന്നതൊക്കെ മറിച്ചു നോക്കിയപ്പോഴാണ് വാടാതിരിക്കുന്ന ഒരു മയിൽപ്പീലി കാണുന്നത്. ഇത്രയും നാൾ മാഞ്ഞുപോയതിനെയും തനിക്ക് ലഭിക്കാത്തതിനെക്കുറിച്ചുമോർത്ത് ദുഃഖിച്ചിരുന്ന ഞാൻ വാടാതിരുന്ന മയിൽപ്പീലി കണ്ടപ്പോഴാണ് എന്റെ വാടിത്തുടങ്ങിയ വിജയങ്ങളെക്കുറിച്ചോർത്തത്. ആ വാടാത്ത മയിൽപ്പീലിയാണ് എന്നെ ഒരു പുഷ്പിക്കുന്ന പനിനീർച്ചെടിയാക്കി മാറ്റിയത്. മനസ്സിലെ മായാത്ത മോഹങ്ങളൊക്കെയും എന്നെങ്കിലുമൊരിക്കൽ പുഷ്പിച്ചുകൊണ്ട് വാടാത്ത മയിൽപ്പീലിയായ് മാറട്ടെ.

അർജുൻ ജേക്കബ്.









# ചന്ദ്രനിൽ പ്രതീക്ഷയുടെ നീരുറവ

Resheeda Beegam

ശാസ്ത്ര സമൂഹം ജലത്തിനായി അന്യഗ്രഹങ്ങളിലേയ്ക്ക് ഗവേഷണം വ്യാപിപ്പിച്ചിട്ട് പതിറ്റാണ്ടുകളായി. ഭൂമിയിൽ നിന്ന് ചന്ദ്രനിലേയ്ക്കും ബഹിരാകാശത്തേയ്ക്കും ചൊവ്വയിലേയ്ക്കുമെല്ലാം പര്യവേഷണ പരിപാടികളുമായി പോകുമ്പോൾ ജലവും കംപ്രസ്ഡ് ഓക്സിജനുമെല്ലാം കൊണ്ടുപോകുകയായിരുന്നു പതിവ്. ഇത് ബഹിരാകാശ വാഹനത്തിന്റെ ഭാരം വർദ്ധിക്കാൻ കാരണമായിത്തീർന്നിരുന്നു. എന്നാൽ പോകുന്ന ഗ്രഹത്തിൽ ജലസാന്നിദ്ധ്യമുണ്ടെങ്കിലോ? ശാസ്ത്രസമൂഹത്തിന് അതിൽപരം സന്തോഷം വേറെയില്ല. അമ്പരപ്പിക്കുന്ന ഒട്ടേറെ അറിവുകളുടെയും പ്രതീക്ഷകളുടെയും വെള്ളപ്പാച്ചിലാകുകയാണ് ചന്ദ്രനിലെ ജലസാന്നിദ്ധ്യം.

നാലുപതിറ്റാണ്ടുനീണ്ടുനിന്ന അന്വേഷണത്തിന്റെ ആദ്യത്തെ ഉത്തരമാണ് ഇന്ത്യയുടെ പ്രഥമചാന്ദ്ര ദൗത്യം ലോകത്തിന് സമ്മാനിക്കുന്നു. 'ചന്ദ്രനിൽ ജലസാന്നിദ്ധ്യമുണ്ട്' 1969- ൽ മനുഷ്യർ ചന്ദ്രനിൽ കാലുകുത്തിയ ശേഷം ശാസ്ത്രജ്ഞർക്കു ലഭിക്കുന്ന ഏറ്റവും സുപ്രധാനമായ അറിവ്.

ചന്ദ്രയാനിൽ അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ പെലോഡുകളിൽ ഒന്നായ "മൂൺ മിനറോളജിമാപ്പർ (എം.3) ആണ് ജലാസന്നിദ്ധ്യത്തെക്കുറിച്ചുള്ള പ്രധാന വിവരം നൽകുന്നത്. ചന്ദ്രയാനിൽ ആകെയുണ്ടായിരുന്ന പതിനൊന്നു പെലോഡുകലിൽ അഞ്ചെണ്ണം ഇന്ത്യയുടെതായിരുന്നു എന്നകാര്യം നമുക്ക് അഭിമാനകരമാമ് ചന്ദ്രോപരിതലത്തെ എല്ലാഭാഗത്തുനിന്നും വീക്ഷിക്കാം എന്നതാണ് ഇത്രയും പെലോഡുകളുണ്ടായിരുന്നതിന്റെ പ്രധാന നേട്ടം. ചന്ദ്രോപരിതലത്തിൽ തട്ടി പ്രതിഫലിക്കുന്ന സൂര്യപ്രകാശത്തിന്റെ നിറഭേദങ്ങളെ വിശദമായി പഠിക്കാൻ എം 3, ഹൈപ്പർ സ്പെക്ട്രൽ ക്യാമറ എന്നീ ഉപകരണങ്ങൾ സഹായകമായി. ഓരോ മൂലകങ്ങളിൽ തട്ടി സൂര്യപ്രകാശം പ്രതിഫലിക്കുമ്പോഴും നിറങ്ങളിൽ ഉണ്ടാകുന്ന വ്യത്യാസം ഓരോ പ്രതിഫലനവും ഹൈഡ്രജനിലാണോ, ഹീലിയത്തിലാണോ, ജലത്തിലാണോ തട്ടിവരുന്നതെന്ന് മനസിലാക്കാൻ ഇതിലൂടെ സാധിച്ചു. ചന്ദ്രന്റെ ഉപരിതലത്തിലുള്ള പാറകളിലും മണ്ണിലുമുള്ള ഓക്സിജനും സൂര്യരശ്മിയിൽ പ്രോട്ടോൺ രൂപത്തിലുള്ള ഹൈഡ്രജനുമായി അണുസംയോജയനം വഴി പ്രതി

വർത്തനം ഉണ്ടായിട്ടാവാം ചന്ദ്രനിൽ ജലമുണ്ടായത് എന്നാണ് ശാസ്ത്രജ്ഞന്മാരുടെ അനുമാനം. എന്നാൽ ഈ ജലം കാണപ്പെടുന്നത് കടലിന്റെയോ, തടാകത്തിന്റെയോ, നദിയുടെയോ രൂപത്തിലല്ല താനും.

മിനിസാർ, മൂൺമിനറൽ മാപ്പർ എന്നിവയ്ക്കു പുറമേ ലൂണാർ ലേസർ റേഞ്ചിങ്ങ് ഇൻസ്ട്രമെന്റും (എൽ എൽ ആർ ഐ) ജലസാന്നിദ്ധ്യഗവേഷണത്തിൽ നിസ്തുലപങ്ക് വഹിച്ചു. സൂര്യപ്രകാശം ചെന്നെത്താത്ത ഗർത്തങ്ങളിൽപോലും ദൃഷ്ടിയെത്തിച്ചും പരിശോധിക്കാൻ ഈ ഉപകരണങ്ങൾക്കു കഴിഞ്ഞു. ചന്ദ്രനിൽ ഓക്സിജനും ഹൈഡ്രജനും പ്രധാനമായും OH, $H_2O$എന്നീ രൂപങ്ങളിലാണ് കാണപ്പെടുന്നത്.

ചന്ദ്രനിൽ ജലസാന്നിദ്ധ്യമുണ്ടാകാമെന്ന സംശയം ശാസ്ത്രജ്ഞന്മാർക്കു പണ്ടേയുണ്ട്. ചന്ദ്രനിലെ ധ്രുവപ്രദേശങ്ങളിൽ ചിലയിടത്ത് താപനില -230$^0$Cവരെ താഴ്ന്ന നിലയിലാണ്. അതുകൊണ്ടുതന്നെ ഇവിടെ മഞ്ഞുകട്ടികൾ ഉണ്ടാകാനുള്ള സാധ്യതയെയും ശാസ്ത്രജ്ഞന്മാർ നേരത്തെ അറിഞ്ഞിരുന്നനു. ചന്ദ്രോപരിതലത്തിൽ ഇടിച്ചിറങ്ങിയിട്ടുള്ള ധൂമകേതുക്കളും അവിടെ വെള്ളമെത്തിച്ചുണ്ട് എന്നുവേണം കരുതാൻ.

1969- ൽ ആദ്യത്തെ ചാന്ദ്രസഞ്ചാരികൾ ഭൂമിയിൽ തിരിച്ചെത്തിയപ്പോൾ സ്മരണയ്ക്കായി കൊണ്ടുവന്ന കല്ലുകളിൽ നിന്നാണ് ചന്ദ്രോപരിതലത്തിൽ ജലസാന്നിദ്ധ്യമുണ്ടെന്ന ആദ്യസൂചന ലഭിക്കുന്നത്. എന്നാൽ ഭൂമിയിലെത്തിയശേഷം ഈ പാറക്കഷണങ്ങളിൽ അന്തരീക്ഷത്തിലെ ജലാംശം പറ്റിപിടിച്ചതാകാമെന്ന വാദം അന്നത്തെ സൂചനയെ നിരുത്സാഹപ്പെടുത്തിയിരുന്നു. അതിനുശേഷം പലപരീക്ഷണങ്ങളും നടത്തിയെങ്കിലും ബഹിരാകാശ ഗവേഷണ ചരിത്രത്തിൽ പുതിയ അധ്യായം തുറക്കാനുള്ള ഭാഗ്യം ലഭിച്ചത് നമ്മുടെ ചന്ദ്രയാനുതന്നെയാണ്.

ജീവൻ നിലനിർത്താൻ ആവശ്യമായ ഘടകമായജലം ചന്ദ്രനിൽ കണ്ടെത്തുമ്പോൾ ശ്വസിക്കാൻ വായുവും ജീവിതസൗകര്യമൊരുക്കുന്നതിനുള്ള ഇന്ധനവും കൂടിയാണ് നമുക്ക് ലഭിക്കുന്നത്. ചന്ദ്രനിലെ ഏതാണ്ട് ഒരു ഘനമീറ്റർ മണ്ണിൽ നിന്നും ഒരു ലിറ്റർ വെള്ളം സ്വാംശീകരിച്ചെടുക്കാമെന്നാണ് ഇപ്പോഴത്തെ കണ്ടെത്തൽ. ഈ ജലസാന്നിദ്ധ്യം ഭാവിയിലെ ഗ്രഹാന്തരയാത്രകർക്ക് ചന്ദ്രൻ ഒരു ഇടത്താവളമായേക്കാം എന്ന ശുഭസൂചന നൽകുന്നു.

ഈ അഭിമാനവേളയിൽ ചന്ദ്രനിൽ ജലമുണ്ടെന്ന് നൂറ്റാണ്ടുകൾക്കു മുൻപേ പറഞ്ഞ ഭാരതീയ ജ്യോതിശാസ്ത്രജ്ഞരെക്കുറിച്ച് നാം ഓർക്കേണ്ടതുണ്ട്. സൗരയൂഥത്തിലെ ജ്യോതിർഗോളങ്ങളിൽ ചന്ദ്രനിലും ശുക്രനിലും വെള്ളമുണ്ടെന്നായിരുന്നു ഭാരതീയ ജ്യോതിഷാചാര്യന്മാർ പറഞ്ഞുവച്ചത. ഗലീലിയോ ദൂരദർശിനിപോലും കണ്ടു പിടിച്ചിട്ടില്ലായിരുന്ന ആ കാലത്ത് അവർ ഗ്രഹങ്ങളെക്കുറിച്ച് പലതും കുറിച്ചുവച്ചു. "ജല നില യൗ ശശിശുക്രൗ....." (ചന്ദ്രനും ശുക്രനും വെള്ളത്തിനിരിപ്പിടമാണ്) എന്നു ഭാരതീയ ജ്യോതി ശാസ്ത്രജ്ഞന്മാർ പറഞ്ഞിട്ടുണ്ട്. "ഹോരാശാസ്ത്ര" മെന്ന ഗ്രന്ഥമെഴുതിയ വരാഹമിഹിരൻ ഉൾപ്പെടെയുള്ളവർ ജലമയനായ ചന്ദ്രനെക്കുറിച്ച് എഴുതിവച്ചവരാണ്.

ഭാരതീയ ജ്യോതി ശാസ്ത്രമേഖലയിലെ നിർണായക കണ്ടുപിടുത്തത്തിന്റെ അമരക്കാരനായ ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ. ജി മാധവൻനായരും സഹപ്രവർത്തകരും നമ്മുടെ രാജ്യത്തിന് എന്നെന്നും അഭിമാനിക്കാവുന്ന സമ്മാനമാണ് നൽകിയിരിക്കുന്നത്. ഈ പേരുകളിൽ പലതിനും മലയാളത്തിന്റെ സുഗന്ധമുണ്ടെന്ന കാര്യവും നാം ഓർക്കുക. ഈ അഭിമാനവേളയിൽ അവരെ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. ഉയരങ്ങളിലേയ്ക്ക് നമ്മെ കൈപിടിച്ചുയർത്തിയതിന്.







# ഭൂമിക്കൊരു ചരമഗീതം


കേരളം, പരശുരാമൻ മഴുവെറിഞ്ഞ് നേടിയ പുണ്യഭൂമി "ദൈവത്തിന്റെ സ്വന്തം നാട്" എന്നും മാലോകർ പുകഴ്ത്തുന്ന നാളികേരത്തിന്റെ നാട്. ഇന്നലകളിൽ നിന്നും ആധുനികതയിലേക്കുള്ള അതിദ്രുത പ്രയാണത്തിൽപ്പെട്ടുഴറുന്ന ചെറുനാട്.

"ദൈവത്തിന്റെ സ്വന്തം നാട്" എന്ന പേര് അന്വർത്ഥമാക്കുന്നത് എല്ലാം കൊണ്ടും സമ്പത്സമൃദ്ധിയായിരുന്നു. നമ്മുടെ കൊച്ചുകേരളം സാംസ്കാരിക വൈവിധ്യത്തിലും ജീവിതരീതിയിലെ ലാളിത്യത്തിലും ജൈവവൈവിധ്യത്തിലും ഏറെ മുന്നിലായിരുന്നു. ഇങ്ങനെ നാനാതരത്തിലുള്ള കേരളത്തനിമയിൽ പുളകിതരായി കവികൾ ഇതിനെ പുകഴ്ത്തി പാടുന്നതിന് ഏറെ ശ്രമിച്ചിട്ടുണ്ടെന്നുള്ളതിന് തെളിവാണ്.

"മലയാള ഭാഷതൻ മാദകഭംഗി നിൻ
മലർമന്ദഹാസമായ് വിരിയുന്നു.
കിളികൊഞ്ചു നാടിന്റെ ശാലീന ഭംഗി നിൻ
പുളിയിലക്കരമുണ്ടിൽ തെളിയുന്നു."

ഇതുതന്നെയായിരുന്നു മലയാളക്കരയ്ക്ക് ദർശനീയമായിരുന്ന തനിമയും ശാലീനതയും എല്ലാം. എന്നാൽ ഇതിൽ നിന്നും വിദേശിയരെ സ്വാതന്ത്രലബ്ധിയോടെ ആട്ടിപ്പായിച്ചെന്നൊക്കെ ഊറ്റംകൊണ്ടിട്ട് ഇത് ഫോറിനാണ്, കസിന്റെ അനിയൻ ഗൾഫിൽ നിന്നും കൊണ്ടുവന്നതാണ് എന്നൊക്കെ പറയുന്നതിലെ ഗമയാണ് ഇന്നത്തെ സൊസൈറ്റി സ്റ്റാന്റസ്. വരും നാളുകളിൽ നമുക്കാ പഴമയിലെ കേരളീയ സൗന്ദര്യം അന്യമായേക്കില്ലേ? സംശയിക്കേണ്ടിയിരിക്കുന്നു.

സാംസ്കാരിക വൈവിധ്യവും കേരളത്തനിമയും മറ്റും ചിന്തകന്മാരുടേയും കവികളുടേയും തൂലികയ്ക്ക് നിറം ചാർത്തിയിട്ടുണ്ട്. പ്രകൃതി മനോഹാരിതയ്ക്കൊപ്പം തനതു കലകളുടെ ഈറ്റില്ലം കൂടിയായിരുന്നു ഇവിടം. കഥകളി, ചാക്യാർക്കൂത്ത്, ഓട്ടൻതുള്ളൽ, മോഹിനിയാട്ടം തുടങ്ങി അനേകം കലകളുടെ സംഗമ സ്ഥാനമാണിത്. ആ സിംഹാസനമാണ് ഡിജിറ്റലിന്റെയും മറ്റ് ആധുനിക ഇലക്ട്രോണികതയുടെ തള്ളിക്കയറ്റത്തിനൊപ്പം നമുക്കിടയിലെത്തിയ സായിപ്പിന്റെ കുത്തെന്ന് പഴമക്കാർ പറയുന്ന ഡിസ്കോയും, റാപ്പും, പോപ്പും കയ്യടക്കിയിരിക്കുന്നത്. പുതുമയാർന്ന ഈ ഉപാധികളോട് അത്രകണ്ട് താത്പര്യമില്ലാത്ത ബഹുഭൂരിപക്ഷവും മറുപക്ഷത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ചരിക്കാൻ നിർബന്ധിതരാവുന്നു എന്നതാണ് സത്യം. മുൻപുപറഞ്ഞ ഈ ബഹുഭൂരിപക്ഷം നാടൻ വിഭവങ്ങളെ തേടുമ്പോൾ ഡിഷ് ചാനലുകളിലൂടെ കൂട്ടുകാരും മറ്റും ചേർന്ന് അവരെ പഴഞ്ചൻ എന്നാക്ഷേപിക്കുന്നതെന്തിന്? ആധുനികതയെ പാടെ ഉപേക്ഷിക്കണമന്നല്ല പറഞ്ഞ് വരുന്നത്. പിന്നെയോ നല്ലവശങ്ങളുള്ള കാര്യങ്ങളെ സ്വീകരിക്കുകയും അല്ലാതുള്ളവയെ നിഷ്കരണം നിരസിക്കുകയും തന്നെ വേണം. നാടോടുമ്പോൾ നടുവെ ഓടണം എന്ന് കേട്ട് നടുവേ തന്നെ ഓടുന്നവർ എങ്ങോട്ടാണീ ഓട്ടമെന്നത് പാതി ദൂരെയെങ്കിലും ചെല്ലുമ്പോൾ മനസ്സിലാക്കണം. ഇല്ലെങ്കിൽ എന്താവും സ്ഥിതി. കേരളകലകളെയും മനോഹാരിതകളെയും ഇക്കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെയെങ്കിലും



Manju Mathew
B2

നാം പരിപാലിച്ചിരുന്നു. വിദേശിയരും തദ്ദേശകലാസ്ഥാപനങ്ങളും ഒരു പരിധി വരെ സർക്കാരും അനുഭാവപൂർവ്വം ഇത്തരം അന്യം തിന്നേക്കാവുന്ന കലകളെ കണകാക്കുന്നു എന്നത് ആശ്വാസകരം തന്നെ. എന്നിരുന്നാലും എന്നോ കേട്ടുമറന്ന പുള്ളുവൻ പാട്ടും മനസ്സിൽ ആന്തോളനങ്ങളുണർത്തുന്ന തിരുവാതിരയും മറ്റും സി.ഡി. റൂമിലെ പഴയ നാടൻ കലകളുടെ ശേഖരണത്തിലേക്ക് ഒതുങ്ങിയേക്കും.

കേരളീയ പ്രകൃതിവിഭവങ്ങളുടെ വൈവിധ്യവും നമ്മുടെ മാറ്റുരയ്ക്കാനാവാത്ത സൗഭാഗ്യങ്ങളിൽ പെടുന്നവയായിരുന്നു. ഭൂമിക്കൊരു പച്ചപരവതാനിയായി നിലകൊണ്ടിരുന്ന നെൽപ്പാടങ്ങൾ ഇന്ന് വിസ്മൃതിയുടെ ഏതോ ഒരു കോണിൽ തങ്ങുന്നുണ്ടായിരിക്കാം. വരും തലമുറയ്ക്ക് ഈ കാര്യങ്ങൾ കൗതുകങ്ങളായേക്കാം. മലനിരകളുടെ നീണ്ടനിര, കളകളാരവം പൊഴിച്ചൊഴുകുന്ന അരുവികൾ കാറ്റിന്റെ താളത്തിനൊത്താടുന്ന മരങ്ങൾ ആകെകൂടി രണ്ട് ശതാബ്ദം മുമ്പുവരെ ഇക്കാര്യങ്ങളിൽ ഏറെ സമ്പന്നരായിരുന്ന നമ്മുടെ നാട് കത്തിയെരിഞ്ഞടങ്ങാറായ ഒരു തീനാളം പോലെ ശേഷിക്കുന്നു. കേരള ജനത ശുഷ്കമായ നമ്മുടെ ചുറ്റുപാടുകളിൽ ഇന്നത്തെ ആവശ്യങ്ങൾക്ക്പ്പോലും പ്രകൃതി വിഭവങ്ങളില്ല എന്ന സത്യമറിയുമ്പോൾ നമ്മുടെ വരും തലമുറകളുടെ സ്ഥിതിയെന്താവും? ആരെ പഴിക്കും? ഏതു നിയമസംഗിതയെ നാം പുച്ഛിച്ചു തള്ളും? അപ്പോഴും കാലം ഇതിനെല്ലാം സാക്ഷിയാകും. മനുഷ്യന്റെ പ്രകൃതിയോടുള്ള അനിയന്ത്രിതവും അശാസ്ത്രീയവുമായ നിലപാട് തുടർന്നാൽ വരും തലമുറ സാമ്പത്തികക്ലേശത്തിന്റെയും പകർച്ചവ്യാധികളുടെയും നിലയില്ലാകയത്തിലായിരിക്കും. നാം ഇതിന് ഹേതുവാകേണമോ? ചിന്തിക്കേണ്ടിയിരിക്കുന്നു. അടുത്തയുഗം ബയോടെക്നോളജിയുടേതെന്ന് ശാസ്ത്രകാരന്മാർ അടിവരയിട്ടു പറയുമ്പോൾ പോലും സ്വന്തം മനസാക്ഷിയോടെങ്കിലും അവർ സമ്മതിക്കുന്ന കാര്യമായിരിക്കും ദൈവസമ്പത്തിന്റെ അനിയന്ത്രിതമായ ഈ നാശം തങ്ങൾ ഒരുക്കുന്ന ടെസ്റ്റ്ട്യൂബ് ബാങ്കുകളിൽ ഒതുങ്ങുന്നതായിരിക്കില്ല എന്നത്.

എന്തുകൊണ്ടാണ് അല്ലെങ്കിൽ എന്തിനാണ് നാമിത്ര കരുണയില്ലാതെയും, വിവേചനമില്ലാതെയും ദീർഘവീക്ഷണമില്ലാതെയും പ്രകൃതിയുടെ സാംസ്കാരികതയുടെയും അതിലൂടെ നമ്മുടെ തന്നെ നാശത്തിനിത്ര ധൃതികൂട്ടുന്നത്.? പിൻതലമുറകളിൽ നിന്നും നമുക്ക് ലഭിച്ചു പോന്നിരുന്ന. അമൂല്യമായ പൈതൃകങ്ങളെ എവിടെയാണ് ഉപേക്ഷിച്ചത്? അവയെ എന്തിനാണ് യാതൊരു ദാക്ഷണ്യവുമില്ലാതെ നിഷ്കരുണം തള്ളിക്കളഞ്ഞത്? ഈ ഭൂമി ഇങ്ങനെ എത്ര നാളേക്കുകൂടി കാണും? ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ഈ തലമുറയോടുള്ള ഒരു ചോദ്യത്തോടെ ഈ ലേഖനം അവസാനിപ്പിക്കുമ്പോൾ ഞാൻ ഒ.എൻ.വി. യുടെ ഏതാനും വരികൾ സ്മരിക്കുന്നു.

ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി
ഇതു നിന്റെ എന്റെയും ചരമ ശുശ്രൂഷ
യ്ക്കായി
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.

..................................................

ഇവിടെ അവശേഷിക്കയില്ലാരുമീ ഞാനും
ഇതു നിനക്കായ് കുറിച്ചിടുന്നു.
ഇനിയും മരിക്കാത്ത ഭൂമി
നിനാസന്ന മൃതിയിൽ നിനക്കാത്മശാന്തി.





NCC





Rev. Dr. John Vallamattam Memorial Lecture
by Prof. T. Padmanabhan



School Children meet an Astrophysicist




Sri. K.M. Roy



HAM Radio



Recognition to a Non - Teaching Staff



Carol Contest



NSS in action





The Patron & Manager light the Lamp for the New Year



Kum. Stiny K. Manuel Receives the Certificate from Shri. Chemanam Chacko for short story writing




Mega Alumni Meet



Road Safety Club



Dept. of English receives the trophy for the best performance in arts



Relief to the poor in Orissa




Zoology Seminar by Dr. Anna Lundhagen (Swedish University of Agricultural Sciences)





# SMILE

Smile 'O' smile make one smile
Make one smile have some style,
Smile with style, just like a child
Smile over smile make the co—smile
A stream of love, from heart to heart
That is a smile, so just smile,
No one knows, what is in a smile
Value is there, if you share
Heals your pain, smile with a smile
Smile is a gift, makes us rich
Reflects our mind, just like a mirror
So just smile, Smile with a style

Joseph Jose

# Laborotary Love Story

Pottassium permagnate ന്റെ നിറമായിരുന്നു അവൾക്ക്. burrette ന്റെ ആകാരവടിവ്. Sulphuric Acid ന്റെ വീര്യമുള്ള അവളുടെ നോട്ടം എന്റെ Alikaline ഹൃദയത്തെ Neutralise ചെയ്തു. nucleus നു ചുറ്റും electrons പോലെ അവൾക്കു ചുറ്റും ആൺമനസുകൾ revolve ചെയ്യുന്നുണ്ടായിരുന്നു.അത്രയ്ക്ക് attrative force ആയിരുന്നു അവൾക്ക്. പക്ഷേ അവളൊരു inertgas പോലെ react ചെയ്തു . എത്ര repeat ചെയ്തിട്ടും concordant value കിട്ടാത്ത observation table ആയി എന്റെ മനസ് എന്താണു പ്രശ്നം സ്നേഹത്തിന്റെ pipeffe ലെഅളവ് കുറഞ്ഞ പോയോ? അവളുടെ ഹൃദയമെന്ന burrette ചോരുന്നുണ്ടോ? ഒടുവിൽ സെമസ്റ്ററിന്റെ endpoint - ൽ അവൾക്കൊരു colour change reddish yellow മുഖത്ത് പ്രണയത്തിന്റ golden yellow മിന്നലാട്ടം. ഒടുവിൽ concrodant value കിട്ടി. പക്ഷേ accuracy യും precision ഉം കുറഞ്ഞതു കൊണ്ട് parents ന്റെ sign കിട്ടിയില്ല. sign കിട്ടുന്ന experiment repeat ചെയ്യാൻവേണ്ടി വീണ്ടുമൊരു lab നായി ഞാൻ കാത്തിരുന്നു.

മൊബിനാ ബേബി

Human life is purely a matter of deciding what's important to you
- *Anonymous*

# എന്റെ ജീവിതമാണ്

# എന്റെ സന്ദേശം

നാം ജീവിക്കുന്ന ഈ ചുറ്റുപാടിൽ എല്ലാവിധ സനാതനമൂല്യവും ധർമ്മനീതികൾക്ക് ച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കലഘട്ടത്തിൽ അവയെപ്പറ്റി ഒന്നു ചിന്തിക്കുക എന്നത് അനിവാര്യമായ ഒരു ഘടകമാണെന്നു ഞാൻ കരുതുന്നു. മനുഷ്യബുദ്ധിയുടെ വളർച്ചയ്ക്കും വികാസനത്തിനും വേണ്ടി സ്വീകരിക്കേണ്ട പലമാർഗ്ഗങ്ങളെപ്പറ്റിയും വിദ്വാൻമാർ പരാമർശിച്ചുണ്ടെങ്കിലും മനുഷ്യരുടെ സത്വികാരവിചാരങ്ങളുടെ വളർച്ചയ്ക്കാവശ്യമായ പലകാര്യങ്ങളും മനഃപൂർവ്വമല്ലെങ്കിൽക്കൂടിയും അവഗണിക്കാനാണ് നാം താത്പര്യപ്പെടുക. സുഖദുഃഖം മാത്രമായിട്ടോ ഒരുവന്റെ ജീവിതത്തിൽ ഉണ്ടാവുക അസാധാരണമാണ് ദുഃഖശമനത്തിന് ഈശ്വരസേവ മാത്രമേ മാർഗ്ഗമായുള്ളൂ. അതുകൊണ്ട് ദൈവത്തിൽ അചഞ്ചലമായ, അകൈതവമായ വിശ്വാസം പ്രകടിപ്പിക്കുക. നമുക്കൊരിക്കലും ഒരുകം സംഭവിക്കുകയില്ല.

ഏതാനും ചില നല്ലമൂല്യങ്ങളെപ്പറ്റി നമുക്കൊന്നു വിചിന്തനം നടത്താം.

കർമ്മമാണ് പ്രധാനം

"കർമ്മണ്യേവാ ധികാരസ്തേ
മാ ഫലേഷു കദാചന"

എന്ന് ഭഗവദ്ഗീതയിൽ പറയുന്നത് ഉത്കൃഷ്ടമായ കർമ്മത്തെ ഉദ്ദേശിച്ചാണ്. "അല്ലയോ അർജ്ജുനാ, നിനക്കു കർമ്മം ചെയ്യുവാൻ മാത്രമേ അധികാരമുള്ളൂ. ഫലത്തെപ്പറ്റി നീ ഒരിക്കലും ചിന്തിക്കരുതു. ആഗ്രഹിക്കരുത് എന്നാണ് ഭഗവാൻ പറയുന്നത്. നിഷ്കാമമായ കർമ്മാചരണം എന്നുപറയുവാൻ എളുപ്പമാണ്. എന്നാൽ അതു കർമ്മപഥത്തിൽ കൊണ്ടുവരാൻ എല്ലാവർക്കും സാധ്യമല്ല. മാനുഷികമായ അദ്ധ്വാനമാണ് ഏതൊരു രാഷ്ട്രത്തിന്റെയും അഭിവൃദ്ധിക്കടിസ്ഥാനം. നിരന്തരവും നിസ്തന്ദ്രവും ആത്മാർത്ഥവുമായ പ്രവർത്തനങ്ങളില്ലെങ്കിൽ രാജ്യപുരോഗതി നടപ്പാവില്ല. ലക്ഷ്യബോധത്തോടെയും കർത്തവ്യനിഷ്ഠയോടുംകൂടിയ മനുഷ്യ പ്രയത്നമാണ് ഇന്നു ലോകരാജ്യങ്ങളിൽ ചിലതിനെ ഏറ്റവും സമ്പന്നവും ശക്തമാക്കിത്തീർക്കുന്നത്. ജീവിതത്തിൽ സ്വാർത്ഥം വെടിഞ്ഞ് പ്രവൃത്തികൾ ചെയ്യുക അപ്പോഴാണ് നാം ബഹുമാനസമാധുരായിത്തീരുന്നത്.

ദൈവമാണ് സർവ്വവും

"ദൈവമേവ ബലം മന്യേ
പൗരുഷം ഹി നിരർത്ഥകം"

ദൈവം തന്നെയാണ് നമുക്ക് ശക്തി നൽകുന്നത്. പൗരുഷം കൊണ്ടു യാതൊരു പ്രയോജനവുമില്ല. മഹാഭാരതകർത്താവായ മഹർഷി വേദവ്യാസൻ ചൂണ്ടിക്കാണിച്ച ഒരു വസ്തുതയാണിത് ഈ മഹാപരമാർത്ഥത്തെ മാനിക്കാത്ത മനുഷ്യന് ജീവിതത്തിൽ പരാജയമാണ് സംഭവിച്ചിട്ടുള്ളത്. ശ്രീകൃഷ്ണന്റെ പ്രീതിക്കും അനുഗ്രഹത്തിനും പാത്രമായതുംകൊണ്ടാണ് പതിനെട്ടു ദിവസം നീണ്ടുനിന്ന കൗരവ പാണ്ഡവയുദ്ധത്തിൽ പാണ്ഡവർ വിജയിച്ചത്. "ഇതെല്ലാം അവിടുത്തെ അനുഗ്രഹവും സഹായവും കൊണ്ടാണ് ഞങ്ങൾക്കു ലഭിച്ചത് മേലിലും അങ്ങയുടെ കൃപ ഞങ്ങളിൽ ഉണ്ടാവണം" ഇതായിരുന്നു പാണ്ഡവരുടെ പ്രാർത്ഥന

ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം ഒന്നുകൊണ്ടുമാത്രമാണ് പഴയനിയമത്തിലെ ഇസ്രായേൽ ജനത്തിന് ഈജിപ്തുകാരുടെ അടിമത്തത്തിൽ നിന്നും മോചിതരായി ചെങ്കടൽ കടക്കുവാൻ സാധിക്കുമായിരുന്നത്. വി.ബൈബിളിലെ തിരുവചനങ്ങളിൽ നിന്നും നമുക്കു മനസിലാക്കുവാൻ സാധിക്കുന്നത്. ദൈവത്തിലുള്ള വിശ്വാസമാണ് എല്ലാ ഐശ്വര്യങ്ങൾക്കും നിദാനമെന്ന്.

പരമകാരുണികനായ അള്ളാഹുവിന്റെ നാമത്തിൽ പ്രവാചകനായ മുഹമ്മദ് നബി പറയുന്നതിപ്രകാരമാണ്. "ആയിരം തവണ നിസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠം നെടുവീർപ്പെടുന്ന ഒരുവന്റെ കണ്ണീരൊപ്പുക". എന്നതാണ് ദൈവവിശ്വാസമാണ് എല്ലാ നല്ലമൂല്യങ്ങളുടെയും ആധാരശിലയെന്നു നാം അടിയുറച്ചു വിശ്വസിക്കണം.

അമ്മയാണ് അഖിലവും

"മാതൃദേവോഭവ:
പിതൃദേവോഭവ
ആചാര്യദേവോഭവ:"

പ്രാചീനഭാരതത്തിൽ മാതാവിന് പ്രഥമമായ സ്ഥാനമാണ് കൽപിച്ചിട്ടുള്ളത്. അമ്മ ഈശ്വരിയാണ്,ദേവിയാണ്, ജഗദംബികയാണ്. സൃഷ്ടിസ്ഥിതികാരിണിയാണ്. ഈശ്വരനെപ്പോലെ വിചാരിച്ച് ആരാധിക്കപ്പെടേണ്ടവളാണ് അമ്മ. "അമ്മയുടെ കാൽചുവട്ടിലാണ് സ്വർഗ്ഗം". എന്നു പരി. ഖുറാനിൽ പറയുന്നു. മനുഷ്യന്റെ മുഖ്യമായ ധർമ്മം മാതൃപൂജയാണ്. അന്യധർമ്മങ്ങളെല്ലാം അതിനു താഴെ വരികയുള്ളൂ. അത്രമഹത്തരമാണ് ജീവിതത്തിൽ അമ്മയ്ക്കുള്ള പ്രാധാന്യം.

സ്നേഹം, കാരുണ്യം, സഹനശക്തി, ത്യാഗം,ശുശ്രൂഷ മുതലായ മഹത്തായ മാനുഷിക ധർമ്മങ്ങളും ഗുണങ്ങളും തികഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയാണ് അമ്മ. സർവ്വ ഐശ്വര്യങ്ങളുടെയും കാരണവും അമ്മതന്നെയാണ്.

അമ്മ സ്ത്രീയാണ്. സ്ത്രീയെകൂടാതെ ജീവിതത്തിന് അർത്ഥമില്ല, നിലനിൽപ്പില്ല. ദേവൻമാർക്കുപോലും ഇതു ബാധകമാണ്. പരമശിവൻ ശക്തിസ്വരൂപിണിയായ പാർവ്വതിയോടു ചേർന്നെങ്കിൽ മാത്രമേ പ്രപഞ്ചസൃഷ്ടിക്ക് സമർത്ഥനായിത്തീരുമായിരുന്നുള്ളൂ. അങ്ങനെയല്ലെങ്കിൽ അദ്ദേഹം ചലിക്കുവാൻ പോലും സാധ്യമല്ലാത്തവനായിത്തീർന്നേനെയെന്ന് ശങ്കരാചാര്യർ പറയുന്നു. പൗരാണിക ഭാരതം എന്നും വിഭാവനം ചെയ്തിരുന്നത് സ്ത്രീപുരുഷ സമത്വമാണ്.

സമചിത്തത

മഹാകവി കാളിദാസൻ ശ്രദ്ധേയമായ ഒരു ലോകതത്ത്വം അവതരിപ്പിക്കുകയുണ്ടായി ഒരിക്കൽ. അതായത്, ലോകത്തിൽ അധഃപതനവും അഭിവൃദ്ധിയും മാറിമാറി വന്നുകൊണ്ടിരിക്കും. ഒന്നു നശിക്കുമ്പോൾ മറ്റൊന്ന് ഉദയം ചെയ്യും. ഒരാൾക്ക് ആപത്തുണ്ടാകുമ്പോൾ മറ്റൊരാൾക്ക് ഐശ്വര്യമുണ്ടാകും. നശിച്ചവ ഉയിർത്തെഴുന്നേൽക്കുന്നു. അഭിവൃദ്ധി പ്രാപിച്ച കാലക്രമത്തിൽ നശിക്കുന്നു. ഒന്നിനും സ്ഥിരമായ ഒരേരീതിയിലുള്ള നിലനിൽപ്പില്ല. പ്രപഞ്ചത്തിന്റെ പ്രവർത്തകരായ സൂര്യചന്ദ്രൻമാർ പോലും, ഈ ഉദയാസ്തമയങ്ങൾക്ക് വിധേയരാണ്. ചന്ദ്രൻ അസ്തമിക്കുമ്പോൾ സൂര്യൻ ഉദിക്കുന്നു.

ലോകാസമസ്താ സുഖിനോഭവന്തു

"സമസ്തലോകരും സുഖികളായിത്തീരട്ടെ" പ്രാചീന ഭാരതീയന്റെ അനുഗ്രഹവും ആശിസ്സുമാണ്. ഇപ്പറഞ്ഞ ആർഷവാക്യം. അവനവന്റെ സുഖത്തിനും സംതൃപ്തിക്കും വേണ്ടിയാണ് സാധാരണ മനുഷ്യന് തന്റെ ജീവിത കാലമത്രയും പ്രവർത്തിക്കുക എന്നാൽ ആർഷ സംസ്കാരത്തിന്റെ ആദർശം അതായിരുന്നില്ല. ലോകത്തിലുള്ള എല്ലാ മനുഷ്യർക്കും സുഖമുണ്ടാവട്ടെ എന്നായിരുന്നു നമ്മുടെ പൂർവ്വികരുടെ പ്രാർത്ഥന.

അന്യനെ ദ്രോഹിക്കാതിരുന്നാൽപോരാ. അന്യന്റെ ദുഃഖം നമ്മുടെ ദുഃഖമായിത്തീരണം. അവരുടെ വേദന നമ്മുടെ വേദനയായി പരിണമിക്കണം. ഇണചേർന്നിരുന്ന ക്രൗഞ്ചപക്ഷികളിൽ ഒന്നിനെ അമ്പെയ്തു വീഴ്ത്തിയപ്പോൾ വ്രണിതഹൃദയയായിത്തീർന്ന ഇണയുടെ മനോവേദന വാല്മീകി മഹർഷിയുടെ ഹൃദയത്തെ മഥിച്ചു. തുല്യദുഃഖിതനായിത്തീർന്ന അദ്ദേഹം കാട്ടാളന്റെ നേർക്കിപ്രകാരം ശാപവചസ്സുകൾ ഉരുവിട്ടു.

"മാനിഷാദ പ്രതിഷ്ഠാത്വ-
മഗമഃ ശാശ്വതീ സമാ
യത് ക്രൗഞ്ചമിഥുനാദേകം
അവധീ: കാമമോഹിതം"

"അല്ലയോ നിഷ്ഠൂരനായ കാട്ടാളാ. നിനക്ക് ഒരിക്കലും ഗതികിട്ടാതെ പോകട്ടെ. എന്തെന്നാൽ. ഈ കാമമോ

> If you would live your life with ease, do what you ought, not what you please.
>
> \- *Anonymous*

ഹിതങ്ങളായ ക്രൗഞ്ചപക്ഷികളിൽ ഒന്നിനെ നീ നിർദ്ദയം എയ്തുവീഴ്ത്തിയില്ലേ?

സ്നേഹത്തിൽ അധിഷ്ഠമായ ചിന്ത കൊണ്ടേ ഒരുവനു ധർമ്മ തത്പരനാകുവാൻ സാധിക്കുകയുള്ളൂ. സ്നേഹവികാരത്തിൽ നിന്നും മാത്രമേ ത്യാഗവും ഉടലെടുക്കൂ. അതുകൊണ്ടാണ് ക്രിസ്തുദേവൻ ഇപ്രകാരം പറഞ്ഞത്.


"ശത്രുക്കളെ സ്നേഹിക്കുവിൻ
നിങ്ങളെ ദ്വേഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ
ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ
അധിക്ഷേപിക്കുന്നവർക്കുവേണ്ടി
പ്രാർത്ഥിക്കുവിൻ".

സൂര്യനസ്തമിക്കുമ്പോൾ ചന്ദ്രോദയവും ഉണ്ടാകുന്നു. അധഃപതനവും അഭിവൃദ്ധിയും ഈ തത്ത്വമോരോ ആൾക്കുപോലും സംഭവിക്കുമെന്നിരിക്കെ നാം ദുഃഖിച്ചിട്ടോ സന്തോഷിച്ചിട്ടോ കാര്യമില്ല. വ്യവസ്ഥകളിൽ മനസ്സിന്റെ സമചിത്തത പാലിക്കുകയാണ് ആവശ്യം. മഹാൻമാരായ മനുഷ്യർ എല്ലാവർക്കും വളരെയധികം നന്മചെയ്തുകൊണ്ടാണ് തങ്ങളുടെ ജന്മം സഫലവും ധന്യവുമാക്കി തീർത്തത്. മനുഷ്യരാശിക്കുവേണ്ടി ജീവാർപ്പണം ചെയ്ത ക്രിസ്തുദേവനും, മുഹമ്മദ് നബിയും, ശ്രീകൃഷ്ണനുമെല്ലാം പുണ്യാത്മാക്കളാണ്. അത്രത്തോളം ഉയർന്ന് പുണ്യജന്മങ്ങളായില്ലെങ്കിലും അവർ കാട്ടിത്തന്ന മഹനീയ മാതൃക പിന്തുടരുവാനുള്ള ചെറിയ ശ്രമമെങ്കിലും നമ്മുടെ ഭാഗത്തു നിന്നുണ്ടാകണം. ദാനധർമ്മാദികൾ അനുഷ്ഠിക്കേണ്ടത് മനുഷ്യസമൂഹത്തിന്റെ സുഖത്തെയും സംതൃപ്തിയെയും ക്ഷേമത്തെയും ഉദ്ദേശിച്ചുകൊണ്ടാവണം.

വളരുന്ന തലമുറയ്ക്ക് സദാചാരനിഷ്ഠയോടെ മുന്നേറുവാനും ഉത്കൃഷ്ടമായ ജീവിതം നയിക്കുവാനും എന്റെ ഈ സുഭാഷിതങ്ങൾ സഹായമായെങ്കിൽ ഞാൻ കൃതാർത്ഥയായി.

ഷിബിലി മാത്യു.





## MEANING OF SOUL......

What is the meaning of soul?
Is it a bean of light
Or a group of foam;
Is it a reflection of our mind
Or some scattered pieces of snow;
Is it looks like a fog
And can spread like fumes
In the vast area of universe.....
Still I wonder about it!
Is it only a mean for
Attaining eternity? Or
For the life after death....
Whatever it means
I don't care about it
I only knows that
We want to keep it
Pure and beautiful
With its own innocence
And purity of heart.............

Merlin Mary Xavier
C3









# കൗമാരം

Arun Thomas
Z 2

കൗമാരം ചർച്ചാവിഷയമാവുകയാണ്. പഠനവിഷയമാകുന്നുമില്ല. എണ്ണൂറിൽ പരം കുമാരികുമാരന്മാർ കഴിഞ്ഞ ഒരു വർഷം കേരളത്തിൽ ആത്മഹത്യചെയ്തു എന്ന സ്ഥിതിവിവരക്കണക്ക് അമ്പരപ്പിക്കുന്നതാണ്, കൗമാരപ്രായക്കാരുടെ ആരോഗ്യപരമായ വളർച്ചയ്ക്ക് ഉത്തരവാദിത്വമേൽക്കേണ്ടത് ആരാണ് എന്ന ചോദ്യം പ്രസക്തമാകുന്നു.

തങ്ങളെക്കുറിച്ച് ഏറെ ചിന്തിക്കുന്ന, ഒരു കാലഘട്ടമാണ് കൗമാരം. മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. (Apperance) മറ്റുള്ളവർ തങ്ങളെ എങ്ങനെ കാണുന്നു. (Image) ഭാവിയെപ്പറ്റിയുള്ള ആകുലത, വിമർശനങ്ങളെക്കുറിച്ചുള്ള ഭയം ഇവയെല്ലാം കൗമാരത്തെ ഗ്രസിക്കുന്ന വ്യഥകളാണ്. പത്താംക്ലാസ്സുവരെ മാതാപിതാക്കളുടെയും അധ്യാപകരുടെയും ഓമനകളായിരുന്നവർ അവരിൽ നിന്നും അകലമിടുകയും വഴിമാറി നടക്കുകയും ചെയ്യുന്നത് മേൽപ്പറഞ്ഞ വ്യഗ്രതകളും വ്യഥകളും ആരംഭിക്കുമ്പോഴാണ്.


വളരെ പെട്ടെന്ന് 'ഡിപ്രസ്ഡ്' ആകുന്നു എന്നതാണ് കൗമാരത്തിന്റെ പ്രത്യേകത. ഉള്ളിൽ ഒരു കടലിരമ്പുമ്പോൾ പോലും, എല്ലാ ചോദ്യങ്ങൾക്കും 'ഒന്നുമില്ല' എന്ന സാധാരണ മറുപടി മാത്രം. ആ സാധാരണ മറുപടിയിൽ മാതാപിതാക്കൾ തൃപ്തിയടയുമ്പോഴാണ് അമ്പലപ്പുഴയിലെ വിദ്യാർത്ഥിനികളുടേതിനു സമാനമായ പ്രശ്നങ്ങൾ രൂപം കൊള്ളുന്നത്. 'ഉൾക്കാഴ്ചകൾ' രൂപം കൊള്ളുന്നത് കൗമാരത്തിലാണ്. ഡോക്ടറായോ വക്കിലായോ, അധ്യാപകനായോ കർഷകനായോ പിന്നീട് ആരംഭിക്കുന്ന ജിവിതത്തിന്റെ മൂല്യാടിത്തറ രൂപം കൊള്ളുന്നത് കൗമാരത്തിലാണ്.

കുട്ടികളെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോഴെക്കും അവരുടെയുള്ളിൽ രൂപപ്പെടുന്ന അപകർഷത. അമിതമായി നൽകുന്ന ഉപദേശം, വിമർശനമായി കാണുന്ന മാനസികാവസ്ഥ, തുടങ്ങി അവരെ ഒറ്റപ്പെടുത്തുന്ന ഒരുപാട് ഘടകങ്ങളുണ്ട് ഇത്തരം സാഹചര്യങ്ങളിൽ ചപലമായ പ്രണയങ്ങളിലേക്ക് ഒരു കുട്ടി വഴുതിപ്പോയാൽ ആർക്കു തെറ്റുപറയാനാകും. ഉലഞ്ഞുപോകുന്ന മനസ്സിനെ വീഴ്ത്തിക്കളയാൻ കേവലം ഒരു 'SMS' മതിയാകും എന്ന് തിരിച്ചറിയണം നാം.

കുട്ടികൾ എത്ര പണം ചിലവഴിക്കുന്നു എന്നതും ഏതു പുസ്തകങ്ങൾ വായിക്കുന്നു എന്നതും ഫോൺ ഉപയോഗിക്കുന്നതിലെ രഹസ്യാത്മതകളും നിരീക്ഷണത്തിനു വിധേയമാക്കേണ്ടതാണ്. അനിയന്ത്രിതമായി പെരുകുന്ന ഒരു അശ്ലീല സംസ്കാരം കൗമാരമനസ്സുകളിൽ ക്യാൻസർ പോലെ പെരുകി വരുന്നുണ്ട്. മൊബൈൽ ഫോണിലെ വീഡിയോ ക്ലിപ്പിംഗുകളായും ഇന്റർനെറ്റിലെ അശ്ലീല സൈറ്റുകളായും ചോറ്റുപാത്രങ്ങളിലും പുസ്തകത്തിന്റെ താളുകൾക്കിടയിലും കൈമാറ്റം ചെയ്യപ്പെടുന്ന സി.ഡി. കളിലും അനിയന്ത്രിത കാമത്തിന്റെ പച്ചയായ വൈകൃതങ്ങളാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. വികാരവും വിവേകവും തമ്മിൽ തിരിച്ചറിയാത്ത കൗമാരത്തിൽ ഇതിലെ നെല്ലും പതിരും വേർതിരിക്കാൻ ഈ കുഞ്ഞുങ്ങൾക്കറിയില്ല. യാതൊരു കുറ്റബോധവുമില്ലാത്ത, മനഃശ്ചാഞ്ചല്യമില്ലാത്ത സമ്മതം! പുറത്തുപോയി ഭക്ഷണം കഴിക്കാറുണ്ട് എന്നു പറയുന്ന അതേ ലാഘവത്വം.

ലോകം ഗ്ലോബൽ വില്ലേജായി മാറുന്നു. ജോലി സാധ്യതകൾ പെരുകുന്നു. കോഴ്സുകൾ പെരുകുന്നു. പക്ഷേ, മൂല്യബോധം നഷ്ടപ്പെട്ട ഒരു തലമുറ വളർന്നു വരികയാണോ? ലൈംഗിക ധാർമ്മികത നഷ്ടപ്പെടുന്ന ഒരു കമ്പോളശൈലി നമ്മുടെ കുഞ്ഞുങ്ങളെ കീഴ്പ്പെടുത്തുകയാണോ?

ചോദ്യങ്ങൾ ഇങ്ങിനെ പെരുകി വരികയാണ്. അതിലേറ്റം അവസാനത്തേത് പഴയകാലത്തെ ആ പതിവുചോദ്യം തന്നെയാണ് 'പൂച്ചയ്ക്കാരാണ് മണികെട്ടുക?'



Dhanyamol D.
C5

# Examination is a cricket test

| | |
|---|---|
| Exam Hall - | Stadium |
| Invigilator - | Match Referee |
| Examiner - | Umpire |
| Examinee - | Batsman |
| Paper Set - | Bowler |
| Pen - | Bat |
| Questions - | Balls |
| Answer Sheet - | Pitch |
| Question Paper - | Over |
| Tough Question - | excellent bowling |
| Caught in peeping - | run out |
| Nice answers - | effective bowling |
| Caught in cheating - | catch out |
| Quick solving the questioner - | sixer |
| Caught with chits in the pocket - | LBW |
| Empty answer copy - | clean bowled |
| Position in Merit list - | double century (not out) |
| Distinction - | century |
| Supplementary - | follow on |
| Fail in exam - | lost the match |
| Passed in examination - | win the match |

In the practice of tolerance, one's *enemy* is the best teacher.
*- Dalai Lama*





# 10 WORDS THAT MAKE OUR LIFE MEANINGFUL

1. The most selfish One Letter Word = "I" – .................................. Avoid it
2. The most satisfying Two Letter Words = "We" – ............................ Use it
3. The most poisonous Three Letter Word- "Ego" – .......................... Kill it
4. The mot used For Letter Word = "Love" – ................................ Value it
5. The most pleasing Five Letter Word = "Smile"- .......................... Keep it
6. The most Fastest spreading Six Letter Word= "Rumour"- ........... Ignore it
7. The most Hardest working Seven Letter Word = "Success" – .. Achieve it
8. The most enviable Eight Letter Word = "jealousy" – ................ Distance it
9. The most powerful Nine – Letter Word = "Knowledge"- .......... Acquire it
10. The most essential Ten Letter Word = "Confidence" – ................ Trust it

Aparna.P.V
C2

Happiness is not a station you arrive at, but a manner of travelling.
*- Margaret B. Runbeck*

# FRIENDSHIP............

Tears crowded in my eyes, when
I heard you voice at the other end of the phone
B'...........I'm in most need of you
Now I realize that friendship will not end
With wishes & friendship bands
It has no limit.
It is a relationship where one mind feels
That my friend need me.
In our first day at college we were
Mere stranges
But at sometime in out
We become close
As time passes our bond strengthens
We share all our feelings and possessions.
We even have two families- one mine and other your's
We makes our own philosophy of life and
Give wings to our dreams in our free hours
We really rocks our college life
We bid farewell to our class and enter into our own
Professional world
As all our clan maters feels, we also wish to be
In our old class room
It took a lot of time for all of us to adjust with out new riche/.
Even though I got new friends
Still I would not found a match like you.
Friendship's beauty increases with passage of time.
You were there for me whenever I need you
And I will also be there for you
My dear friend.....................



Merlin Mary Xavier
C3







# സാന്ത്വനം



Pavitha S.P.
E2


സാവിത്രിയമ്മ ഗേറ്റു കടന്നു പോയ്ക്കഴിഞ്ഞപ്പോൾ സുമിത്ര വേഗം മുറിയിൽ കയറി വാതിലടച്ചു. ബാഗിനുള്ളിൽ വച്ചിരുന്ന ബ്ലയ്ഡ് പുറത്തെടുത്തു. കൈത്തണ്ട നന്നായി വലിച്ചു മുറുക്കിപ്പിടിച്ചു. ബ്ലയ്ഡ് കൊണ്ട് പതുക്കെ ആ ഞരമ്പുകളിലേക്ക് വച്ചു നോക്കിയപ്പോൽ രക്തം പതുക്കെ പതുക്കെ പൊടിയുന്നു. അതിനാൽ ഒരു പ്രാവശ്യം വെയ്ൻ കട്ടു ചെയ്താൽ മതി. വേദനയ്ക്ക് അൽപ്പം ആശ്വാസം കിട്ടും. മേശപ്പുറത്തിരുന്ന ഫോട്ടോയിലേക്ക് നോക്കി അവൾ. സ്വപ്നങ്ങളും പ്രതീക്ഷകളുമാണ് ആ ഒരു ഫോട്ടോയിലൂടെ തകർന്നുപോയത്. തന്റെ ജന്മത്തെക്കുറിച്ചോർത്ത് അവൾ സ്വയം ശപിച്ചു. എന്തിന് ജീവിക്കുന്നു? ആർക്കുവേണ്ടി ജീവിക്കുന്നു? എന്ന ചോദ്യത്തിന് അവൾക്ക് ഉത്തരം കണ്ടെത്താനായില്ല. പിന്നെ മേശപ്പുറത്തിരുന്ന ഡയറി എടുത്ത് ഓരോ പേജുകളും പതുക്കെ മറിച്ചു. ഡിസംബർ 26-ാം തീയതി ജന്മദിവസം തന്നെയാണ്. മരിക്കാൻ നല്ലത്. ജനനവും മരണവും ഒരേ തീയതിയിൽ. ഇനി വയ്യാ ജീവിക്കാൻ. വിതുമ്പുന്ന മനസ്സോടെ ഫോട്ടോയിലേക്ക് നോക്കി. പിന്നെ ബോൾ പെൻ തുറന്ന് മരണക്കുറിപ്പ് എഴുതുവാൻ തുടങ്ങി. ഓരോ വരികളെഴുതുമ്പോഴും കണ്ണുനീർ തുള്ളിക്കൊണ്ട് മഷി ആകെ പരന്നു. ഇറ്റിറ്റു വീഴുന്ന ആ ഓരോ കണ്ണുനീർ തുള്ളികളിലും തന്റെ ജീവിതമാണ് നഷ്ടപ്പെടുന്നതെന്ന് ഓർത്ത് വേദനയോടെ ആ ജീവിതത്തെക്കുറിച്ചോർത്തു.

സുമിത്രാ എന്നുറക്കെ വിളിച്ചുകൊണ്ട് ദാമോദരൻ നായർ ഉമ്മറത്ത് പല്ലുറുമ്മി നിൽക്കുന്നു. ചെടിക്ക് വെള്ളം ഒഴിച്ചു കൊണ്ടിരുന്ന സുമിത്ര അച്ഛന്റെ വിളി കേട്ട് പേടിച്ചരണ്ട് അടുത്തേക്ക് ചെന്നു നീ ഇന്ന് എപ്പളാടി വീട്ടിൽ എത്തിയത്. ആ ചോദ്യം കേട്ട് അവൾ നടുങ്ങിപ്പോയി. നിന്നോടാടീ ചോദിച്ചത്. നിക്കെന്താടി ചെവി കേൾക്കില്ലേ? അതോ ഞാൻ ചോദിച്ചത് എന്താന്ന് നിനക്ക് മനസ്സിലായില്ലേ? എടീ സാവിത്രീ കുറച്ച് ഉപ്പുകല്ല് എടുത്ത് കൊണ്ടുവന്നേ ഇന്നിവള് ഞാൻ ചോദിച്ചതിന് ഉത്തരം പറയോ ഇല്ലയോ എന്നറിയട്ടേ. സാവിത്രിയമ്മ ഉപ്പുഭരണി അച്ഛന്റെ അടുത്തേക്ക് നീട്ടി. ഉപ്പ് ഇന്നാ അച്ഛൻ ദേഷ്യത്തോടെ നിനക്കെന്താടി ഇത്ര ധിറുതി. എവിടെയെങ്കിലും പോകാനുണ്ടോ? അതോ ആരെങ്കിലും വരാംന്ന് പറഞ്ഞോ? ഈ ആ ഉപ്പ് മുഴുവൻ താഴെ നിരത്തിയിട് സുമിത്രാ ഞാൻ ചോദിച്ചതിന് ഉത്തരം പറയാതെ നിനക്കിന്ന് പച്ചവെള്ളം പോലും തരില്ല. ഉപ്പിന്റെ മുകളിൽ മുട്ടു കുത്തി കൈനന്നായി വിരിച്ച്പിടിച്ച് നിന്നോ. എന്നിട്ട് സാവധാനേ ഉത്തരം പറഞ്ഞാൽ മതി. നിന്നയൊക്കെ ഞാൻ അഴിച്ചുവിട്ടേക്കുകയല്ല. തോന്നുമ്പം വരാനും പോകാനും. നീ ആരുടെ കൂടെ കറങ്ങാൻ പോയതാടി ഇത്രയും നേരം. എന്തെങ്കിലും ഒപ്പിച്ച് വച്ചിട്ട് വന്ന് കരഞ്ഞാൽ മതിയല്ലോ നിനക്കൊക്കെ.

മുട്ടിലേക്ക് നോക്കിയപ്പോൾ ഉപ്പ് ഒട്ടിപ്പിടിച്ച് കുഴിയായി അങ്ങിങ്ങായി ചോര പൊടിയുന്നു. വിങ്ങിപൊട്ടി നിൽക്കുന്ന ആ കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ധാരയായി ഒഴുകി. ഒരു നിമിഷം അവൾ ഓർത്തു. ഞാൻ എന്തായിരുന്നു വൈകിയത്. ഓ! ഹോസ്പിറ്റലിൽ നിന്നും ഇറങ്ങിയപ്പോൾ താമസിച്ചു പോയി. വാച്ച് തെറ്റായത് കൊണ്ട് സമ




P.D.C. (D Batch) 1964 - 66 reunion




1st Batch of students 1964-66



Congratulations to Ancy John the Rank holder in B.A. History







C.S.M Volunteers on a peace mission







The Manager hands over Rt.Rev.Dr. George Punnakkottil award for the best N.C.C. cadet

◄ National Science Day Lecture on Science & Society



# NICK NAMES

Divya P.M.
C5

1. Bengal Tiger – Saurav Ganguly India
2. Billy The Rid – Craig Mc Dermott Austiaila
3. Candles – Ray Bright Austraila
4. Cheeka – Krish Srikkanth India
5. Dungog Dasher – Dony Walters Austiaila
7. Electric Heels – Learic Constantine South Africa
8. Frog In A Belnder – Paul Adams South Africa
9. Gus The Goose – Gray Gilmour Austiaila
10. Haryana Hurricane – Kapil Dev India
11. Herby From Herbaccous – Allen Border Austiaila
12. Iron Gloves Rodney – Marsh Austiaila
13. lammy – Rahul Dravid India
14. Jockey – Krian More India
15. Kaddubhai – Karsan Ghaveri India
16. Runckels – Johb Emburey Austiaila
17. Lord Edward – Ted Dexter England
18. Mad Max – Arviand De Silva Sri Lanka
19. Maharaj – Sourav Ganguly India
20. Martizhurg Mamba – Jonty Rhods South Africa
21. Middle Sex Twins – Deins Compton And Bill Edrich South Africa
'22. Mr. Majistic – Majid Khan Pakistan
23. Muscles – Venkatapathy Raju India
24. Nawab Of Headingley – M.A.K Pataudi India
25. Ollie – Colin Milburn New Zealand


> The question should be, is it worth trying to do, not can it be done.
> *- Allard Lowenstein*

26. Paddles – Richard Haddle New Zealand
27. Panther – Chandu Borde India
28. Potato – Inzam U-Aaque Pakistan
29. Prince Of Cacutta – Asuravu Ganguly India
30. Rhumbarb – S. Verkataraghavan India
31. Roo – Bruce Vardley Austiaila
32. Scages – Mike Brearley England
33. Sherry – Navojotisingh Sidhu India
34. Swampy – Geoff Marsh Austiaila
35. Tangels – Max Waler Austiaila
36. Tendiya – Sachin Tendulkar India
37. Terrible Twins – Denis Compton And Bill Edrich South Africa
38. The Bond Bombshell – Rodney Hogg Austiaila
39. The Boy For Bowral – Sir Dorala Bradman Austiaila
40. The Champion – W.G. Grace England
41. The Little Master – Sunil Gavaskar India
42. The Man With Goldern Arm – Dany Walters Austiaila
43. The Master – Jack Hobbs South Africa
44. Tiger – M.A,.K Patuadi India
45. Tiny On Chotu – Ramakant Desari India
46. Vishy – Gundappa Visvanath India
47. Wanderer – Vijay Marjerakar India
48. Whispering Death – Micheal Holding West Indies
49. Zap – Graham Gooch – England
50. Zulu – Lance Klusner – South Africa

> The price is what you pay; the value is what you receive.
>
> \- *Anonymous*







# पर्यावरण – मनुष्य का रक्षाकवच

Remya T.R.
C5

कल तक प्रखी ही एक एसा ग्राह यो जहँ जीवन के लिए अनुकूल परिस्थितियँ थी। लेकिन, आज अन्य ग्राहों पर भी जीवन के लिए उचित वातावरण दिखाई पडते है। हजारों लाखें वर्षो तक मनुष्य इस धस्ती की गांद में सुख से रहता रहा क्योंकि यहाँ का जला, वायु और मिट्ठी शुद्ध और निमल तनी रही। लेकिन इस आज इस धरती पर जीना मुरिकल हो गया हैं। पिधली कई राताब्दियों में विज्ञान कि प्रगति एवं उदयेंगों के विस्तार के साथ जीव – जन्तुओं को जीवित रखंनवाला यह पर्यातरण तेजी से दुषित होता चला जा रहा हैं जिससे उन्केलिए भारी संकट पैदा हो गया हैं।

आज दुनिया कि बडी समस्याओं में एक प्रदषण ही है। बदती आठादी के साथ और उद्योग– धंधों के कारण शंती, धर, कारसाने, संडके रेलों आदि की भूमि के लिए नडे पैमाने पर जंगल कोट गये। इससे तायुमंडल में ओषजन की माता बहूत घट गयी और कार्वन डाय आवसाइड की मात्रा तद गयी। इसके अलावा कल–कारसानों से निकलनेवाले विषैली धुओं से भी वायुमंडल प्रदुषित होता है। मेटर गाडियों और द्रंक्टतरों में जलनेवाले पंट्रौल तथा डीजंल से भी तिषैली गैसें तायुमंडंल में भरती हैं।

कल काररखानें से निकलनेवाले विषैली धुओं के कारण कई लोगों के मोत भी हो चुका हैं। जैसी कि उदिसंबर १९८४ को भोपाल में सिध्त यूनीयन कत्राहि के कारसानों में हो गयी था। इस रात वहां की एक विशाल टंकी में से एक तिषैली गोस रिसकर ताहर आने लाग और दवा में फलने लगा। हजारों लोगें ने इस वागानिनारा में मौत के मुह में रहा गये।

सभी लोगों को पता है, पानी के बिना जि नहीं सकति। लेकिन, फिर भी हम पानी को प्रदुषण से बजाता नहीं । कारसानों का कडा – कचरा नीलियों में तहा दिया जाता है, जहाँ से बद्कर नदियों में पहूँच जाता है और जल को दूषित कर देता हैं।

इसके अलावा मिट्ठी प्रदुषण, से हमारी धरती पंडित है। विरव भर कि सरकारों प्रदूषण के खते से अनगत होने लगि हैं। और पर्यावरण को शुद्ध रखने केलिए महत्वपूर्ण कदम उठाने लर्ग हैं। उदयोगपतियों पर दवान डाला जा रहा है कि वे कारखानों की तस्तियों से दूर बनाँए औद्र धुत तथा कचरे को हता में और जल में फैलने से रोकने केलिए आवरयक उपाय करे।

पर्यावरण हमारा रक्षा कवच है । उसके प्रदुषण से पनुष्यराशि का सर्वनाश होगा । अतः पर्यावरण को स्वच्छ ओर भूरवित रखना हमारा परम कर्तय है । जनना के सहयोग से सरकारों प्रदुषण की इस समस्या से निपट सकती हैं । पर्यावरण को सुरक्षित रखने के लिए सभी लोगों को अवगत करने केलिए ही पर साल जुन ट को पर्यावरण दित मानाय जा रहा हैं ।

## വി. അൽഫോൻസ : - ഈശോയുടെ സ്നേഹ സൂനം

വി. അൽഫോൻസ : - ഈശോയുടെ സ്നേഹ സൂനം

ഭാരത മണ്ണിനു പുണ്യമായ് മാറിയ
ഭാസുര ദീപമേ അൽഫോൻസാമ്മേ
അഞ്ജലി ബദ്ധയായ് ആത്മഹർഷത്തോടെ
അമ്മേ നിൻ ചാരെ ഞാൻ നിന്നിടട്ടെ
നിന്റെ വീരോചിത വിശ്വാസ ജീവിതം
നിന്റെ അഗാധമാം ദൈവസ്നേഹം
നിന്റെ ഉദാത്തമാം സോദര സ്നേഹവും
നാഥനു നിത്യം മഹത്ത്വമേകി
ഒരു ചെറു പുഞ്ചിരി കൊണ്ടു നീ നേടിയ-
തൊരു സ്നേഹസാമ്രാജ്യ ചക്രവാളം
ഒരു ചെറുതിരിവെട്ടം നൽകിനീ നേടിയതോ
പുണ്യനാഥന്റെ ഗേഹമാം സ്നേഹതീർത്ഥം
നാഥന്റെ ഹൃദയത്തിലെരിയുന്ന സ്നേഹഗതി
ത്തിരിയാകാൻ മോഹിച്ചു പ്രാർത്ഥിക്കവേ
സഹനത്തിനെരിതീയിലുരുകിത്തെളിയുന്ന
കനകമായ് മാറ്റി നിൻ സ്നേഹനാഥൻ
ചക്കിൽ ഞെരിഞ്ഞമർന്നേറ്റം മധുരമാം
വീഞ്ഞാകും മുന്തിരിയായിടേണം
റോസാച്ചുവട്ടിൽ വളമായ് അഴിയുന്ന
വട്ടയും വെട്ടിയും പോലെയാകാം.
സൽഫലമേകുവാൻ മണ്ണിലഴിയുന്ന
ധാന്യമണി പോലെ ശൂന്യരാകാൻ
നിന്നാത്മ ചൈതന്യ ധന്യമി ദർശനം
ഏകി നീ നിത്യം നയിക്ക എന്നും
മക്കളാം ഞങ്ങളെ മോദാൽ



Sr: Teesa F C C
K1





# ACCIDENTAL DISCOVERIES IN SCIENCE

Ambily K.K.
Joseph Jose
C5

Chance of a discovery or serendipity has played a major role in the development of science. This refers to the numerous precedents in the history of science where the scientist, a researcher or sometimes, even a common man stumbles on to discovery by chance, which he was not actually pursuing. The existence of several products used commonly in daily life, such as telephone, vulcanized rubber, penicillin etc. is due to some chance discovery.

You may, however say that Alexdaner Felming was just 'lucky' to have accidentally discovered penicillin and thus triggered off an era of antibiotics, but we should not forget the famous quote by Louis Pasteur. " Chance favors the prepared mind". No doubt, Fleming was lucky to have found penicillin, but there is an equal chance that may others may also have found something. But it was only Fleming who could interpret the significance of his observation.

So it is not quite right to say that there was no contribution of such scientists in the accidental discoveries. The truth that lies in what Joseph Henry, and American physicist, one said: "The seeds of great discoveries are constantly floating around us, but they only take root in minds well prepared to receive them."

Telephone

The first telephone came about in 1875, as a result on an accident. Alexander Graham Bell, with the help of his assistant Watson. Built a kind of electromechanical ear in the quest of creating a 'Speaking telegraph'. Watson has been trying to transmit telegraph signal, and when one of the metal reeds got stuck, he plucked it n an effort to break it free. Bell came rushing into the room to find out what Watson was doing. Because he had heard a string signal from the receiving reed in the other room, strong enough that he knew he could use this sample device to transmit speech.

Vulcanized rubber

American inventor Charles Goodyear tried for five years to find a way to make rubber useful that would not melt in presence of heat or become brittle and stiff in cold. He applied various treatments to the substance, but none worked. One winter night in 1839, Goodyear accidentally dropped a piece of rubber sprinkled with sulphur onto a red hot-stove, he found it was still flexible and strong. He then hung the disk on his doorpost overnight in the winter cold. The next morning the disk still had its rubber- like qualities.

Goodyear had accidentally invented vulcanization- the process of heating rubber treated with sulphur to give the rubber elasticity, hardness and strength.

Vaccination

Edward jenner, and English, Physician, accidentally came aross the concept for designing the Small pox vaccine that ultimately saved many millions of people from death and eradicated this fatal disease from the face of the earth in 1979. Jenner observed that milk maids who had already suffered from cow pox never had small pox. So the idea struck him that he could inoculate patients with cowpox to protect them fro deadly small pox.

# Quiz
## Subject - Commerce.



ജോസ്മി ജോസഫ്
K I

1 വസ്തുക്കളുടെ വില്പന, കൈമാറ്റം എന്നിവയെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദമേത്?

2 ഏറ്റവും പ്രാചീനമായ വ്യാപാര സംഘടനയേത്?

3 കുറച്ച് വ്യക്തികൾ ചേർന്ന് രൂപീകരിച്ച പൊതുവായ മുദ്രയുള്ളതും ശാശ്വതമായ പിൻതുടർച്ചാവകാശമുള്ളതുമായ സംഘടനയെ എന്തുപറയുന്നു?

4 കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്നതിനായി ഇറക്കുന്ന ലഘുരേഖയ്ക്ക് പറയുന്ന പേരെന്ത്?

5 നിയമപരമായി നിയന്ത്രണമുള്ള 'Brand Mrk' - നെ എന്തുപറയുന്നു?

6 തപാലിലൂടെ ഓർഡർ സ്വീകരിക്കുകയും ഉല്പന്നങ്ങൾ എത്തിക്കുകയും ചെയ്യുന്ന വ്യാപാര രീതിയ്ക്ക് എന്തുപറയുന്നു?

7 'Business' എന്നതിന്റെ സാഹിത്യാർത്ഥമെന്ത്?

8 'Life Insurance Business' ദേശസാർകൃതമാക്കിയതെന്ന്?

9 മന്ത്രിസഭയുടെ ഏതെങ്കിലും പ്രത്യേക വകുപ്പിൻകീഴിൽ സമ്പൂർണ്ണമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനത്തെ എന്തു പറയുന്നു?

10 എന്താണ് I.C.I.C.I യുടെ പൂർണ്ണരൂപം ? ഇത് സ്ഥാപിച്ചതെന്ന്?

11 അന്താരാഷ്ട്ര വാണിജ്യത്തിലെ ഏറ്റവും പ്രധാന രേഖയെന്ത്?

12 മാനേജുമെന്റ് ഒരു സോഫ്റ്റ് സയൻസ് ആണെന്ന് പറഞ്ഞതാര്?

13 മാനേജുമെന്റ് ബിഹേവിയറൽ സയൻസ് ആണെന്ന് പറഞ്ഞതാര്?

14 'Principles of Management' എന്ന പുസ്തകത്തിന്റെ രചയിതാവ്?

15 ഭരണപ്രവർത്തനങ്ങൾക്ക് പോഡ്സ്ക്കോർബ് (PODSCORB) എന്ന സൂത്രവാക്യം നൽകിയതാര്?

16 'General and Industrial Management' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

17 മെറിറ്റ് റേറ്റിംഗ് ന്റെ മറ്റൊരുപേര്?

18 ധനകാര്യ സ്ഥാപനങ്ങൾക്ക് പറയുന്ന മറ്റൊരു പേരെന്ത്?

19 ലോകത്തിനുള്ള എന്റെ സമ്മാനം കോൺഫ്ളേക്സ് ആണ്. ഏത് കമ്പനിയുടെ വാക്കുകളാണിത്?





C.S.M. activists in Prayer group



Inauguration of Annual Sports meet



Principal meets the Winning team in Weight lifting




Astronomy Seminar



Tug of War



NSS Volunteers in action



Adventure Sports




Women's Forum inanuguration by Rev. Sr. (Prof.) Vigili



Tug of War



Group Counselling by Rev. Sr. Melvy SD



Sportspersons on tour



PTA Meeting



20 ലോകത്തെ ഏറ്റവും വിലപിടിപ്പുള്ള രണ്ട് ബ്രാൻഡുകളിൽ ഒന്നായി സാമ്പത്തിക ലോകം കൊക്ക ക്കോളയെ കണക്കാക്കുന്നു. മറ്റേതേത്?

21 കമ്പോള മുതലാളിത്തത്തെ അടിസ്ഥാനമാക്കിയുള്ള ലോകത്തെ ഏറ്റവും വലിയ ബാങ്കേത്?

22 അനുവദിക്കപ്പെട്ടിട്ടില്ലാത്ത ഷെയറുകൾ വിൽക്കുന്നതിന് എന്തു പറയുന്നു?

23 ഷെയർ സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യുന്നതിന്റെ ഒപ്പ് ഒഴികെയുള്ള ബാക്കി ഭാഗം ശൂന്യമാക്കി യിടുന്നു. ഇതിനെ എന്തു പറയുന്നു?

24 ഇന്ത്യയിലെ ആദ്യ ധനനിക്ഷേപ പദ്ധതി (Mututal Fund) ഏത്?

25 വാണിജ്യത്തിന്റെ ഔദ്യോഗിക സമയത്തിന് മുമ്പോ പിമ്പോ നടത്തുന്ന വ്യാപാരത്തെ എന്തുപറയുന്നു?

26 ഏതാണ് ഇന്ത്യയിലെ ആദ്യ ഓഹരി വിപണനകേന്ദ്രം(Stock Exchange)

27 ഒരു തൊഴിലാളിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനം ഏത് പേരിലറിയപ്പെടുന്നു?

28 The Principles of Scientific Management ആരുടെ പ്രശസ്ത കൃതിയാണ്?

29 ഏതുതരം പരിശീലനമാണ് ജോലിക്ക് പുറമെ നൽകുന്നത്?

30 കമ്പനികളുടെ Equity share - നെ എന്തുപറയുന്നു?

31 Drawee-യുടെ സ്വീകരണം ആവശ്യമില്ലാതിരിക്കുന്ന ബിൽ ഏത്?

32 ചരക്ക് കപ്പലുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഇൻഷ്വറൻസിന്റെ പേരെന്ത്?

33 മെറ്റാ-മാർക്കറ്റിംഗ് എന്ന പ്രയോഗം ആദ്യമുപയോഗിച്ചതാര്?

34 "ഉയർന്നതരം ജീവിതം പ്രദാനം ചെയ്യുകയാണ് വിപണനം" . ഇങ്ങനെ പറഞ്ഞതാര്?

35 മാക്സി മാർക്കറ്റിംഗ് എന്ന സംജ്ഞ കൊണ്ടുവന്നതാര്?

(1- വാണിജ്യം(കോമേഴ്സ്), 2) Sole Proprictorship, 3) Joint Stock Company, 4) Prospectus 5) Trade mark, 6) Mail Order Houses, 7) തിരക്കുള്ളതായിരിക്കും 8)1956, 9) Departmental Undertaking, 10) Industrial Credit and Investment Corporation of India- 1948 July 1st. 11)ലാൻഡിംഗ് ബിൽ 12) ഏണസ്റ്റ് ഡെയിൽ. 13) ചെസ്റ്റർ ബെർണാർഡ്, 14) ഒളിവർ ഷെൽഡൺ, 15) ലൂഥർ ഗള്ളിക്ക്, 16) ഹെന്റി ഫയോൾ, 17)പെർഫോമൻസ് അപ്രൈസൽ, 18) ഡെവലപ്പ്മെന്റ് ബാങ്കേഴ്സ്., 19)കെല്ലോഗ്, 20) മാൾബോറോ, 21)മിസ്ത്ബുഷി ബാങ്ക്, 22) ഗ്രേ മാർക്കറ്റ്, 23)ബ്ലാങ്ക് ട്രാൻഫർ, 24)യൂ.റ്റി.ഐ. 1964, 25) കെർബ് ട്രേഡിംഗ്, 26) Mumbai Stock Exchange 27) Motion Study, 28) F.W. Taylor, 29) വെസ്റ്റിബ്യൂൾ 30) Risk Capital, 31) സൈറ്റ് ബിൽ, 32) ദി കാർഗോ ഇൻഷ്വറൻസ്, 33) യൂജീൻ ജെ. കെല്ലി. 34) പോൾ മസൂർ 35) റാപ്പ് ആന്റ് കോളിൻസ്.




1. വിദ്യാഭ്യാസത്തിലും താപനിലയിലും പൊതുവായുള്ളത് എന്താണ്?
   ഡിഗ്രി
2. മലയാളത്തിലെ ആദ്യ അക്ഷരം?
   മ (മ-ല-യാ-ളം)
3. പൂവൻകോഴിയേക്കാൾ പിടക്കോഴിക്കാണ് ആരോഗ്യം കുറവ് കാരണം.
   പിടക്കോഴിക്ക് ഇടക്കിടെ പനി വരുന്നതിനാൽ
4. എന്തിനാണ് ഡോക്ടർമാർ ഓപ്പറേഷൻ സമയത്ത് മാസ്ക് ഉപയോഗിക്കുന്നത്?
   ഓപ്പറേഷനിൽ എന്തെങ്കിലും പിഴവു വന്നാൽ ആളെ തിരിച്ചറിയാതിരിക്കാൻ
5. വെയിൽ കൊള്ളാനായി ബീച്ചിൽ പോകാൻ ഏറ്റവും പറ്റിയ ദിവസം
   ഞായറാഴ്ച കാരണം അത് Sun-day ആണല്ലോ.
6. സൂര്യോദയവും സൂര്യാസ്തമയവും തമ്മിലുള്ള വ്യത്യാസം?
   ഒരു രാത്രിയുടെ വിത്യാസം
7. പോസ്റ്റുമാൻ തനിയെ എഴുത്തുകൾ കൊണ്ടു നടക്കുന്നത് എന്തുകൊണ്ട്?
   എഴുത്തിന് തനിയെ ഒരിടത്തും പോകാൻ കഴിയാത്തതുകൊണ്ട്.
8. കിട്ടുന്നതുവരെ പരിശ്രമം. കിട്ടിക്കഴിഞ്ഞാൽ വിശ്രമം എന്താണത്.
   സർക്കാർ ജോലി.
9. പിടക്കോഴി കൂവുന്ന നൂറ്റാണ്ടു വന്നാൽ എന്ത് സംഭവിക്കും?
   പൂവൻകോഴി മുട്ടയിട്ട് തുടങ്ങും
10. വെള്ളം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ജീവനക്കാർ?
    ഫയർഫോഴ്സുകാർ
11. ലോകത്തിൽ എല്ലാവരും അഭ്യസിക്കാൻ ഇഷ്ടപ്പെടുന്നത്.
    വിദ്യാഭ്യാസം
12. രാത്രിയിൽ വാതിലും ജനലും അടച്ച് ഉറങ്ങുന്ന നിങ്ങൾ വാതിലിൽ ഒരു മുട്ടുകേട്ട് ഉണരുന്നു. എങ്കിൽ നിങ്ങൾ ആദ്യം തുറക്കുന്നത് വാതിലാണോ? ജനലാണോ?
    രണ്ടുമല്ല. കണ്ണായിരിക്കും ആദ്യം തുറക്കുന്നത്.
13. മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങ വീണാൽ എന്താണ് സംഭവിക്കുക.
    നായയുടെ കുടുംബം അനാഥമാകും.
14. ഇടിമിന്നലും വൈദ്യുതിയും തമ്മിലുള്ള വിത്യാസം?
    വൈദ്യുതിയ്ക്ക് ബില്ലടയ്ക്കണം. ഇടിമിന്നലിന് ബില്ലടയ്ക്കണ്ട.
15. മടിയിൽ സഞ്ചരിക്കുന്ന ജീവിയേത്?
    കങ്കാരുവിന്റെകുഞ്ഞ്
16. വെള്ളത്തിൽ മീൻ പിടിക്കുന്നതെന്തുകൊണ്ട്?
    കരയിൽ മീൻ ഇല്ലാത്തതുകൊണ്ട്
17. സച്ചിൻ ടെൻഡുൽക്കർ സെഞ്ചുറി അടിക്കുന്നത് എന്തുകൊണ്ട്?
    ബാറ്റുകൊണ്ട്.
18. ചപ്പാത്തി മറിച്ചിടുന്നത് എന്തുകൊണ്ട്?
    ചട്ടകം കൊണ്ട്.

Anju Vijayan.
C I

> People may doubt what you say, but they will believe what you do.
> - *Lewis* Cass





## പാദസരം ഇട്ടകാലുകൾ



ഡോണിയ കെ. കട്ടക്കയം

K3

മുമ്പേ നടന്നിടും സഹപാഠിതൻ കാലടിപാടുകൾ
നോക്കി പിൻപേ നടന്നിടും നേരം
മോഹങ്ങൾ ഓരോന്നായി എൻ മനസ്സിൽ പടിവാതിൽക്കൽ
പൊട്ടിമുളക്കുകയായി, ഒന്ന് ഒന്നായി.......................
മുൻപേ നടന്നിടും സഹപാഠിതൻ
കാലിൽ കിടന്നിടും പൊൻ പാദസ്വരങ്ങൾ
എൻ മനസ്സിന്റെ മോഹങ്ങൾ ഉണർത്തിടും നേരം
എല്ലാം മറന്ന് ഒരു നിമിഷം ഞാൻ
പൊട്ടിക്കരയാൻ വെമ്പുന്ന മനസുമായി നിന്നിടുമ്പോൾ
ആർത്തുല്ലസിച്ചു പോകും എൻ സുഹൃത്തിന്റെ
കാലിൽ കിടക്കും കൊലുസുകൾ സൂര്യകിരണങ്ങളേറ്റ് തിളങ്ങിടുന്നു
മോഹമാം പക്ഷിയെ കെട്ടിയിടാൻ നോക്കി ഞാൻ
മെല്ലെ മനസിനെ ആശ്വസിപ്പിച്ചു ഞാൻ
ചങ്ങാതിതൻ പിന്നിലെത്തി
ഒന്നും രണ്ടും വാക്കുകൾ ചെല്ലി ഞാൻ
പൊൻ പാദസ്വരത്തിന്റെ ഭംഗി നോക്കി.
മെല്ലെതിരക്കി ഞാൻ എന്തുവിലയാകും
ഈ പാദസ്വരങ്ങൾക്ക്?
വല്ലാത്തൊരു വിലചെല്ലി അവൾ മന്ദസ്മിതത്തോടെ
ആവിലയെൻ മനസ്സിൻ ചെപ്പിലൊളിപ്പിച്ചു
മെല്ലെ നടന്നു ഞാൻ വീട്ടിലേക്ക്
ആശകൾ ഒക്കെ അടക്കി ഞാൻ
ആഴ്ചകൾ അങ്ങ് കടന്നു പോയി.................................



# ഷോപ്പിങ് മൊബൈൽ ഫോൺ വഴിയും



ഹിൽഡാ ജോസ്
K1

പണവും ക്രെഡിറ്റി കാർഡുകളും മറന്നാലും മൊബൈൽ ഫോൺ എടുക്കാൻ മറന്നില്ലെങ്കിൽ സാധനങ്ങൾ വാങ്ങാൻ കടം പറയേണ്ടി വരില്ല. സാധനങ്ങൾ വാങ്ങി ബിൽ കൗണ്ടറിൽ 10 അക്ക മൊബൈൽ നമ്പർ പറയുക. നിമിഷങ്ങൾക്കുള്ളിൽ മൊബൈലിൽ പണം കൊടുക്കേണ്ടുന്ന സ്ഥാപനത്തിന്റെ പേരും തുകയും സന്ദേശ മായെത്തും. നമുക്കു മാത്രമറിയാവുന്ന പിൻ നമ്പർ മൊബൈല്ലിൽ ഡയൽ ചെയ്താൽ ഉടൻ നമ്മുടെ ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡിൽ നിന്ന് കടയുടമയ്ക്കു പണം നൽകുന്നു.

പേമേറ്റ്, എം ചെക്ക്, എം പേ തുടങ്ങിയ കമ്പനികൾ ആണ് മൊബൈൽ ഫോൺ ഉപയോഗിച്ച് രസ്റ്ററന്റുകൾ, സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ ബങ്കുകൾ, മൾട്ടി പ്ലക്സ് സിനിമാ തിയറ്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഇടപാടു നടത്തുന്നതിനുള്ള സേവനം നൽകുന്നത്. വീസ, മാസ്റ്റർ കാർഡ് തുടങ്ങിയ ക്രെഡിറ്റ് കാർഡ് കമ്പനികൾ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോർപ്പേഷൻ ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നിങ്ങനെ വിവിധ ധനകാര്യ സ്ഥാപന ങ്ങളെ പ്ലേ മേറ്റ് അല്ലെങ്കിൽ എം ചെക്ക് തുടങ്ങിയ മൊബൈൽ പേമെന്റ് സംവിധാനത്തിലൂടെ വിവിധ കച്ച വടസ്ഥാപനങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നു.


പേയ്മെന്റ് സംവിധാനം രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നഷ്ടപ്പെട്ടാൽ ഉടൻ സാകാർഡ് ഡീ ആക്ടിവേറ്റ് ചെയ്യണം. ഇതോടെ പേയ്മെൻറ് രജിസ്ട്രേഷൻ റദ്ദാകും. ഈ സേവനം വീണ്ടും ലഭ്യ മാകണമെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യണം. ഈ സേവനത്തിനുള്ള രജിസ്ട്രേഷൻ സൗജന്യമാണെങ്കിലും പേ മേറ്റ് ഒരു ഇടപാടിന് രണ്ടുരൂപ ഫീസ് ഈടാക്കും. എം ചെക്ക് വഴിയുള്ള ഇടപാടുകൾ സൗജന്യമാണ്. മൊബൈൽ കമ്പനികൾ തങ്ങളുടെ സാധാരണ എസ്.എം,എസ്. നിരക്കുകൾ എടുക്കും.


ഹ്രസ്വ സന്ദേശം വഴിയുള്ള ഇടപാടുകളുടെ സുരക്ഷിതത്വം ഒരു പ്രശ്നമാണ്. ഇന്റർനെറ്റ് വഴി നട ത്തുന്ന ബാങ്ക് ഇടപാടുകൾ എൻക്രിപ്റ്റ് ചെയ്ത് സുരക്ഷിതമാക്കിയിട്ടുണ്ട്. എന്നാൽ എസ്.എം,എസ്. ഇട പാടുകൾ ഇത്തരത്തിലുയിട്ടില്ല. കമ്പനികൾ ഇതിനുള്ള ശ്രമത്തിലാണ്. എന്നാൽ പിൻ നമ്പർ അയച്ച സന്ദേശം, മൊബൈലിലൂടെ അയച്ച മറ്റു സന്ദേശങ്ങളുടെ ഫയലിൽ രേഖപ്പെടുത്തുന്നില്ല എന്ന മെച്ചവുമു ണ്ട്.

ഇൻഷുറൻസ് കമ്പനികൾ, ട്രാവൽ കമ്പനികൾ തുടങ്ങി കൂടുതൽ സ്ഥാപനങ്ങൽ ഈ ശൃംഖലയിൽ ചേർന്നുകൊണ്ടിരിക്കുന്നു. റയിൽ ടിക്കറ്റുകളും ഫ്ളൈറ്റ് ടിക്കറ്റുകളും ബുക്കു ചെയ്യുക, ഇൻഷുറൻസ് പ്രീമിയം അടയ്ക്കുക തുടങ്ങിയ ഇടപാടുകൾക്കു മാത്രമല്ല ദേശത്തുനിന്നും വിദേശത്തു നിന്നും മറ്റു വ്യക്തികൾക്കു പണം അയയ്ക്കാനും ഈ സേവനം പ്രയേജനപ്പെടുത്താം.









# നാനോടെക്നോളജി

നീനു ജോർജ്ജ്
C2

എന്താണ് നാനോടെക്നോളജി? ലളിതമായി പറഞ്ഞാൽ ദ്രവ്യത്തെ അവയുടെ പരമാണുതലത്തിൽ (atomic seal)കൈകാര്യം ചെയ്യാൻ സഹായിക്കുന്ന സാങ്കേതിക വിദ്യയാണ്. കമ്പ്യൂട്ടർ സയൻസിനൊപ്പം ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാ സ്ത്രം തുടങ്ങിയ വ്യത്യ്സത് ശാസ്ത്രശാഖകളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഒരു നാനോമീറ്റർ ($10^{-9}$ meter) എന്നാൽ മീറ്ററിന്റെ 100 കോടിയിലൊരംശമാണ്.

ദ്രവ്യത്തെ പരമാണുതലത്തിൽ കൈകാര്യം ചെയ്യുന്നതിന്റെ പ്രത്യേകത എന്താണ്? പ്രകൃതിയിലെ സകല വസ്തുക്കളും രൂപപ്പെടുന്നത് തൻമാത്രകൾ (Mol- ecule) കൂടിചേർന്നതാണെന്നും ഇത്തരം ഓരോ തന്മാത്രയും വ്യത്യസ്ത ആറ്റങ്ങൾ കൂടിച്ചേർന്നാണ് ഉണ്ടാകുന്നതെന്നും നമ്മുക്കറിയാം. എന്നാൽ ഇപ്രകാരം ആറ്റങ്ങൾ സംയോജിപ്പിച്ച് പുതിയ ഉൽപന്നങ്ങൾ ഉണ്ടാകുന്ന പ്രക്രിയ വളരെ സങ്കീർണ്ണമായും കാര്യക്ഷമത കുറഞ്ഞ രൂപത്തിലുമാണ് നടന്നുകൊണ്ടിരിക്കുന്നത്. ആറ്റങ്ങളെ ഒന്നൊന്നായി പെറുക്കിയെടുത്ത് കൈകാര്യം ചെയ്യാനുള്ള ശേഷി നാം ആർജ്ജിച്ചിരുന്നി ല്ലെന്ന് സാരം. ദ്രവ്യത്തെ വളരെയധികം ചെറുതാക്കുമ്പോൾ അത് ഭൗതി-രാസ- ജൈവ-വൈദ്യുത കാന്തികമാറ്റങ്ങൾക്ക് വിധേയമാകാം. അതുകൊണ്ടുതന്നെ സ്വർണ്ണം, വെള്ളി, പ്ലാറ്റിനം തുടങ്ങിയ വിലപിടിപ്പുള്ള പദാർത്ഥങ്ങളെ ഇന്നത്തെ വിലയുടെ നൂറിലൊന്നായി ചെലവു ചുരുക്കി നിർമ്മിക്കാൻ 'നാനോടെക്നോളജി' സംവിധാനങ്ങൾക്ക് കഴിയും. ഇങ്ങനെ ആറ്റങ്ങളെയും അവ ചേർന്നുണ്ടാകുന്ന തന്മാ ത്രകളുടെയും രാസഗുണങ്ങൾ (അവ സംയോജിക്കുന്ന വിധം, വ്യത്യസ്ത ചാർജ്ജു കൾ പരസ്പരം ആകർഷിക്കുന്ന രീതി തുടങ്ങിയവ) കൃത്യമായി മനസ്സിലാക്കി അവയെ സംയോജിപ്പിച്ചു കൊണ്ട് അസാമാന്യ ഗുണങ്ങളുള്ള ഉൽപ്പന്നങ്ങൾ നിർമ്മി ക്കുകയാണ് നാനോടെക്നോളജിയിലെ പ്രധാന വെല്ലുവിളി.

പുതിയ പദാർത്ഥങ്ങളും ഉപകരണങ്ങളും സൃഷ്ടിക്കാനുതകുന്ന രൂപത്തിൽ ആറ്റങ്ങളെ പുനഃക്രമീകരിക്കാൻ അവസരം നൽകുന്ന നാനോടെക്നോളജി സാധ്യ തകളുടെ അതിരുകളില്ലാത്ത മാനങ്ങളാണ് തുറന്നുകാട്ടുന്നത്. കരിയും (coal ) വജ്രവും (diamond) കാർബൺ ആറ്റങ്ങൾ വ്യത്യസ്ത രൂപത്തിൽ കൂട്ടിചേർന്നാണ് ഉണ്ടാകു ന്നത് എന്ന വസ്തുത ഓർമ്മിക്കുക. ചെലവു കുറഞ്ഞ ഒരു ഇന്ധന സ്രോതസ്സായും വിലകൂടിയ ആഡംബര വസ്തുവായും പ്രയോജനപ്പെടുത്തുന്ന ഈ രണ്ട് പദാർത്ഥ ങ്ങൾ ഒരേ മൂലകത്തിന്റെ വകഭേദങ്ങളാണല്ലോ. ഇവയെ ആറ്റോമിക തലത്തിൽ പുനഃക്രമീകരിക്കാൻ കഴിയുന്ന സങ്കേതങ്ങൾ ലഭ്യമാവുന്ന ഒരുവസ്ഥ മാത്രം ആലോ

> Nothing really works unless you would rather be doing something else.
> - *Sir James Barrie*

ചിച്ചാൽ ഈ സാധ്യതകൾ നമ്മുക്ക് ബോദ്ധ്യമാകും. നാം കഴിക്കുന്ന ഭക്ഷണവും ധരിക്കുന്ന വസ്ത്രവും നാം നിർമ്മിക്കുന്ന ഉത്പന്നങ്ങളും കെട്ടിടങ്ങളും വാഹനങ്ങളുമെല്ലാം ഇപ്രകാരം നാനോടെക്നോളജിയുടെ സ്വാധീനത്തിലാകുന്നകാലം അതി വിദൂരമല്ലെന്നാണ് വിദഗ്ദ്ധർ അനുമാനിക്കുന്നത്.

**കാർബൺ നാനോട്യൂബുകൾ**

ഉരുക്കിനേക്കാൾ ആറിരട്ടി ശക്തിയുള്ളതും അതേസമയം ആറിലൊരംശം മാത്രം ഭാരമുള്ളതുമായ 'കാർബൺ നാനോട്യൂബുകൾ' ഇന്ന് നാനോടെക്നോളജിയുടെ പ്രായോഗിക മേഖലകളിലെ ചൂടുള്ള വിഭവമായി മാറിയിട്ടുണ്ട്. ഒരേ സമയം ലോഹങ്ങൾ പോലെ ചാലകമായും സിലിക്കൺപോലെ അർദ്ധചാലകമായും വർത്തിക്കുന്ന ഈ നാനോട്യൂബുകൾ നാളത്തെ കമ്പ്യൂട്ടറിന്റെ രൂപകല്പനയിൽ അതിപ്രധാനമായ സ്ഥാനമാണ്. വഹിക്കാൻ പോകുന്നത്. നമ്മുടെ സാധാരണ പെൻസിലും (ഗ്രാഫൈറ്റ്) വജ്രവും കാർബൺ നാനോട്യൂബുകളുമെല്ലാം അടിസ്ഥാനപരമായി കാർബൺ ആറ്റങ്ങൾ തമ്മിലുള്ള അറ്റോമിക് ബന്ധം പ്രകൃതിയിലെ തന്നെ ഏറ്റവും ശക്തമായതിനാൽ ഇവയെല്ലാം കാഠിന്യമുള്ള പദാർത്ഥങ്ങളാണ്. ആറ്റങ്ങൾ പരസ്പരം കൂടിച്ചേരുന്ന വിധമനുസരിച്ച് ഇവയുടെ ഗുണങ്ങൾ വ്യത്യസ്തമാവുന്നു എന്നുമാത്രം.

കാർബൺ നാനോട്യൂബുകൾക്കാകട്ടെ ഗ്രാഫൈറ്റ് പാളികൾ ഒരു ട്യൂബിന്റെ ആകൃതിയിൽ കൂടിച്ചേരുന്ന പ്രകൃതമാണെന്ന് പറയാം. ഗ്രാഫൈറ്റിന്റെയും വജ്രത്തിന്റെയും സംയുക്ത സ്വഭാവംഇവ പ്രകടിപ്പിക്കുന്നു വെന്നതിനാലാണ് കാർബൺ നാനോട്യൂബുകൾ വ്യവസായിക ഉത്പാദനരംഗത്ത് പുത്തൻ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നത്. വജ്രത്തെപോലെ ശക്തിയും താപം കടത്തിവിടാനുള്ള കഴിവും ഗ്രാഫൈറ്റിനെപ്പോലെ വിദ്യുത്ചാലകതയും പ്രദർശിപ്പിക്കുമ്പോഴും വളരെ മൃദുത്വവും അയവും ഇവയുടെ ഗുണങ്ങളായിരിക്കും.

കാർബണിന്റെ മൂന്നാമത്തെ രൂപാന്തരമായ – –ബക്കിപന്തുകളുമായി ബന്ധപ്പെട്ട് ജപ്പാനിലെ എൻ.ഇ.സി Corporation നിലെ ഡോ. സുമിയോ ജജിമ 1991-ലാണ് നാനോട്യൂബുകൾ കണ്ടെത്തുന്നത്. അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന രണ്ട് ഗ്രാഫൈറ്റ് ദണ്ഡുകൾക്കിടയിലൂടെ വൈദ്യുതി സ്ഫുലിംഗങ്ങൾ കടത്തി വിട്ട് (All discharge method) അവയെ സാവകാശം ബാഷ്പീകരിച്ചശേഷം തണുപ്പിച്ചപ്പോൾ കരിപിടിച്ച ചില പദാർത്ഥങ്ങൾ നിക്ഷേപിക്കപെടുകയുണ്ടായി അതിസൂക്ഷ്മ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിച്ചപ്പോൾ കേവലം Nanomete-- റുകൾ മാത്രം വ്യാസമുള്ള ശുദ്ധമായ കാർബണിന്റെ നീണ്ടകുഴലുകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. കാർബൺ നാനോട്യൂബുകൾ വ്യവസായികരംഗത്ത് വളരെയധികം വിപ്ലവം സൃഷ്ടിക്കുകയും ചെയ്തു. സുമിയോ നിരീക്ഷിച്ച discharge ആർക് രീതിയിൽ ഒന്നിലധികം പാളികളുള്ള കുഴലുകളാണ് ലഭിച്ചത്. എന്നാൽ Cobalt പോലുള്ള ചില ലോഹങ്ങളിൽ ക്കൂടി ഗ്രാഫൈറ്റ് Election കളോടൊത്ത് ഉപയോഗിച്ചാൽ ഒറ്റപാളിയുള്ള സൂക്ഷ്മ കാർബൺ നാനോട്യൂബുകൾ നിർമ്മിക്കാമെന്ന് 1993-ൽ കണ്ടെത്തിയതോടെ ഈ രംഗത്ത് ഒരുപാട് സാധ്യതകളും പ്രവചനങ്ങളും തുടങ്ങുകയായി. 2003- ന്റെ പകുതിയിൽ ടെക്സാണ് സർവകാലാശാലയിലെ ഗവേഷകർ ഒറ്റപാളിയുള്ള കാർബൺ നാനോട്യൂബിന്റെ നാരുകളും പോളിവിനൈൽ ആൽക്കഹോളും കൂട്ടിച്ചേർത്ത് നിലവിൽ ഏറ്റവും കാഠിന്യമുള്ള ഒരു പദാർത്ഥം നിർമ്മിച്ചിട്ടുണ്ട്. ഈ നാരിനെ പൊട്ടിക്കാൻ 600 ജൂൾ/ഗ്രാം ഊർജ്ജം ആവശ്യമാണ്. കൂടിയ വേഗത്തിൽ കാർബൺ നാനോട്യൂബുകളെ നിർമ്മിക്കുന്ന സംവിധാനം M.I.T വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാനോട്യൂബുകളുടെ ശക്തിയും വഴങ്ങുന്ന ഘടനയും ഇവയെ മറ്റു നാനോഘടകങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്.

> To have doubted one's own first principles, is the mark of a civilized man.
> - *Oliver Wendell Holmes Jr.*





# പണം പെരുകിപ്പെരുകി.......



അവിനാശ് കെ.
K2

പണപ്പെരുപ്പത്തിന്റെ ഉച്ചിയിൽ
നിൽക്കുകയാണ് ഇന്ന് ലോകം
എല്ലാ മേഖലകളിലും ജീവിതത്തി-
ന്റെ ബാലൻസ് തെറ്റിക്കഴിഞ്ഞു.
എന്താണ് പണപ്പെരുപ്പം?
എന്തൊക്കെയാണ് അതിന്റെ
താളവും ഘടനയും?
പണപ്പെരുപ്പത്തെക്കുറിച്ചുള്ള അടിസ്ഥാന
വിവരങ്ങൾ ഇതാ.........................................

പണപ്പെരുപ്പമെന്നത് സാമ്പത്തിക ശാസ്ത്രസംബന്ധിയായ ഒരു ആശയമാണ്. പണപ്പെരുപ്പത്തിന് കാരണമെന്തെന്ന് സാധാരണ ആരും തിരക്കാറില്ല. ഈ പണപ്പെരുപ്പത്തിനെക്കുറിച്ചുള്ള വാർത്തകൾ എന്നും തന്നെ നാം പത്രങ്ങളിൽ കാണുന്നു. എന്താണ് പണപ്പെരുപ്പം? പലർക്കും ഉത്തരം നൽകാൻ സാധിക്കില്ലാത്ത ചോദ്യമാണ് ഇത്. എന്നാൽ വിലക്കയറ്റം എന്താണ് എന്ന് ഒരു സാധാരണക്കാരന് അറിയാമായിരിക്കും. ഓരോ കാലഘട്ടത്തിലും അവശ്യവസ്തുക്കളുടെ വിലയിലുണ്ടാകുന്ന കുതിപ്പ് - യഥാർത്ഥത്തിൽ ഇതു തന്നെയാണ് പണപ്പെരുപ്പം. വിലക്കയറ്റം അസഹനീയമാകുമ്പോൾ മാത്രമാണ് സാധാരണക്കാരനായ ഒരാൾ പണപ്പെരുപ്പത്തെക്കുറിച്ച് ബോധവാനാകുന്നത്. സാമ്പത്തിക രംഗത്ത് സാധന സാമഗ്രികൾക്കുണ്ടായ വിലക്കയറ്റത്തിന്റെ അനുപാതമാണ് പണപ്പെരുപ്പം. ആവശ്യക്കാർ കൂടുതലാവുകയും സാധനങ്ങളുടെ വിതരണം കുറയുകയും ചെയ്യുമ്പോഴാണ് പണപ്പെരുപ്പം രൂക്ഷമാവുന്നത്.

40 വർഷം മുമ്പ് 400 രൂപ ശമ്പളമെന്നാൽ വലിയ തുകയായിരുന്നു. എന്നാൽ ഇന്ന് അതേ സ്ഥാനത്ത് 75,000 രൂപയാണ് ശമ്പളം നൽകുന്നത്. അന്ന് 50 പൈസക്ക് അവശ്യവസ്തുക്കൾ വാങ്ങാൻ കിട്ടുമായിരുന്നു. 40 വർഷംകൊണ്ട് തുക ഒന്നുമല്ലാതായിത്തീർന്നു. പണപ്പെരുപ്പത്തിന്റെ പ്രധാന സ്വാധീനം ഇതുതന്നെയാണ്.

പണം ഒരിക്കലും നിശ്ചലമാക്കി വെയ്ക്കരുതെന്നതു തന്നെയാണ് പ്രധാനകാര്യം. നിങ്ങളുടെ പണം ഇളക്കം തട്ടാതെ ഒരു അലമാരിയിൽ അടച്ചു സൂക്ഷിച്ചാൽ അതിന്റെ മൂല്യം കുറച്ചു കാലങ്ങൾക്കുള്ളിൽത്തന്നെ ഇപ്പോഴുള്ളതിന്റെ പകുതി പോലും വരില്ല. ഇന്ന് ആയിരം രൂപായ്ക്ക് വാങ്ങുന്ന വസ്തുവിന്റെ പത്തുവർഷം കഴിഞ്ഞാലുള്ള മൂല്യം ഇരട്ടിയിലധികമായിരിക്കും. പണത്തിന്റെ സുരക്ഷിതമായ നിക്ഷേപമാണ് അതിനുള്ള മാർഗ്ഗം. എന്നാൽ നിക്ഷേപിച്ചതിനുശേഷം ലഭിക്കുന്ന പ്രതിഫലം പണപ്പെരുപ്പ നിരക്കിനേക്കാൾ കൂടുതലാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

സാമ്പത്തിക വളർച്ചയുടെ അതിപ്രസരം, വിപണിയിലെ കുത്തക സംഭരണം ഇവയെല്ലാം പണപ്പെരുപ്പമുണ്ടാക്കാം. ഇത് ഏറ്റവുമധികം ബാധിക്കുന്നത് നമ്മുടെ ജീവിത സാഹചര്യങ്ങളെയാണ്. ഒരേ സാധനത്തിനുതന്നെ മുമ്പ കൊടുത്തതിലും വളരെക്കൂടുതൽ വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അവസ്ഥ. പണപ്പെരുപ്പത്തിന്റെ നിരക്കിനനുസരിച്ച് പണത്തിന്റെ വരവും കൂടിയില്ലെങ്കിൽ എത്ര പണം സമ്പാദിച്ചാലും അത് ജീവിത നിലവാരം സൂക്ഷിക്കുന്നതിന് സഹായകമാവുന്നില്ല.

## പണപ്പെരുപ്പ നിരക്ക്.

കുറഞ്ഞ കാലത്തിനുള്ളിൽ എല്ലാ വസ്തുക്കളുടേയും വില കുതിച്ചുയരുന്ന പ്രതിഭാസമാണ് പണപ്പെരുപ്പം. ഏത് പോയിന്റിൽ വെച്ചാണോ വസ്തുക്കളുടെ വില കുത്തനെ ഉയരുന്നത് അതാണ് പണപ്പെരുപ്പ നിരക്ക്. ഉദാഹരണത്തിന് ഈ വർഷം ഒരു വസ്തുവിന്റെ വില 100 രൂപയാണെന്നിരിക്കട്ടെ. അടുത്ത വർ,ഠം അതിന്റെ വില 104 രൂപയാണെന്നും കണക്കാക്കുക. അപ്പോൾ പണപ്പെരുപ്പ നിര്ക്ക 4 ശതമാനമാണ്. ഈ കണക്കനുസരിച്ച് ഇപ്പോൾ 80 രൂപയുള്ള ഒരു വസ്തുവിന് 4 ശതമാനം പണപ്പെരുപ്പനിരക്കിൽ അടുത്തവർഷം 83.2 രൂപയായിരിക്കും ( 80 X 1.04)

## പണപ്പെരുപ്പം കണക്കാക്കുന്നത്.

ഒരു അടിസ്ഥാന വർഷത്തിന്റെ (ബേസ് ഇയർ) അടിസ്ഥാനത്തിലാണ് പണപ്പെരുപ്പം കണക്കാക്കുന്നത്. ഒരു പ്രത്യേക വസ്തുവിൻരെ വില വർധനയും ആവശ്യകതയും പണപ്പെരുപ്പ നിരക്കിനെ വളരെയധികം ബാധിക്കും. ഒരു വസ്തുവിന് ദിവസത്തിന്റെ അവസാനത്തിൽ എത്രകണ്ട് ആവശ്യകതയുണ്ട് എന്നതാണ് കണക്കാക്കുന്നത്. ഇത് അളക്കുന്നതിനായി കൺസ്യൂമർ പ്രൈസ് ഇൻഡക്സ് എന്ന അളവുകോലാണ് മിക്കരാജ്യങ്ങളും തെരഞ്ഞെടുക്കുന്നത്. ഇന്ത്യയിൽ ഇത് ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് ആണ്. ഇന്ത്യയിൽ 1993-94 ആണ് ബേസ് ഇയർ.

## ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് (WPI)

1902 ലാണ് ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് (WPI) നിലവിൽ വരുന്നത്. സാമ്പത്തിക വിദഗ്ധന്മാർക്ക് ലഭ്യമായിരുന്നതിൽവെച്ച് പണപ്പെരുപ്പം കണക്കാക്കാൻ ഏറ്റവും മികച്ച മാർഗ്ഗം ഇതു തന്നെയായിരുന്നു. മൊത്ത വിപണിയിൽ വിൽക്കുന്ന സാധനങ്ങളുടെ വിലയിലുണ്ടാവുന്ന വ്യത്യാസത്തിന്റെ ശരാശരിയിൽ നിന്നാണ് ഈ കണക്കുകൾ ലഭിക്കുന്നത്. മൊത്തം വിപണനത്തിന്റെ ശരാശരിക്കായി ഇന്ത്യ കണക്കിലെടുക്കുന്നത് 435 വസ്തുക്കളാണ്. ഇന്ത്യയിൽ വെള്ളിയാഴ്ചകളിലാണ് ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് കണക്കാക്കുന്നത്.







Shanima Shaji
K2

# സൗഹൃദം

കാലത്തിൻ അനശ്വര നിലാവിൽ
വെറുമൊരു വേനൽ കുളിൽചൂടിൽ
ധനുമാസ സന്ധ്യതൻ പുനിലാവിൽ
വസന്തകാലത്തിൻ പൗർണ്ണമിയിൽ
ഓർമ്മതൻ ശിശിര മഴയിൽ
തളിർക്കുന്നു പൂക്കുന്നു ഈ സൗഹൃദം
മായാമയൂര നൃത്തമാം മയിലിൻ
ജന്മത്തിൻ മഴവില്ലിൽ നീലിമയിൽ
തളിർക്കുന്നു ശോഭയാം മയിലിന്നഴകായ്
വിരിയുന്ന പൂവിൻ ചെരുവിതൾ പോലെ
ഓടൽക്കുഴൽ നാദം വിരിയുന്ന പോലെ
കാറ്റിന്നു ദൃഢമാം ഈ സൗഹൃദം



മന്താരപൂവിൻ നീലിമയിൽ
കരകാണാക്കടൽ ഇളകുന്ന പോലെ
ശിശിരമാം കാലത്തിൻ നിർവൃതിയിൽ
അറിയുന്നു ആഗ്രഹം മനസ്സിൻ തണലിൽ
എന്നെന്നും താങ്ങായ് നിലനിൽപ്പു
അറിയുന്നു ഇന്നും ഈ സൗഹൃദം
വേർപാടറിയുന്ന അകത്തളത്തിൽ
ഒപ്പമെത്താൻ കാലം സുഗസുന്ദരം
പിരിയാത്ത ഇളപോലെ നിർമ്മലമാം
പരിശുദ്ധി കാക്കുക എന്നുമതിൻ
കയ്പ്പുനീർ നുണയുന്ന ജീവിതത്തിൻ
ആശ്വാസമാം എന്നും ഈ സൗഹൃദം

# ഒരു ബ്ലാക്ക് & വൈറ്റ് കുടുംബം.

ഇന്നെന്താ എഴുന്നേൽക്കുന്നില്ലേ? മണി എട്ട് കഴിഞ്ഞു. ഗിരിജയുടെ ചോദ്യം കേട്ടുകൊണ്ടാണ് അനിൽ ഉറക്കമുണർന്നത്. കണ്ണു തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച്ച കണ്ട് അനിൽ ഞെട്ടിപ്പോയി കൈയിൽ ആവി പറക്കുന്ന ചായയുമായി നിൽക്കുന്ന ഭാര്യ. അവരുടെ വിവാഹം കഴിഞ്ഞിട്ട് ഏതാണ്ട് പത്ത് വർഷത്തോളമായി. പ്രേമ വിവാഹമായിരുന്നു. അവരുടെ വീട്ടുകാർക്ക് എതിർപ്പായിരുന്നു കാരണം അനിൽ കരുത്ത വർഗ്ഗക്കാരനായിരുന്നു. ഗിരിജ തൂവെള്ളയും. രണ്ടുപേരെയും അടുത്തുക ണ്ടാൽ അമാവാസിയും പൗർണ്ണമിയും പോലിരുക്കും. ഇവർക്ക് രണ്ടുകുട്ടികൾ. ആകാശും മേഘന യും. ആകാശ് അച്ഛനെപ്പോലെ കറുത്തിട്ടാണ്. ഈ നീണ്ട 10 വർഷക്കാലത്തെ ദാമ്പത്യ ജീവിതത്തി നിടയ്ക്ക് ഇങ്ങനെയൊരു കാഴ്ച അനിൽ കണ്ടത് ഇതിനു മുമ്പ് ഒരേയൊരു തവണയാണ്. അതും വിവാഹം കഴിഞ്ഞതിന്റെ പിറ്റേദിവസം. അത് ഓർത്തപ്പോൾ അനിലിന് ചിരിയാണ് വന്നത്.

ചായ വാങ്ങി കുടിക്കുന്നതിനിടയിൽ അനിൽ ഗിരിജയോട് ചോദിച്ചു. ഇന്നെന്താ നിന്റെ പിറ ന്നാളൊ മറ്റോ ആണോ? അതെന്താ ചേട്ടാ അങ്ങനെ ചോദിച്ചത്? കട്ടിലിന്റെ അരികിൽ ഇരിക്കുന്നതി നിടയിൽ ഗിരിജ ചോദിച്ചു. അല്ലാ, നിന്റെ കൈയിൽ നിന്ന് ഇതിനു മുമ്പ് രാവിലെ ബെഡ്റൂമിൽ ചായ കിട്ടിയത് ഒരു 10 വർഷം മുമ്പായിരുന്നു. അനിൽ ഒരു ഗൂഢസ്മിതത്തോടുകൂടിയാണ് അങ്ങനെ പറ ഞ്ഞത്. പിന്നെ കുറച്ചു സമയത്തേക്ക് ഇരുവരും ഒന്നും സംസാരിച്ചില്ല. ചായ കുടിച്ചുകഴിഞ്ഞ് കപ്പ് തിരികെ കൊടുക്കുന്നതിനിടയിൽ അനിൽ ചോദി ച്ചു. കുട്ടികൾ എഴുന്നേറ്റോ?



ഉം. അവരെഴുന്നേറ്റിട്ട് നേരം കുറേയായി. രണ്ടു പേരും കാപ്പികുടിയ്ക്കുവാ. പിന്നെ രണ്ടാളും ഭയ ങ്കര സന്തോഷത്തിലാ. അതെന്താ? അനിൽ ചോദി ച്ചു.

ചേട്ടനത് മറന്നോ? ഇന്നല്ലേ പുതിയ റ്റി. വി. മേടി ക്കാമെന്ന് പറഞ്ഞത്. ഓ ഞാനത് മറന്നു. അനിൽ പെട്ടെന്ന് എഴുന്നേറ്റ് പോയി.

അടുത്തുള്ള പുഴക്കടവിൽ ചെന്ന് പല്ലുതേച്ച് കഴിഞ്ഞ് കുളിക്കുന്നതിനിടയിൽ അനിൽ ഓർത്തു. വെറുതെയല്ല ഇന്ന് ചായ ബെഡ്റൂമിൽ കിട്ടിയത്. റ്റി.വി. വാങ്ങുന്നതിന്റെ സന്തോഷം കുട്ടികൾക്ക് മാത്രമല്ല, അവൾക്കുമുണ്ട്. കുളികഴിഞ്ഞ് തിരികെ ചെന്നപ്പെഴേക്കും ഗിരിജ കാപ്പി എടുത്ത് വെച്ചിരു ന്നു. ഇതിനും ഒരു ചെയ്ഞ്ച് ഉണ്ടല്ലോ? അനിൽ ഓർത്തു.





കാപ്പി കുടിക്കുന്നതിനിടയിൽ കുട്ടികൾ രണ്ടു പേരും അടുത്തുവന്നു. മക്കള് കഴിച്ചോ?

ഉം കഴിച്ചു. പപ്പാ റ്റി.വി. മേടിച്ചുകൊണ്ട് പെട്ടെന്ന് വരുമോ? ആകാശ് ചോദിച്ചു.

അതെന്തിനാ പെട്ടെന്ന് വരുന്നത്?

അതിനു മറുപടി പറഞ്ഞത് ഗിരിജയാണ്. അതേയ് ഈ റ്റി.വി. യിൽ ഒരു പ്രോഗ്രാം ഉണ്ട്. ഫോൺ വിളിച്ചിച്ച് പാട്ടുകൾ ചോദിക്കുന്ന പരി പാടി. അതിന്റെ അവസാനം ഒരു ചോദ്യം ചോദി ക്കും. അതിനു ശരിയായി ഉത്തരം എസ്.എം.എ സ്. ചെയ്താൽ ഒരു പട്ടുസാരിയാ സമ്മാനം.

കാപ്പികുടി കഴിഞ്ഞ് ഡ്രസ് മാറി അനിൽ പെട്ടെന്ന് തന്നെ പോയി. ഗിരിജയും കുട്ടികളും അക്ഷമരായി വീട്ടിൽ റ്റി.വി. യും കാത്തിരുന്നു. ഉച്ചയ്ക്കു മുമ്പുതന്നെ റ്റി.വി.യുമായി അനിൽ വന്നു. ആ കൊച്ചു വീട്ടിൽ സന്തോഷം അലത ല്ലി. അനിലും കുടുംബവും റ്റി.വി. കാണുവാൻ തുടങ്ങി. ആ പ്രോഗ്രാം എപ്പോഴാടീ ഗിരിജേ? അനിൽ ചോദിച്ചു. രാത്രി 7.00 മണിക്കാ ചേട്ടാ അത്. റ്റി.വി.യിൽ നിന്ന് കണ്ണെടുക്കാതെ ഗിരിജ പറഞ്ഞു.

രാത്രി 7.00 മണി. പ്രോഗ്രാം തുടങ്ങി. നല്ല നല്ല പാട്ടുകൾ കേട്ട് രസിച്ചിരിക്കുകയാണ് എല്ലാ വരും. അവസാനം ചോദ്യത്തിനുള്ള സമയമാ യി. എല്ലാവരും നിശബ്ദരായിരുന്നു. ചോദ്യം ഇതായിരുന്നു. ഇന്നത്തെ പ്രോഗ്രാം അവതരിപ്പിച്ച പെൺകുട്ടി ധരിച്ചിരുന്ന ചുരിദാറിന്റെ കളർ എന്താ യിരുന്നു?

ചോദ്യം കേട്ട് അനിലും കുടുംബവും തരി ച്ചിരുന്നു. അതുകണ്ട് അവരുടെ ബ്ലാക്ക്& വൈറ്റ് റ്റി.വി. ആ ബ്ലാക്ക്& വൈറ്റ് കുടുംബത്തെ നോക്കി കണ്ണിറുക്കി ചിരിച്ചു.

**Anoop Jose**
**K2**

# മാറ്റം

**Angel Ponny Baby**
**Z1**
**Rll no : 9503**

മാറ്റത്തിൻ കാഹളധ്വനി മുഴങ്ങിടുന്നെങ്ങും
മാറ്റത്തിനു തിരകളടിച്ചിടുന്നെങ്ങും
ഹാ കഷ്ടം! മനുഷ്യനും മാറി, ഇനിയൊരിക്കലും
മാറ്റപ്പെടാനാവാത്തവനെപ്പോൽ
കളിയില്ല ചിരിയില്ല കരുണാർദ്രമാം മിഴികളില്ല,
കരിങ്കല്ലെന്നപോൽ അവനുടെ ഹൃദയം
സത്യസ്നേഹധർമ്മാദികളില്ല തവ-
ഹൃത്തിലോ സ്വാർത്ഥയൊന്നു മാത്രം
ബന്ധമോ സ്വന്തമോ യാതൊന്നുമോർക്കാത്ത
പൊട്ടിയപട്ടം കണക്കെയാ ജീവിതം
മാറുന്ന വദനങ്ങൾ മാറുന്ന വേഷങ്ങൾ
മായികലോകത്തിൻ രാസലീലകൾ
മറവി തൻ മൂടുപടം മറച്ചീടുന്നു
സഹജരെ കൈയ്യെത്തും ദൂരത്തു നിന്നായ്
വീഥികളെല്ലാം നിണപൂരിതങ്ങളാണ്
വീശുന്ന കാറ്റിനോ ചോരതൻഗന്ധം
ഉലകത്തിൽ പൂകാതെ ഉടയുന്നു ജീവിതം
ഉദരങ്ങൾ പോലും കശാപ്പുശാലകൾ
മലർവാടിയായിരുന്നീ ഉലകം പണ്ടാ-
രോപറഞ്ഞ പഴങ്കഥ മാത്രമായി
മാറ്റങ്ങൾക്കൊപ്പം നാം പായുന്നുവെങ്കിലും
മാറ്റമതാവശ്യമെന്നോതുന്നുവെങ്കിലും
എൻ മനഃസാക്ഷിയിന്നുത്തരം തേടുന്നു
വേണ്ടിയിരുന്നുവോ ഈ മാറ്റമൊക്കെയും?

# HOW TO DEVELOP POSITIVE THOUGHTS

Man is born free but everywhere he finds himself bound. He is abound by what his parents think of him and expect him to do. He is bound by the expectations of Society. He is bound by what others think. In short, he is bound by everything that matters.

We have to free ourselves from these bondages, We have to free ourselves from within. We have to live a independent thinkers, have independent thoughts and then we can develop our self into a better person. However, even though being independent, out thoughts should take into consideration not one but all humans and animals who co-exist with us. So, let us being to develop and expand, out horizons as independent thinkers.

The points given ahead are just guidelines for developing positive thoughts. Positive thought is infinite and goes on and on.

- Constantly indulge in self evaluvation.
- Accept reality
- Accept others as they say.
- Evaluate behavior with the situation frame work
- Develop confidence in yourself and your abilities.
- Do no look down upon others.
- Respect the abilities of others.
- Welcome and appreciate healthy ciriticism
- Do not indulge in back biting
- Appreciate your physical being
- Remember there is a solution to every problem
- Clear your mind of polluted thoughts
- Life is an experience, enjoy it.
- There is always a second chance.
- Be honest and appreciate honesty.
- Express yourself
- Do not let your heart rule your head.
- Avoid dependency.
- Do not make lame excuses.
- Do not indulge in flattery.
- Always speak positively.
- Be infinitely positive

**JKD**

> Life is like riding a bicycle. You don't fall off unless you plan to stop peddling.
>
> *- Claude Pepper*



# മലയാളി മനസ്സിലെ ഒളിമങ്ങുന്ന മാനവികത.



ദൈവത്തിന്റെ സ്വന്തം നാടെന്ന് ഓമനപ്പേ
രിട്ടു വിളിക്കുന്ന കേരളത്തിന് ഈ ആധുമിക യുഗ
ത്തിൽ ഈ പേരിന് എന്തർത്ഥമാണുള്ളത്. മൂല്യ
ച്യുതിയുടെ നിലയില്ലാക്കയത്തിലേക്ക് ആഴ്ന്നുപോ
യിരിക്കുന്നു മലയാളിമനസ്സ്. സ്വന്തം കാര്യം സിന്ദാ
ബാദ് എന്ന ആശയത്തിലേക്ക് എത്ര പെട്ടെന്നാണ്
മലയാളികൾ മാറപ്പെട്ടത്. സ്നേഹത്തിന്റെയും സഹ
കരണത്തിന്റെയും പരസ്പരവിശ്വാസത്തിന്റെയും
ചേരുവകളിൽ ഊട്ടിയുറപ്പിക്കപ്പെട്ട ഒന്നായിരുന്ന പഴ
മക്കാരുടെ ഹൃദയങ്ങൾ. അവിടെ എല്ലാവരുടെയും
ശരീരവും, ആത്മാവും ഒന്നായിരുന്നു. അല്ലെങ്കിൽ
എല്ലാവരുടേതുമായിരുന്നു.

യന്ത്രവൽകൃത സംസ്ക്കാരത്തിന്റെ നീരാളി
പ്പിടുത്തത്തിൽ അകപ്പെട്ടിരിക്കുന്ന ആധുനിക ജന
കയ്ക്ക് കാരണവന്മാരുടെ ഹൃദയവികാരങ്ങൾ വെറും
പാഴ്ചരക്കാണ്. ഹൃദയവികാരങ്ങൾ മാത്രമല്ല അറി
വിന്റെ പാഠങ്ങൾ സ്വന്തം അനുഭവങ്ങളിലൂടെ പറ
ഞ്ഞുതന്നു, കഷ്ടപ്പാടുകളിലും, സ്നേഹത്തിന്റെ മൃദു
മന്ത്രണത്തിലൂടെ പിച്ചവച്ചു നടത്തിയ അവരെ തന്നെ
നാമിന്ന് മറന്നു പോകുന്നു. മലയാളത്തിന്റെ മണ്ണിൽ
വൃദ്ധസദനങ്ങളുടെ സംഖ്യ
വർദ്ധിച്ചുവരുന്നു. ആറ്റു
നോറ്റു വളർത്തിയ മക്കളുടെ
മുന്നിൽ നിസ്സഹായരാവുക
യാണ് ആ വൃദ്ധമാതാപിതാ
ക്കൾ.

ശ്രീ അയ്യപ്പപ്പണിക്കരുടെ വീഡിയോ മരണം
എന്ന കഥയിൽ ഇങ്ങനെ പറയുന്നു. അമ്മയ്ക്ക
അസുഖമാണെന്ന് അമേരിക്കയിലുള്ള മകനെ അറി
യിച്ചപ്പോൾ ആ അമ്മയെ വന്നൊന്ന് കാണാൻ സന്മ
നസ്സ് കാണിക്കാതെ മറുപടി കത്തെഴുതുകയാണ്.
അമ്മ മരിക്കുന്നതുൾപ്പെടെ, കേരളീയമായ മരണാ
നന്തര ചടങ്ങുകളുടെ കാസറ്റ് അമേരിക്കയിലെ
സുഹൃത്തുക്കൾക്ക് കണ്ടാസ്വദിക്കാൻ അയച്ചുകൊടു
ക്കണം പോലും. മരിക്കാത്ത അമ്മയെ മരിപ്പിക്കണ
മെന്നാണ് മകൻ ആവശ്യപ്പെടുന്നത്.

എന്താണ് മലയാളികൾക്ക് സംഭവിച്ചത്? മനു
ഷ്യത്വം നഷ്ടപ്പെട്ട ആൾക്കൂട്ടമാണ് ഇന്നത്തെ സമൂ
ഹം. ഓരോ മനുഷ്യനും ഓരോ തുരുത്താണ്. തുരു
ത്തുകൾ വെട്ടിനിരത്താനും വെട്ടിപ്പിടിക്കാനുമുള്ള
വ്യഗ്രത അവൻ കാണിക്കുന്നു. ഇവയുടെ പ്രതിഫ
ലനങ്ങളാണ് സമൂഹത്തിൽ നടക്കുന്ന അക്രമങ്ങൾ,
യുദ്ധങ്ങൾ, ആത്മഹത്യകൾ തുടങ്ങിയവ. തന്റെ
പ്രതിച്ഛായ നഷ്ടപ്പെട്ട മനുഷ്യൻ ഭീകരപ്രവർത്തന
ങ്ങളിലും, ബലാത്സംഗത്തിലും എല്ലാം ആനന്ദം
കണ്ടെത്തുന്നു. ചോരയുടെ ഗന്ധമാണ് ഒഴുകിയെ

ത്തുന്ന മന്ദമാരുതനുപോലും. ജീവനെ അവഗണിക്കുന്ന മനുഷ്യന് ഭ്രൂണഹത്യയും, ദയാവധവും സാധാരണ ജീവിതമായി പരിണമിക്കുന്നു. ആത്മഹത്യകളുടെ എണ്ണം വർദ്ധിച്ചുവരുന്നു. 2004 - ലെ കണക്കനുസരിച്ച് 11300 പേർ കേരളത്തിൽ ഒരു കൊല്ലം ആത്മഹത്യ ചെയ്യുന്നു.

സുഖം മാത്രം അന്വേഷിക്കുന്ന മനുഷ്യൻ സുഖം നഷ്ടമാകുമ്പോൾ മോഹഭംഗപ്പെടുന്നു. ഈ 21-ാം നൂറ്റാണ്ടിന്റെ സമൂഹത്തിലെ ഏറ്റവും വിലകുറഞ്ഞ ചരക്കായി തീർന്നിരിക്കുന്ന മനുഷ്യൻ.

വിത്തിനുള്ളിൽ സത്തുണ്ട്
സത്തു മുളയാകും
അസത്തതിനു വളമാകും.

മനുഷ്യന്റെ സത്ത് എന്നത് മനുഷ്യത്വമാണ്. അസത്ത് മൃഗവും. ഇന്ന് മനുഷ്യമനസ്സിനെ നിയന്ത്രിക്കുന്നത് അസത്താണ്. ഓരോരുത്തരും അവരവരുടെതായ തിരക്കുകളിലാണ്. ആർക്കും മറ്റുള്ളവരുടേതായ കാര്യങ്ങൾ കാര്യങ്ങൾ തിരക്കാൻ നേരമില്ല. ആർക്കും ആരോടും ബന്ധമില്ലാത്ത ഈ അവസ്ഥയിലാണ് ആത്മഹത്യകൾ പെരുകുന്നത്. ദു:ഖങ്ങൾ പങ്കുവയ്ക്കാൻ ആളുണ്ടെങ്കിൽ, ഒരുവട്ടം സ്വാന്തനിപ്പിക്കാൻ ആളുണ്ടെങ്കിൽ സ്വയം ഹത്യകൾ കുറയുമെന്നതിൽ സംശയമില്ല.

ഉപഭോഗസംസ്ക്കാരത്തിന്റെ അടിമയായി ഉറങ്ങിയും ജീവിക്കുന്നരായിത്തീർന്നിരിക്കുന്നു മലയാളികൾ. എന്തിനുമേതിലും വിദേശികളാണ് നമ്മുക്ക് മാതൃക. നമ്മുടെ വിചാരങ്ങളും, വികാരങ്ങളും അവരുടേതാക്കി മാറ്റുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് മലയാളികൾ. ഉണ്ണുകയും, ഉറങ്ങുകയും സ്വന്തം കാര്യം നോക്കുകയും മാത്രം ചെയ്യുന്ന ജീവിതമാണ് മനുഷ്യജീവിതമെങ്കിൽ ആ ജീവിതം മൃഗത്തിന്റെ ജീവിതത്തേക്കാൾ ഒട്ടും വിഭിന്നമല്ല.

മനുഷ്യജീവിതം ത്യാഗത്തിന്റെ ഉരക്കല്ലിൽ മാറ്റുരച്ച് മാറ്റ് തെളിയിക്കുമ്പോഴാണ് ധന്യമാകുന്നത്. മനുഷ്യൻ വെറും പറ്റം ചേർന്നു ജീവിക്കുന്ന കാട്ടുമൃഗങ്ങളാകരുത്. സ്നേഹത്തിന്റെ, സഹകരണത്തിന്റെ, പരസ്പര വിശ്വാസത്തിന്റെ ഒരു ഐക്യ ജീവിതമാണ് നമ്മുക്ക് വേണ്ടത്. അന്യന്റെ ദു:ഖങ്ങളിൽ കൂടെക്കരയാനും സന്തോഷത്തിൽ പങ്കുചേരാനും മലയാളികളായ നമ്മുക്ക് കഴിയണം, നമ്മുടെ ചുറ്റുമുള്ളവരെ സഹോദരരായി കാണാനും, അവരുടെ പ്രശ്നങ്ങൾ നമ്മുടേതാക്കി മാറ്റുമ്പോൾ ജീവിതത്തിൽ നിന്ന് നൈരാശ്യം വിട്ടകന്ന് പ്രത്യാശ വന്നു ചേരും.


പഴമയുടെ നന്മ ഉൾക്കൊണ്ട് പരസ്പരം സ്നേഹിച്ച് ദൈവത്തിന്റെ സ്വന്തം നാടെന്ന ഓമനപ്പേര് നമ്മുക്ക് നഷ്ടപ്പെടുത്താതിരിക്കാം. മലയാളിയുടെ സത്ത് ഈശ്വരനാൽ അനുഗ്രഹിക്കപ്പെട്ട കേരളക്കരയ്ക്ക് യോജിച്ചതാകട്ടെ.

സോണി മരിയ ജോർജ്
K1












Sri. Benny Kurian JCI takes class for the Parents






Our College Weight Lifting team won M.G Uty Championship



Prof. M.S. John delivers Prof. Francis Thonikuzhy Memorial Lecture 2009




Justice K. Narayana Kurup
Newman Day Lecture & Merit Day



# മാർഗ്ഗ ദീപം



കത്തീടുന്ന വിളക്കിൽ നിന്നിരുൾ
അകറ്റീടുവാൻ പഠിച്ചീടുവാൻ
എത്തീടും നദിയിങ്കൽ നിന്നറിവ്
ഒരുക്കാനായ് ശ്രമിച്ചീടുവിൻ,
ഹൃത്തിണം, കലരുന്നുവെങ്കിൽ നിയതം
സർവേശ്വരാരാധന-
യ്ക്കൊത്തീടുന്ന വിശിഷ്ടഗാനകലയ്ക്കായ്
തൊടുത്തീടുവിൻ
തെറ്റാണെങ്കിലതിന്നു നേർക്കു സമരം
ചെയ്തീടണം; നന്മതൻ
വിത്താണെങ്കിലതുൾഗ്രഹിച്ചു നടണം;
ചൊവ്വേ വളർത്തീടണം
ചിത്താകർഷകമാം വിധം കലകളെ
പുഷ്ടിപ്പെടുത്തീടണം!
സത്തായുള്ളതു സംഗ്രഹിക്കണമിതാ-
ണോർക്കേണ്ടതെന്നെന്നുമേ.

പൊന്നി റോസ് ബേബി

K1





# മാതൃസ്നേഹം



കാത്തിരുന്നു കാത്തിരുന്നു ഉണ്ണിപിറന്നു.
സൂര്യനേപോൽ വിളങ്ങും തേജസ്സാണ്
കൈകാലുകൾ താമരത്തണ്ടിൽ നേർത്തതാണ്
കണ്ണുകളിലെതിളക്കമോ വജ്രക്കല്ലിനുതുല്യം
ആരോമൽ പൈതലാം കുരുന്നു ജീവനെ
മാതൃസ്നേഹത്തിൽ താരാട്ടുപാടി
മഴവില്ലിൻ ശോഭയോടെ കിനാവുകണ്ടു-
ണ്ണിയെ വളർത്തിയമ്മ.
മാതൃപിതൃദേവോ ചൊല്ലി പഠിപ്പിച്ച
അറിവിന്റെ സാഗരം നീന്തി തുടിക്കാൻ
രാവേറെ കഷ്ടം സഹിച്ചമ്മ
വെയിലും മഴയും ഇളംകാറ്റുപോലമ്മയ്ക്ക്
ജീവിതവിജയം നേടിയമകനേ
അനുഗ്രഹാശ്ശിസുകൾ നേർന്നമ്മ
ജീവിത സാഗരത്തിലെ സുഖത്തിൽ
സഖിയേക്കൂട്ടിനു നൽകിയമ്മ
സുന്ദരസുദിനത്തിൻ നാളുകൾ കടന്നുപോയി
കാറ്റും കോളും നിറഞ്ഞ നാളുകൾ വന്നു ചേർന്നു.
മരുമകളും മകനുമായി
പാവമാം അമ്മയെ ഓറ്റപ്പെടുത്തി
മകനെ താരാട്ടുപാടി മാണിക്യംപോൽ
കരുതി വളർത്തിയമ്മക്ക്
ദുഃഖത്തിൻ തീരാസാഗരം പോലെ
ഇരുട്ടിൽ കൂട്ടിലടച്ചു.
കാരുണ്യനിധിയാം അമ്മയിൻ സ്നേഹം
തള്ളികളഞ്ഞ നാളുമുതൽ
നിനക്കു വരാനിരിക്കും നാളുകളിൽ
ഇതുപോലുണ്ടെന്നോർത്തിടേണം



JOMOL K JOHN
E3

# Let us hope for good

Let us change this whole world
With a great change in every
Harmful circumstances
Working with great pride and devotion
for the betterness
By changing the present darkful situation
and making it bright and wonderful
moment ineach and everybody's life
Let us join hands together with a great pleasure
Let us walk together in a long distance
route for creating everythimg better
for whole society
So with every hands and legs together
let us hope for good in future



SINI.M.PILLAI
E3



# സ്വപ്നം

പച്ചയുടുത്ത പ്രകൃതി പെണ്ണിനു
തിലകം ചാർത്തി അർക്കദേവൻ
തണുത്ത പ്രഭാതമാനന്ദ സരസിൽ കുളിച്ചുനിന്നു.
കിളികൊഞ്ചലിൽ നിറഞ്ഞൊരാ ലാളിത്യം
പ്രകൃതിക്കു പ്രഭാത സൗന്ദര്യമായ്.
പുൽക്കൊടിമ്പിൽ വൈഡൂര്യമാവാൻ
മഞ്ഞുകണങ്ങൾ പെയ്തിറങ്ങി
ലോലമാം കാറ്റിൻ ലാളനമേറ്റ്
മലർതൻ പുഞ്ചിരി സുഗന്ധമായി
അതൊരു സുന്ദര സന്ദർഭ സാമീപ്യമായ്
പിച്ചിതൻ കാതിൽ സ്വകാര്യമോതി കാറ്റ്
പിന്നെ ദൂരെക്കെങ്ങോ അകന്നു പോയി
പിച്ചിയോ നാണിച്ച് വിടർന്നുനിന്നു
ചാഞ്ചാടി ചാഞ്ചാടി വയലൊരുങ്ങി
പുലർകാല പ്രാർഥനാഗീതങ്ങളായ്
കളകളം പാടുന്ന അരുവിയൊ-
കരയോട് ചൊല്ലിയ കഥകളേയേറെ യേറെ
ആമ്പൽ പൊയ്ക അലതല്ലിയലതല്ലി
ആനന്ദ നിമിഷത്തിലാറാടി
കണ്ണുതുറന്നപ്പോൾ സ്വപ്നമെന്നറിഞ്ഞു ഞാൻ
ഫ്ലാറ്റിലെ മെത്തയിൽ നിന്നെണീറ്റു
പിന്നെ ഞാനോർത്തില സ്വപ്നത്തെയൊന്നുമെ
തിരക്കിലേക്കങ്ങനെ മുങ്ങിപോയി
സുന്ദരി പ്രകൃതി നീയങ്ങനെ സ്വപ്നമായി

**ATHIRA K GOPI**
1st DC Economics

# പാടാത്ത വീണ



ഈണം മറന്നൊരു വീണയുമായി ഞാ.
നീ രാഗവേദിയിൽ വന്നു
ഇടനെഞ്ചിലെത്താള ഭംഗത്തിലെന്റെ കാ-
ലിടറാതെ കൈകൂപ്പി നിന്നു.
കൊമ്പിന്റെ തുമ്പത്തു കണ്ണുരസ്സും കണ്യാ
മാൻ പേടയായ് മനം തേങ്ങി
അമ്പിന്റെ കൊമ്പത്തെയന്നമായ് സ്വപ്നങ്ങൾ
അമ്പേ പിടഞ്ഞു മരിച്ചു
ആയിരം കണ്ണുകളിറനായാകാശം
ആ രാവിലെന്നെ ക്ഷണിച്ചു
ആലിലക്കണ്ണനായശ്രു സമുദ്രത്തി
ലന്നു ഞാൻ പൊങ്ങിക്കിടന്നു
ഇടനെഞ്ചിലൊത്താള ഭംഗത്തിലെന്റെ കാ-
ലിടറാതെ കൈകൂപ്പി നിന്നു

**MEENU KS**
2nd DC Economics









Onam is the biggest festival in the SouthIndian state of Kerala. It falls during the Malayalam month of Chingam(Aug-Sep) and marks the homecoming of the legendary King Mahabali. Carnival of onam lasts for ten days and is ilnked to many elements of Kerala,s culture and tradition. Intricately decorated Pookalam, ambrosial Onasadya, Snake Boat Race and the Kaikottikali dance are some of the most remarkable features of Onam- the harvest festival in Kerala.

Rich cultural heritage of Kerala comes out in its best form and spirit during the ten day long festival. It is indeed a treat to be a part of the grand carnival. People of Kerala make leaborate preparations to celebrate in the best possible manner. The most impressive part of hte onam celebration is the grand feast called Onasadya, prepared on Thiruvonam. It is a nine course meal consisting of 11 to 13 essential dishes. Onasadya is served on banana leaves and people sit on a mat laid on the floor to have the meal. Another enchanting feature of onam is Vallamkali, the Snake Boat Race, held on the river Pampa. It is a colourful sight to watch the decorated boat oared by hundreds of boatmen amidst chanting of songs and cheering by spectators. Ther is also a tradition to play games, colletively called Onakalikal, on Onam. Men go in for rigorous sports like Talappanthukali (played with a ball), Ambeyyal (Archery), and combats called Kayyankali and Attakalam. Women indulge in cultural activities. They make intricately designed flower mats called Pookalam in the front courtyard of the house to welcome King Mahabali. Kaikottikali and Thumbi Thullal are two graceful dances performed by women on Onam. Folk performances like Kummatti kali and Pulikali add to the zest of celebrations.



**ABY ISMAIL**
3rd DC Economics

According to the legend, Kerala witnessed its golden era during the reign of King Mahabali. Everybody in the state was happy and prosperous and king was gighly regarded by his subjects. Apart from all his virtues, Mahabali had one shortcoming. He was egoistic. This weakness in Mahabali,s character was utilized by God to bring an end to his reign as they felt challenged by Mahabali,s growing popularity. However, for all the good deeds odne by Mahabali, God granted him a boon that he could annually visit his people with whom he was so attached.

Mahabali was the grandson of Prahalad (son of Hirananyakashipu who aws slain by Vishnu in his Narasimha Avataram). Prahalad, despite being an Asura, had great faith in Vishnu. Mahabali learned the love and devotion of Vishnu from Prahalad,s lap as a child. Mahabali is the Aryanised name for Dravidian king Maveli as he is still referred in Kerala. Once Indra, the king of the God/Aryans went to war with the king of Asuras (Dravidians), Mahabali defeated Indra and proceeded to occupy Indra's territory. The Devas (Aryans, God's) were very annoyed as Mahabali became the ruler of all the three world's having defeated the Devas.

The god approached Vishnu and asked for his help. Inthe meantime, Mahabali was performing the sacrificial rite of the Viswajith Yagam or Aswamedha Yagam on the banks of Narmada River. He also declared that he would give anything that anyone sought from him during this Yagam. Taking advantage of the Yagam and Mahabali's declaration, Vamana,(an vatar of vishnu) cane to the Yagashala. Mahabali went forth to receive the Brahmin boy with all traditional honours and gave him an eminent seat befitting the status of a holy person. With the usual courtesy given to the people who came to ask for help, Mahabali told him that it was his good fortune that Vamana had chosen to honour him with his presence. Whatever Vamana desired, Mahabali was ready to fulfill. Vamana smiled and said: "You need not give me anything great. It is enough if you give me that extend of land covered by three foot-steps of mine."


On hearing him, Mahabali's preceptor, the Brahamin Shukracharya (a Daitya priest), who had visions of future, told Mahabali that the one who had come to take alms from him was not an ordinary Brahamin but Lord Vishnu Himself having assumed this form. He advised Mahabali not to promise the lad anything. But Mahabali was a king who would never go backon his word, considering it sinful to do so. Saying so, he asked Vamana to measure the desired three feet of land. Vamana grew in size until he towered above the heavens. With one footstep, he measured all of the earth. With the second, he claimed all of heaven. There was still one foot of territory that Mahabali owed him. Mahabali requested Vamana to place the final step on his head as the third step of land, for he had no other left. Vamana did so and in doing so, pushed him down to Patala, the underworld.

For his devotion, Lord Vishnu (vamana) granted him rule over the underworld. It was also granted that he would hold the position of Indra for one Manvantara, thus fulfilling his devotee's desire (the office of Indra being a rotating position, changing every Manvantara). As a last gift, Mahabali was hranted permission to visit his subjects once a year. Thus, Keralites celebrate the onam festival to commemorate the memory of the great King Mahabali who would keep his promise to visit. Mahabali fulfillrd his name as the great martyr for the sake of Truth ("Satya"). The name "Mahabali" itself means Great Sacrifice.

During onam, the feast and festive mood of people, dressed in their best, is considered reminiscent of the prosperous and truthful life of subjects during Mahabali's flawless reign People wear new clothes (Vastra) during Onam. The 'Vastra" also stands for heart. Thus the significance of wearing new clothes is about making the heart new by removing all bad thoyghts and feelings. People forgetting their sectarian ouylooks, join hands together to welcome the auspicious "Thiruvonam day.







# PROBLEMS OF FISCAL POLICY IN INDIA



**MUBEENA. E.A.**
3rd DC Economics

The fiscal policy is one of the most important policy of government adopted to bring about economic stability in thr means of achieving full employment, increase in national income, price level and so on. Fiscal policy is related with government finance. For smooth running of fiscal policy matters, government appoints various finance commissions to deal with financial responsibilities and for maintaining balanced budget programmes. The function of finance commission are determining the share of states. The government of India prepares its own budget and regulates with the suggestions and recommendations provided by finance commissions. It is also an important duty of finance commissions to transfer resources between centre and states in a relevant manner and considering the needs of each state

However over the years it has been found that finance commissions are heavily burdened regarding distribution of tax revenues, grants between different states ,for this purpose various adjustments has to be made in taxes and expenditure of government. During the years it has been found that goevrnment expenditure has been continously rising and therefore it arises a great problem in maintaining a proper balanced budget and thus their arise fiscal deficit. Year by year goevrnment of India has been expecting higher and higher economic growth. In recent budget government has targeted economic growth of 9 %. As we know India has been an agricultural economy and majority of its population depends upon agriculture fortheir livelihood. Governments major priority is to develop agricultural sector to great extent and is targeting its growth rate at 4 %. Government provides various agricultural loans at subsidised rates and each and every year it has increased its loans to higher rate and set up a great amount for developing agriculture , Not only this Government spend large amount on all other factors. Besides agriculture it also gives most priority to defence sector and set up huge amount as defence expenditure. Likewise it spends on Industrial development, Health, Edu-

cation, Housing etc. For all this matters it requires large finance ro carry out its activities. and therfore it comes government to maintain a budget policy every year to create economic stability and achieve economic growth.

Thus it is such that as Government expenditure has been rising continously it has to face a high fiscal deficit. Deficit in fiscal matters arise when government expenditure exceeds government revenue. To solve this problem government has to borrow funds from various sources. it borrows funds from the public in source of tax revenueby providing various services to public and also government borrows from various international agencies like IMF, WORLD BANK and also through avrious financial institutions.

Inorder to eliminate fiscal deficit government should try to increase its revenue and lower expenditure but this can cause bad effects to public. as India is not so developed economy,if government does not carry its activities then the life of majority will be weakened. As we already know ther are many people living below poverty line and hence it is necessary that government should be able to provide economic welfare and other benefits towards society. hence it has to make various fiscal adjustments inorder to promote welfare towards society.

After all its not the problem of our country as it is seen that global economy is itself battling with its financial crisis and this crisis has hit all over the world. Since from the adys of Great Depression till toady all the economy is burdened with its fiscal deficit. It is not the problem of one or two nation. Almost all the countries in the world is badly affected by financial crisis and it finds difficult to maintainits balanced budget.This financial crisis badly affects the people all over the nation. and thus their standard of living goes down. Hence fiscal deficit is a major problem all over the world

Today government uses some anticyclical fiscal policies to curb down both inflationary and depressionary pressures. But this also does not work in proper manner. There are many limitations `

behind this,because in many nations we always find business cycles are always hampered by inflationaryand depressionary situations and it is very difficult to remove this bottlenecks. The situations go on changing and it is difficult to predict which situations occur and government fails to provide solutions to tackle this problem. As each and every nation is depended on other nation the market situtions goon changing which affects export and imports of the nation. and hence government cannot take important steps and solution in each and every direction. if government initiates one step it has to immediately turn towards another direction The market may expand at one point and may contract at another point of time.

Hence we conclude that whatever step government takes to tackle the problem of fiscal deficit it ahs not been able to overcome hte problem to large extent. still each and every nation has to face this problem as government is unable to adjust its fiscal policy and reach its target of achieving ihgh economic growth.







Botany Seminar on Rubber Cultivation






Industrial visit by E.D. Club to Nadukkara Agro Procesing Company Ltd.





# സ്ത്രീസ്വാതന്ത്ര്യം

**ANUPAMA SUKUMARAN**
1st DC Economics

സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് എക്കാലത്തും വിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ഓരു പുതിയ തലമുറയെ ലോകത്തിന് പ്രദാനം ചെയ്യുക എന്ന മഹത്തായ കടമയാണ് പ്രകൃതി അവൾക്ക നൽകിയ തൊഴിൽ. ആ തൊഴിൽ അവൾ ഏറ്റെടുത്ത് ഏതുവിധേനയും നിർവ്വഹിക്കുന്നു. പുരുഷന്റെ കർമ്മങ്ങളുടെ ഏത് സുഷ്മാംശങ്ങളിലും പങ്കുകൊള്ളാനുള്ള അവകാശവും അധികാരവും അവൾക്കുണ്ട്.

പുരുഷനിർമ്മിതമായ സമൂഹവും മതനിഷ്ഠയും സദാചാരവും സാമ്പത്തിക വ്യവസ്ഥിതിയും പുരുഷന്റെ മേൽക്കോയ്മയും ഗൂഢാലോചന നടത്തി സ്ത്രീയെ അടിമയാക്കി. ഭാരതത്തിൽ എക്കാലവും സ്ത്രീയെ ആദരിക്കപ്പെടുന്നതായിട്ടാണ് കാണുന്നത്. ഓരുവന് അമ്മയിൽ നിന്നു ലഭിക്കുന്ന ശിക്ഷണമാണ് ഏറ്റവും ഉത്തമമെന്ന് മഹത്തായ വ്യക്തികൾ പറയുന്നു. അച്ഛനും ഭർത്താവും മകനും സ്ത്രീയെ ബഹുമാനിക്കണമെന്ന് അവർ പറയന്നു.


പുരാണ കഥയിൽ തന്നെ അന്ധനായ ഭർത്താവിനെ സ്വന്തം കണ്ണുമൂടികെട്ടികൊണ്ട് പരിചരിച്ച ഗാന്ധാരിയും ,തന്റെ ചാരിത്രത്തിൽ സംശയം തോന്നിയ ഭർത്താവിന്റെ മുൻപിൽ അഗ്നിയിൽ പാതിവ്രത്യം തെളിയിച്ച സീതയും ഉത്തമസ്ത്രീഗണത്തിൽ പെടുന്നു

സ്ത്രീകളെ ഗൃഹദേവതകളായി പൂജിക്കണമെന്നാണ് സ്മൃതികാരന്മാർ പറയുന്നത്. അമ്മയെ മാനിക്കാത്തവരാരും മഹാന്മാരാകുന്നില്ല. സ്ത്രീയുടെ ജിവിതം പൂർണമാകുന്നത് മാതൃത്വംകൊണ്ടാണ് പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേയ്ക്കും സ്ത്രീകൾക്ക് വമ്പിച്ച വിജയങ്ങൾ കൈവന്നു. ജനവിഭാഗത്തിൽ പകുതിയിലധകം അടുക്കളയിലെ അടിമച്ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരുന്നാൽ ഓരു രാഷ്ട്രത്തിനും സ്വതന്ത്രമാകുവാൻ സാദ്ധ്യമല്ലയെന്ന് ലെനിന പറയുന്നു.

സ്ത്രീകൾ രാഷ്ട്രീയ സമത്വത്തിനു വേണ്ടി പൊരുതാൻ ഇടങ്ങി. സ്ത്രീകൾ തങ്ങളുടെ ശക്തി മനസ്സിലാക്കുതോറും തങ്ങൾകുള്ള അസമത്വങ്ങളെ സ്വഭാവികമായും അവർ ചെറുത്തു നിൽക്കും. സ്വന്തം കടമ അറിയുകയും അതു നിറവേറ്റുകയും ചെയുന്ന സ്ത്രീ അന്തസ്സോടുകുടി അവളുടെ പദവിയെ സാക്ഷാത്കരികുന്നു.

മനുഷ്യസമൂഹം സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടി ഇന്നും പടപൊരുതുന്നു. സ്ത്രീ പുരുഷന്മാരോടൊപ്പം ഏതു നിലയിലും പ്രവർത്തിക്കാൻ കഴിവുള്ളവർ എന്നു സ്ഥാപിച്ചു കഴിഞ്ഞു.

എല്ലാ രംഗങ്ങളിലും ഇന്ന് സ്ത്രീ ആധിപത്യം നേടിക്കഴിഞ്ഞു. ശാസ്ത്ര, സാഹിത്യ രംഗത്തും അവർ സജിവമായി പ്രവർത്തിക്കുന്നു. അടുക്കളയ്ക്കും, തൊഴിൽ ശാലയ്ക്കും അപ്പുറത്തുള്ള ഒരു ലോകം അവർക്കും ഉണ്ടെന്ന് ഇന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.











# പുസ്തകം- ഒരു ഉറ്റ സുഹൃത്ത്



**RASIA. P.A.**
1st DC Economics

'വായിക്കുക - വളരുക' എന്ന ഗ്രന്ഥശാലാ സംഘത്തിന്റെ മുദ്രാവാക്യം വളരെ അർത്ഥവത്താണ്. ഒരു വ്യക്തി നേടുന്ന വിദ്യാഭ്യാസത്തിന്റെ കാൽഭാഗം മാത്രം ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നു. ബാക്കിയുള്ളതിന്റെ സിംഹഭാഗവും വായനയിൽകൂടി ലഭിക്കേണ്ടതാണ്. ശരീരവളർച്ചയ്ക്ക് ആഹാരം എന്നപോലെ മാനസിക വളർച്ചയ്ക്ക് പുസ്തകങ്ങളിലൂടെയുള്ള അറിവ് അനിവാര്യമാണ്. രുചികരമായതും ആരോഗ്യം മെച്ചപ്പെടുത്തുന്നതുമായ ആഹാരമാണ് നാം കഴിക്കുന്നത്. ഇതുപോലെ മെച്ചപ്പെട്ടതും നല്ലതും വികസനത്തിനുതകുന്നതുമായ പുസ്തകങ്ങളാണ് നാം വായിക്കേണ്ടത്. ചീത്ത പുസ്തകങ്ങൾ നമ്മെ വിഷം കലർന്ന ആഹാരം പോലെ അടിമുടി തകർക്കുന്നു. പുസ്തകം ഒരു ഉറ്റ സുഹൃത്താണെന്ന കാര്യം നമുക്ക് ഉറപ്പിച്ചു പറയാം.

എന്താണ് ഒരു നല്ല സുഹൃത്തിന്റെ കടമ? ഒരു സുഹൃത്ത് നമുക്ക് കളിക്കൂട്ടുകാരനാണെന്നതിലുപരി നമ്മെ നേർവഴിയിലേക്ക് നയിക്കുന്ന വഴികാട്ടി കൂടിയാണ്. ആപത്തിൽ നമ്മെ സഹായിക്കുന്നവനാണ്. നമ്മിൽ നല്ല ശീലങ്ങൾ വളർത്തുന്നവനാണ്. അനുഭവങ്ങൾ പങ്കുവയ്ക്കുന്നവനാണ്. ഒരു സുഹൃത്ത് എന്നപോലെ പുസ്തകങ്ങൾ മനസിന് ഉല്ലാസം പകരുന്നു. മനസിന്റെ ശാന്തിയ്ക്കും ശക്തിയ്ക്കും അതിലുപരി ആരോഗ്യത്തിനും നല്ല പുസ്തക വായനയിലൂടെ ലഭിക്കുന്ന ഘടകങ്ങൾ അനവധിയാണ്. ജീവിതമാകുന്ന വഴിയിൽ പലപ്പോഴും നമ്മെ സഹായിക്കുന്നത് വായനയിൽ നിന്നു നമുക്ക് ലഭിച്ച അറിവും അനുഭവങ്ങളുമാണ്. നേർവഴിയെ നടക്കാനും പൊതുവഴി മെച്ചപ്പെട്ട രീതിയിൽ കണ്ടെത്താനും പുസ്തകങ്ങൾ നൽകിയ അനുഭവങ്ങൾ നമ്മെ സഹായിക്കുന്നു. തലമുറകളായി മനുഷ്യരാശി സമാർജ്ജിച്ച അനുഭവങ്ങളുടെ രത്നശേഖരമാണ് പുസ്തകങ്ങൾ. അറിവിന്റെ ഖനികൾ തേടിയെത്തുന്ന ഒരുവന് ഇവിടെ നിന്നും രത്നങ്ങൾ കണ്ടെത്താൻ കഴിയും. ഇടറിയ കാൽവെപ്പോടെ ജീവിതത്തിന് നേരെ മരവിച്ച് നിഷ്ക്രിയരാകുന്നവരിൽ പലരും വായനയുടെ കാര്യത്തിൽ ദരിദ്രർ ആയിരിക്കും. പുസ്തകങ്ങൾ നമുക്ക് മാർഗ്ഗദർശിയാണ്. വായനയില്ലാത്ത ഒരുവന്റെ ജീവിതം മൃഗതുല്യനായി അധഃപതിക്കുന്നു.

പുസ്കങ്ങൾ അറിവുപകരുന്ന ഗുരുനാഥ

നായ കൂട്ടുകാരനാണ്. വടിയെടുക്കാതെയും കണ്ണുരുട്ടാതെ നമ്മെപഠിപ്പിക്കുന്ന പുസ്കങ്ങൾ മെച്ചപ്പെട്ട അറിവിന്റെ വിശാലചക്രവാളത്തിലേയ്ക്ക് നമ്മെ എത്തിക്കുന്നു. അദ്ധ്യാപകൻ സുഹൃത്താവുക, സുഹൃത്ത് അധ്യാപകനാവുക ഇവ രണ്ടും പുസ്തകങ്ങളുടെ കാര്യത്തിൽ സാധ്യമാണ്. നല്ല പുസ്തകങ്ങൾ സൂക്ഷിക്കുന്ന ഗ്രന്ഥശാല ഒരു യഥാർത്ഥ സർവ്വകാലശാലകളാണ്. വിജ്ഞാന വിസ്ഫോടനം ലോകത്ത് സംഭവിക്കുമ്പോൾ നാളെ നമ്മൾ നല്ലൊരുഭാവിയിലെത്തിച്ചേരണമെങ്കിൽ അറിവിന്റെ സകലവെല്ലുവിളിയേയും നേരിടാൻ ഇന്നത്തെ ഈ തലമുറ തയ്യാറാകണം. അതിന് വായന കൂടിയേ തീരൂ. എന്നാൽ കേരളീയ ജനത വായനയുടെ കാര്യത്തിൽ അലംഭാവം കാട്ടുന്നു എന്ന ആരോപണം ഇവിടെ സത്യമാവുകയാണ്.

ചീത്ത പുസ്തകങ്ങൾ ഒരു അപകടകാരിയായ സുഹൃത്ത് എന്നത് പോലെയാണ്. അവ നമ്മെ തിന്മയുടെ ലോകത്തേയ്ക്ക് ആനയിക്കുന്നു. നാമറിയാതെ നമ്മൾ പല തിന്മകൾക്കും അടിമയാവുന്നു. നമ്മുടെ ദുഷ്ടവാസനകളെ തഴുകി ഉണർത്തുന്നു. ഒരു അധ്യാപകനോ പിതാവിനോ നമ്മിലുള്ള അധികാരത്തേക്കാൾ നമ്മെ ചീത്തപുസ്തകങ്ങൾ സ്വാധീനിക്കുന്നു. മാധ്യമങ്ങൾ ദുഷിച്ചാൽ അതു സമൂഹനാശമാണെന്ന് ചില ബുദ്ധിജീവികൾ പറയുന്നത് എത്ര അർത്ഥവത്താണ്.

ഇങ്ങനെ പുസ്തകങ്ങൾ നമ്മുടെ ഉത്തമ സുഹൃത്തുക്കൾ ആണെന്നു പറയുന്നതിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ അനവധിയാണ്. ആവശ്യത്തിനുതകുന്ന കൂട്ടുകാരാണ് യഥാർത്ഥ കൂട്ടുകാർ. എത്ര ആത്മസുഹൃത്താണെങ്കിലും ചില ആപത്ത് ഘട്ടങ്ങളിൽ അടുത്തുണ്ടായെന്നു വരില്ല. എന്നാൽ നമുക്ക് വായനയിലൂടെ ലഭിച്ച അറിവ് അത് നമ്മുടെ കൂടെ സധാ സമയവും ഉണ്ട്. ഇത് ഇത്തരം സന്ദർഭങ്ങളിൽ വളരെ ഉപയോഗപ്രദമാകുന്നു. എല്ലായ്പ്പോഴും അവ നമ്മുടെ ആത്മമിത്രങ്ങളാവുന്നു.

വിനോദം, വിജ്ഞാനം, ആപത്ത്രാണനം, ദയാത്രാണനം, മാർഗ്ഗദർശി, അഭ്യുദയകാംക്ഷി എന്നിങ്ങനെ ഉള്ള അംശങ്ങളിൽ പുസ്തകങ്ങൾ നമ്മുടെ ആത്മമിത്രങ്ങളായി തീരുന്നു. ഒരു നല്ല പുസ്തകപാരായണം ഒരുവന്റെ മാനസികമായും, ആത്മീയമായും, ശാരീരികമായുള്ള വളർച്ചയെ ത്വരിതപ്പെടുത്തുന്നു. അതുകൊണ്ട് നമ്മുടെ മുന്നോട്ടുള്ള ജീവിതയാത്രയിൽ വായന കൂടിയേ തീരൂ. 'വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും' എന്ന വാക്യം നമുക്ക് ഇവിടെ കടമെടുക്കാം. ഒരു നല്ല പുസ്തകം ഒരുവന്റെ ചിന്തകളെയും വിചാരങ്ങളെയും എല്ലാം രൂപപ്പെടുത്തി എടുക്കുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ ഒരു നല്ല പുസ്തകം ഒരുവനെ സമ്പൂർണ്ണ മനുഷ്യനാക്കുന്നു എന്നർത്ഥം. അതിനാൽ പുസ്തകം ഒരു ഉറ്റ സുഹൃത്ത് എന്ന് നമുക്ക് നിസംശയം പറയാം. വായനയുടെ അപര്യാപത കൊണ്ടുള്ള അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും വിജ്ഞാനത്തിന്റെ വെളിച്ചത്തിലേയ്ക്ക് നയിക്കുന്ന വഴികാട്ടികളാണ് പുസ്തകങ്ങൾ.





# ഭാരം കുറയ്ക്കാൻ ഭക്ഷണം

1 എണ്ണയിൽ വറുത്തെടുത്ത മധുരമുള്ളതുമായ ഭക്ഷണം കഴിക്കരുത്
ഇടയ്ക്കിടെ ലഘുഭക്ഷ്യവിഭവങ്ങൾ കൊറിക്കുന്നത് ഒഴിവാക്കുക
നാരാ ധാരാളമുള്ള തവിടു നീക്കാത്ത ധാന്യങ്ങൾ ഉപയോഗിക്കുക. ഇത് വയർ വേഗം നിറഞ്ഞതായി തോന്നിപ്പിക്കും.

2. ആഹാരം അമിതമാകാതിരിക്കാൻ
പാർട്ടിയ്ക്കും മറ്റും പോകും മുമ്പ് സാലഡോ സൂപ്പോ കഴിച്ച് വയർ പാതി നിറയ്ക്കുക.
വിശപ്പു തോന്നുമ്പോൾ മാത്രം ഭക്ഷണം കഴിക്കുക
രണ്ടാമത് വിളമ്പി കഴിക്കുന്നത് ഒഴിവാക്കുക. പകരം ആദ്യം എടുത്ത ഭക്ഷണം വളരെ പതുക്കെ കഴിക്കുക.
നിന്നുകൊണ്ട ആഹാരം കഴിക്കരുത്. ഇരുന്ന് സാവധാനം കഴിക്കുക.

3. കലോറി കുറയ്ക്കാം.
മസാലദോശയ്ക്കു പകരം സാധാരണ ദോശ കഴിക്കുക. 120 കലോറി കുറയ്ക്കാം.
കലോറി കൂടുതലുള്ള കേക്കും ബിസ്കറ്റും മറ്റും ചെറിയ അളവിൽ മാത്രം കഴിക്കുക.
ആഹാരത്തിനു മുമ്പ് കൊഴുപ്പുകുറഞ്ഞ വെജിറ്റബിൾ സൂപ്പ് കഴിക്കാം.
മൈദയ്ക്കും മറ്റും, പകരം തവിടുകളയാത്ത ഗോതമ്പുപൊടി ഉപയോഗിക്കാം.
പഴച്ചാറുകൾക്കു പകരം വെറും സോഡ ഉപയോഗിക്കുക.
ദാഹിക്കുമ്പോൾ കഴിവതും ശുദ്ധജലം മാത്രം കുടിക്കുക.
ഓംലറ്റിനു പകരം മുട്ട പുഴുങ്ങി കഴിച്ചാൽ 50 കലോറി കുറയ്ക്കുക.

4. ഇരുമ്പ് ലഭിക്കാൻ
നെല്ലിക്ക ചേർത്ത ചട്നി ഉപയോഗിക്കുക
പച്ചക്കറികൾ ഇരുമ്പുപാത്രത്തിൽ പാകം ചെയ്യുക.
ദിവസവും വേഗത്തിൽ നടന്നുള്ള വ്യായാമംമ ചെയ്യുക.

5. ടെൻഷൻ കുറയ്ക്കാൻ
നിങ്ങളെ സന്തുഷ്ടരാക്കുന്ന ഹോബികളിൽ ഏർപ്പെടുക.
പാലും ഗ്ലൂക്കോസും ഉപയോഗിക്കുക
യോഗയോ ധ്യാനമോ ശീലമാക്കുക.
ഇടയ്ക്ക് കൈകൾ കോർത്ത് വലിച്ചു പുറത്തേക്കു നീട്ടുക
വീടും പരിസരവും ഭംഗിയായി സൂക്ഷിക്കുക. ഇത് നല്ല മാനസികാവസ്ഥ സൃഷ്ടിക്കും.


6. സുഖകരമായ ഉറക്കത്തിന്
ഉറങ്ങാൻ കിടക്കും മുമ്പ് ചെറുചൂടുവെള്ളത്തിൽ കുളിക്കുക.
രാത്രി ഭക്ഷണം പരമാവധി ലഘുവാക്കുക, ഉറങ്ങുംമുമ്പ് ചായ, കാപ്പി ഇവ വേണ്ട.
ഉറങ്ങു മുമ്പ് ചെറുചൂടുള്ള ഒരു ഗ്ലാസ്സ് പാൽകുടിക്കുക.
മുറിയിൽ തീവ്രത കുറഞ്ഞ പ്രകാശം ഉപയോഗിക്കുക.

7. ഓർമ്മശക്തി വർദ്ധിപ്പിക്കാൻ
അടുക്കും ചിട്ടയും ശീലിക്കുക
ആപ്പിൾ കഴിക്കുക. അതിലെ ആന്റി ഓക്സിഡന്റുകൾ തലച്ചോറിന്റെ പ്രവർത്തനം മെച്ചപ്പെടുത്തും.
മനസ്സിനെ ഇടയ്ക്കിടെ ഉണർവുള്ളതാക്കി ടെൻഷൻ ഒഴിവാക്കുക.
വിറ്റാമിൻ ബി അടങ്ങിയ കരൾ പോലുള്ള ഭക്ഷണം തലച്ചോറിന്റെ വിവര സംസ്കരണ ശേഷി കൂട്ടും.

പ്രിയ സി.എസ്.
C1

Don't count the days, make the days count. - Muhammad Ali

# INTRICACIES OF THE GLOBAL ECONOMIC CRISIS



A terrible recession or depression is sweeping the world for the past two years, playing havoc with the millions of people. Each day comes news of job cuts, decline in consumer spending, and the downward trend of the stock market. Almost all the countries are trying to give all sorts of explanations and remedial measures. Some say it is due to greed. others blame subprime loans, hedge funds, monetary policy or interest rates.

An economic recession is a feature of an industrial, not agrarian economy. In agrarian economies, too there were such catastrophes, but there were due to natural calamities, such as drought flood and epidemics. An economic recession is a feature peculiar to industrial economies.

There have been recessions every eight or ten years since the 18 th century Industrial Revolution but recoveries followed shortly. There was however one Great Depression which lasted for 1929 to 1939. It was ended only by second world war, which claimed the lives of millions.

We now witness a secondGreat Depression , and it's sweep wider than that of the 1929 Depression. while the latter affected mainly America and Europe, the present crisis affects the whole world.

The principle cause of an economic recession is the lack of sales or aggregate demand which in turn is due to lack of purchasing power among the masses. As Industrial economy develops, industries tend to become larger and more capital intensive. This is necessary for them to face the competition in the market. This process ie inevitable, but it leads to large scale unemployment, since many workers in a labour intensive industry laid off when it becomes capital intensive.

Now the worker , apart from being a producer, is also a consumer. A worker in a steel factory does not consume steel or a worker in a shoe factory does not consume shoe, but he and his family consume food cloth and so on when he losses his job, his purchasing power is drastically hit. when large scale unemployment occurs (because





of industries increasingly become more capital intensive) the market correspondingly contracts. while production increases, sales decreases and this leads to recession.

Mass production must be accompanied by mass consumption. By taking purchasing power out of the hands of mass consumers, industrialists deny themselves demand for their products that would justify reinvestment of their capital accumulation in new plants that would increase employment

The economic recession is thus caused by the reduction of purchasing power among the masses. productive capacity has been enhanced enormously, but the majority of people are too poor to be able to buy. The problem therefore does not relate to increasing production but increasing the purchasing power of the masses. production can be increase easily, but the goods produced had to be sold. How can they be sold if the people are unemployedand having very little purchasing power

The issue is not how to increase demand. The demand is there but the people do not have the money to purchase goods. In India for instance, 70 % of the people live on incomes of Rs 20 a day. This is not sufficient for anything. The solution to economic crisis lies in raising the purchasing power of the people.

In my opinion, one of the method to resolve the economic recession is to reduce taxes drastically. The purpose of imposing taxes is togenerate revenue for the state so that it can perform its functions. If the rates are reduced , the prices of goods will go down and people will buy more. In other words, by reducing taxes, we increase purchasing power that will be a welcome step

The Indian situation is such that while we have increased the number of billionaires, the poor have become poorer and even the middle class is finding it difficult to make ends meet because of rising prices. This could lead to widespread social unrest and disturbances. It is not good for the vast masses of our people and will not be tolerated.

During the past three months we have crossed a long way in this direction of resolving economic crisis. we are on the way of getting free from the great debacle recession This is due to the stringent measures taken up by the central government and our apex banking institution, Reserve Bank of India. A well functioning commercial banking system also helped for this. No doubt recession is a part of trade cycle and sign of economic growth. Let us be optimistic about our economy and the world economy will come back to development and boom trajectory as soon as possible.

Georgekutty Jose
3rd DC Economics



# കേരളം എന്റെ നാട്



കേരളമാണെന്റെ നാട്
കേരം തിങ്ങിയ പുണ്യനാട്
വയലേലകളുള്ളൊരുനാട്
വള്ളം കളിയുള്ളൊരുനാട്

ഗജവീരൻമന്മാർ നെറ്റി പട്ടം-
കെട്ടിയൊരെൻ നാട്
സ്വതന്ത്രഭാരതനേതാ-
ക്കൻമാർ ജനിച്ചൊരെൻ നാട്

സത്യവും നീതിയും നടമാടുന്നൊരു
സുന്ദരവീനാട്
മാബലി മന്നൻ ഭരിച്ചിരു-
ന്നൊരു പുണ്യ മഹാനാട്.

കാട്ടാമകളും കൈത്തോടുകളും
ഓഴുകിട്ടുമീനാട്ടിൽ
വഞ്ചിപാട്ടിൻ അലതുടിക്കും
പുണ്യമഹാനാട്ടിൽ

കേരളമാണെന്റെ നാട്
കേരം തിങ്ങിയ പുണ്യനാട്
വയലേലകളുള്ളൊരുനാട്
വള്ളം കളിയുള്ളൊരുനാട്

**ANITHA MOL A.P.**
3rd DC Economics



# കാണാമറയത്തെ സുന്ദരിയെ തേടും തോഴൻ

സുന്ദരമാം ഗ്രാമത്തിൽ നിന്ന്
കാടുംമേടും കടന്നൊരാൾ വന്നെത്തും
കാണാമറയത്തെ
സുന്ദരിയെകാണാൻ
എന്നാൽ കണ്ടുമുട്ടുമോ

അറിയാത്ത കേൾക്കാത്ത താമര-
യെക്കാണാൻ വരുന്ന മാരൻ
ആരെന്നറിയാതെ സുന്ദരിയെ
കൈപിടിച്ച് തേരേരി

പ്രകൃതിയുടെ പച്ചപ്പും പരപ്പും
ഭൂനിലത്തിൽ ചോരമണവും
മറന്ന് ആകാശനീലിമയും കടന്ന്
പ്രപഞ്ചമണ്ഡലവും കടന്ന്

തേരേറ്റി കൊണ്ടുപോകും
സുന്ദരിയെ
ഇനിയൊരിക്കലും മയങ്ങി
ഉണർത്താൻ
കഴിയാത്ത ഭൂമിയിൽ നിന്നും
സ്വർണ്ണവരണ്ണത്തിൽ
കോട്ടയിൽ എത്തിക്കും
കാഞ്ചന ഭംഗിയിൽ തിളങ്ങും കോട്ട
അങ്ങുദൂരെയല്ല എന്നരികിൽ
നിന്നരികിൽ
മനം തുറന്നുകാന്നു വർണ്ണ ശബളമായ-
കാഞ്ചന ഭംഗിയിൽ തിളങ്ങും കോട്ട

**JOMOL K. JOHN**
3rd DC Economics





## പണപരമായി ബന്ധപ്പെട്ട ചോദ്യങ്ങൾ



Femitha Francis
II B.Com

1 സ്വന്തം പേരിൽ ആദ്യമായി നാണയമിറക്കിയ ആദ്യകേരള രാജാവ്- രവിവർമ്മ കുലശേഖരൻ
2 ഇന്ത്യയിലാദ്യമായി കറൻസിനോട്ട് നിലവിൽ വന്ന വർഷം? - 1809
3 ഇന്ത്യയിൽ ആദ്യമായി സ്വർണ്ണനാണയമിറക്കിയത്? - ഗുപ്തന്മാർ
4 ഇന്ത്യയിൽ ആദ്യമായി കടലാസ് കറൻസി ഇറക്കിയത്? - ബ്രിട്ടീഷ് ഗവൺമെന്റ (1883)
5 ഇന്ത്യയിൽ ആദ്യമായി ദശാംശനാണയ സമ്പ്രദായം വന്ന വർഷം? - 1957 ൽ
6 ഇന്ത്യയിലെ ആദ്യത്തെ വിദേശ ബാങ്ക് ? - ചാർട്ടേഡ് ബാങ്ക്.
7 ഇന്ത്യയിലെ ആദ്യത്തെ ബാങ്ക് ? - ബാങ്ക് ഓഫ് ഹിന്ദുസ്ഥാൻ
8 റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സ്ഥാപിതമായ വർഷം? - 1935 ഏപ്രിൽ 1
9 റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ദേശസാത്കരിച്ച വർഷം? 1948
10 റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആദ്യ ഗവർണർ? -ഓസ്ബോൺ ആർക്കൽ സ്മിത്ത്.
11 റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആദ്യ ഗവർണർ? സി.ഡി. ദേശ്മുഖ്.
12 ഇന്ത്യയിലെ ആദ്യത്തെ ഓഹരി വിപണി ഏത്? - മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ച്.
13 മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ച് സ്ഥിതി ചെയ്യുന്നതെവിടെ?- മുംബൈയിലെ ദലാൽ സ്ട്രീറ്റിലെ ജീജാഭായ് ടവേഴ്സിൽ.
14 കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ച് നിലവിൽ വന്നത്? - 1979 നവംബർ 3.
15 ഇന്ത്യയുടെ ആദ്യ ബജറ്റ് അവതരിപ്പിച്ചത് ആര്? - സർ ജയിംസ് വിൽസൺ
16 സ്വതന്ത്ര്യ ഇന്ത്യയുടെ ആദ്യ ബജറ്റ് അവതരിപ്പിച്ചത് ആര്? - ഷൺമുഖം ഷെട്ടി.
17 ഇന്ത്യ റിപ്പബ്ലിക്കായതിന് ശേഷം ആദ്യ ബജറ്റ് അവതരിപ്പിച്ചത് ? - ജോൺ മത്തായി
18 ഇന്ത്യയിലെ ആദ്യത്തെ നാഷണൽ ബാങ്ക്? - പഞ്ചാബ് നാഷണൽ ബാങ്ക്.
19 ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ ബാങ്ക്? - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
20 ഇന്ത്യയിലെ എറ്റവും വലിയ സ്വകാര്യ ബാങ്ക്? ഐ.സി.ഐ.സി.ഐ. ബാങ്ക്.
21 ആദ്യമായി കേരളത്തിൽ നിലവിൽ വന്ന ബാങ്ക്? - നെടുങ്ങാടി ബാങ്ക് (അപ്പു നെടുങ്ങാടി)
22 ഇന്ത്യയിൽ ബജറ്റ് സംമ്പ്രദായം കൊണ്ടുവന്നത് ആര്? - ലോർഡ് കാനിംങ്.
23 സാമ്പത്തിക ശാസ്ത്രത്തിന് നോബൽ സമ്മാനം നേടിയ ആദ്യ ഏഷ്യാക്കാരൻ? - അമർത്യാ സെൻ
24 ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് സ്ഥാപിച്ചത്? -താക്കൂർദാസും ബിർലയും (1927)
25 മ്യാൻമാറിന്റെ കറൻസിയുടെ പേര്? - ക്യാറ്റ്
26 ആദ്യമായി സാമ്പത്തിക ആസൂത്രണം നടത്തിയ രാജ്യം? - സോവിയറ്റ് യൂണിയൻ
27 ധനശാസ്ത്രത്തിന്റെ പിതാവ്? - ആഡം സ്മിത്ത്.
28 സഹകരണ പ്രസ്ഥാനങ്ങളുടെ പിതാവ്? - റോബർട്ട് ഓവൻ

# ന്യൂമാൻ



Sr. Princy Thekkekunnel
Ist M.A. English

തൊടുപുഴ തൻ തിലകമായ്
അറിവിന്റെ നിറവേകാൻ
കേൾവി പെരുത്തൊരു
ന്യൂമാൻ കലാക്ഷേത്രം
അധ്യാപന മെന്നതൊരു
തപസ്യയായ് കരുതുന്ന
ഗുരുശ്രേഷ്ഠരുണ്ടിവിടെ
അറിവു പകർന്നിടാൻ
നിറയുന്നു ശ്രേഷ്ഠരാം
കവികൾ കലാകാരും
ശാസ്ത്ര പ്രവീണരും
വിദ്യാർത്ഥി വൃന്ദത്തിൽ
സ്വച്ഛന്ദ ശീതളം
സൗഹാർദ്ദമുദ്രിതം
സമാധാന പൂരിതമീ
സരസ്വതീ മന്ദിരം
ദ്യോവിൻ സദൃശമാം
ദേവാലയത്തിലോ
പ്രാർത്ഥനാ നിമഗ്നരായ്
നിന്നിടാൻ കൊതിയൂറും
വരമാരി ചൊരിയുന്ന
വിജ്ഞാനമാതാവിൻ
അരികിലെത്തീടുകിൽ
ശ്രേഷ്ഠമാം സ്വച്ഛത
ചില്ലിട്ട വാതിലതു
മെല്ലെ തുറന്നെന്നാൽ
വായനശാലതൻ
വിശാലമാം ലോകമായ്
അരങ്ങിൽ മുഴങ്ങുന്ന
ആരവങ്ങൾക്കൊപ്പം
അടിച്ചുപൊളിക്കുവാൻ
കലതൻ വിളനിലം

കായികലോകത്തിൻ
വാഗ്ദാനമായിടാൻ
യുവത്വത്തെയൊരുക്കിടും
വിശാലമാം കളിനിലം
കലാലയമൊന്നിവിടെ
പടുത്തുയർത്തീടുവാൻ
ചവർപ്പു നുകർന്നോരെ
സ്മരിക്കണം സാദരം
പ്രണയത്തിൻ പൂക്കളിൽ
പൂന്തേൻ നുകരുന്ന
ശലഭങ്ങളുമെത്തുന്നീ
ഉദ്യാനം തന്നിലായ്
ഇവിടെ തളിർക്കുന്നൊ
രായിരം സ്വപ്നങ്ങൾ
ഇവിടെ വിടരുന്നൊ
രായിരം നന്മകൾ
ഓർമ്മിക്കണം നമ്മളതി
ഭാഗ്യമേറിയോർ
ആർജ്ജിക്കണം നമ്മൾ
വിദ്യതൻ വൻനിധി
ന്യൂമാന്റെ നന്മകളിൽ
അഭിമാന ചിത്തരായ്
നവലോക നിർമ്മിതിയിൽ
അണിചേരാം മോദമായ്
ഈശ്വര കൃപയിൽ
മാനവ ശ്രേയസ്സിൽ
സന്തുഷ്ടരായ് നാം
മേവുക മേൽക്കു മേൽ





ലേഖനം

# Formation of character

By the word character is usually meant the sum total of the peculiarities that distinguish the activity of one person from that of another, irrespective of the content of that activity which may be stupid or clever moral or immoral. In observing what people call character carefully we readily note that they do not introduce what they themselves usually call a person's mental development into theis concept. Two persons possesing a quite different mental development and quite different stocks of knowledge both in quantity and quality may be very similar in character.

On the other hand people of identical development and possessing identical development can be quite different in character. A very educated man can have a very insignificant character and a very uneducated man, a very strong character. From this we see that the concept of character is built up mainly from observation of the peculiarities of the activity of affect and will, independently of ones mental wealth or mental poverty. Good men and bad men, or moral and immoral can have identical weak or strong stable or unstable, cool or hot tempered, decisive or indecisive character. The concept of character consequently does not include either the mental or the moral condition of a person. It does not include the content of feeling and desire itself but only the form of their manifestation. But because the activity of an effect is magnifested only in a person's actions in which we also include speech itself. We must consequently conclude that the concept of character is derived exclusively from observation of the peculiarity of human activity and not moreover from the content of the activity but from its forms. That is why we put study of the formation of character. It is in character that the features of will are manifested in different individuals. The expressions strength of character and will power are often used, because of that or synonyms, although this usage is not quite correct.

There is no unity in people's views on the origin of character itself. We often hear people speak of the innate character, and in exactly the same way we hear them speak of perversion of character of the character of this or that person having been formed as a consequence of the circumstances of his upbringing. In speaking of character, people do not call it good or bad quite in the sense in which they speak of good or bad health. They praise a person's actions by his character but they often blame him for his character ifself, although they sometimes reduce responsibility for an action by certain feature of character.

Education on the other hand, counsels us to look carefully at and on the other hand, gives rules on how to train character in a person. From this we may rightly conclude that ordinary human psychology which in any case has immense value as the sum total of peoples countless observation of phychological phenomena seas in character at one and the same time both something formed in him during his life.

We have just taken our steps to 2010so we can try our best to become good figure in the society moulding good character.

JMJ 12

## Words Commonly Confused

No matter how good your English is certain words can be confusing. Hence, here is a list to help out.

accept / 2 k'sept : to take
except / Ik'sept : to exclude
advice / 2d'vaIs : to recommed (verb)
advise / 2d'vai2 : recommendation (noun)
affect/ 2fekt : to influence (verb); feeling or emotion (noun)
effect / I fekt : to accomplish (verb); result or consequence (noun)
aid / eidl : help
gide /eidl : assistant
already/): Iredi : Previously
allready/):Iredi/ : Completely ready
alter/):It2/ : tochange
alter/1):It2 : Platform in a church
apprise/2prI 2/ : to give notice to inform
appraise/ 2preI2/ : to estimate the do nature or the quality of
born/b):n/ : give birth
borne /b):n/ : Carried, supported
break/breik/ : to fracture, damage
brack/breik/ : to show and stop
breach/bri:ts/ : a break
breech/bri:ts : the buttocks
callus/1k2e/2s/ : hardend skin
callous/1k2e12s/ : unfeeling
compliment/'k))plim2nt : praise
compliment/'k))plim2nt : Something that complete or balances
compose/k2m'v2 : to make up
Comprise/k2m'pr2I2 : to include or consist of
dessert/dI'23:t/ : final course of a meal
desert/'dez2t/ : arid region, to leave or abandon
disk/dIsk/ : Vertebrae
disc/dIsk/ : photograph, CD
discrete/dIslri:t/ : separate
discreet/dIskr:t/ : circumspect, prudent
emigrate/'emIgreIt/ : to leave a country
immigrate/ImI'greIt/ : to enter and settle in a country
heroine/'herovIn/ : Principal female character
heroin/'herovIn : ileegal narcotic





its/It2/ : belonging it
it's/Itz : it is
naval/'neIvl/ : of the navy
navel/'neIv1/ : umbilicus
lose/Iu:2/ : to experience loss
loose/ /u:s/ : not tight or bound
Perspective/p2'spektIv : view, vision
Prospective/Pro'spektIv : future
Proceed/Pro's 1:d : to continue, to go ahead
Precede/PrI'si:d/ : to go before
Prescribe/PrI'skr2Ib/ : to recommend, to order the use of a treatment
Proscribe/Pro'skr2Ib/ : to prohibit
Principle/'PrIns2pl/ : rule
Principal/'PrIns2ple/ : chief, main
perfuse/'P3:fju:s/ : to diffuse, to pass through
Profuse/Prifju:s/ : abundant, ingreat amount
Prostrate/'Pr))streIt/ : lying flat
Prostate/'ProsteIt/ : gland
quite/kw2It/ : very
quiet/'kw2I2t/ : still
sheer/SI2/ : tranparent, ulter
shear/SI2/ : to clip
Staring/strea2rIn/ : gazing fixedly
Staring/str2rIn/ : resembling a star having the lead role
Stationary/'sterI/2nrI : fixed
stationary/'ster/nrI : paper supplies
then/sen/ : at that time
than/of 2n/ : as in greater than
whose/hu:2/ : belonging to whom
who's/hu:2/ : who is
Your /j):/ : belonging to you
your're/j):/ : you are

Krishnaja C.M.
L2



# ഇന്നല്ലെങ്കിൽ നാളെ

Sibin Sebastian
Z2

ഇന്നത്തെ സമൂഹത്തിൽ നാം കണ്ടുവരുന്നൊരു പ്രവണതയാണ് പിൻതിരിയൽ. ജീവിതത്തിൽ നിന്ന്, നമ്മിൽ നിന്ന് അവസാനം അത് ആത്മഹത്യ എന്ന അർത്ഥശൂന്യമായ ഒന്നിൽ ചെന്നു നിൽക്കുന്നു. ഇതിന് പ്രധാനമായ കാരണം വ്യക്തമായ ഒരു ലക്ഷ്യമില്ലാത്തതുകൊണ്ടാണ്. വ്യക്തശക്തവുമായ ഒരു ലക്ഷ്യത്തിന് നമ്മൾ ഉടമയാണെങ്കിൽ ആ ലക്ഷ്യം നമ്മെ ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനായുള്ള പ്രചോദനം നൽകും. ഓരോ വ്യക്തിയിലും സൃഷ്ടാവായ ദൈവം ഒരു പദ്ധതി ഒരുക്കിവച്ചിരിക്കുന്നു. ആ പദ്ധതിയിൽ പങ്കുചേരുകയെന്നത് ഓരോരുത്തരുടെയും ദൗത്യമാണ്. വ്യക്തിപരമായ ഒരു ലക്ഷ്യമുണ്ടാക്കിയെടുക്കുകയാണ് ഇതിനുള്ള ഏക മാർഗ്ഗം. അതിൽ എത്തിച്ചേരുന്ന വഴിയിൽ കാലം ഒരുപാട് തടസങ്ങൾ നമുക്ക് മുൻപിൽ നിരത്തിവച്ചിരിക്കാം. ശ്രമം ഉപേക്ഷിക്കാൻ തയ്യാറാകാത്ത മനുഷ്യന് വിജയം സുനിശ്ചിതമാണ്. വിജയം നേടാൻ സാധിച്ചില്ലെങ്കിലും തന്റെ കഴിവിന്റെ പരമാവധി പ്രവർത്തിച്ചു എന്ന തിരിച്ചറിവ് പ്രദാനം ചെയ്യുന്ന സന്തോഷം അനുഭവിക്കാൻ അവന് കഴിയും. ജീവിതവഴിയിൽ ഓരോ പരാജയങ്ങൾ നേരിടുമ്പോഴും ഓർക്കുക. പരാജയങ്ങൾ വിജയത്തിലേക്കുള്ള ചവിട്ടുപടികളാണ്. പരാജയത്തിൽ തളരാതിരിക്കുവാൻ അല്ലെങ്കിൽ പ്രചോദനമേകാൻ ചാൾസ് ഗുഡ് ഇയറിന്റെ കഥ നിങ്ങളെ സഹായിച്ചേക്കും. ഇന്ത്യൻ റബ്ബർ വേനൽകാലത്ത് ചൂടുമൂലം ഉരുകുന്നതായി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. ചൂടിനെ അതിജീവിക്കാൻ കഴിയുന്നതും ദീർഘകാലം നിലനിൽക്കുന്നതുമായ റബ്ബർ കണ്ടുപിടിക്കുന്നയാൾ ഭാഗ്യവാനായിരിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനുള്ള ശ്രമം ജീവിതത്തിലെ ഒരു പ്രധാന പദ്ധതി തന്നെയാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉദ്യമവും എളുപ്പമല്ല എന്നറിഞ്ഞിട്ടും അല്പം പോലും വിട്ടുവീഴ്ചയില്ലാത്ത തന്റെ ലക്ഷ്യത്തെ അദ്ദേഹം പിന്തുടർന്നു. തനിക്കു സ്വന്തമായതെല്ലാം അദ്ദേഹത്തിന് വിൽക്കേണ്ടിവന്നു. കടബാദ്ധ്യനായ അദ്ദേഹത്തെ വായ്പ തിരികെ നൽകാത്തതിന് ജയിലിലടച്ചപ്പോൾ, അവിടെയും തന്റെ പരീക്ഷണങ്ങൾ തുടർന്നു. പത്ത് വർഷത്തെ ദുരിതത്തിനൊടുവിൽ വിജയം കൈവന്നു. റബ്ബർ വൾക്കനൈസ് ചെയ്യുന്നരീതി അദ്ദേഹം കണ്ടുപിടിച്ചു. തുടർന്ന് പണവും പ്രശ്സ്തിയും അദ്ദേഹത്തെ തേടിയെത്തി. ഈയൊരു സംഭവത്തിൽ നിന്ന് വളരെ പ്രചോദനം ഓരോരുത്തർക്കും ലഭിക്കുമെന്ന് തീർച്ച. പ്രയത്നത്തിനു ഫലമുണ്ടാകുമെന്ന് വിശ്വസിക്കുക. ആദ്യ ശ്രമം പരാജയപ്പെട്ടാൽ വീണ്ടും ശ്രമിക്കുക പരാജയ കുമ്പാരങ്ങളെ ചവിട്ടു പടികളാക്കി മുന്നേറുക നാമോരുത്തരേയും നാളെ ലോകത്തിന് ഓരോ തരത്തിൽ ആവശ്യമുണ്ട്. എല്ലാറ്റിലുമുപരി ദൈവത്തിൽ വിശ്വാസമർപ്പിച്ച്, ഉൽസാഹത്തോടും നിശ്ചയദാർഢ്യത്തോടും കൂടെ മുന്നേറുക. ഒന്നും നിങ്ങളെ തളർത്താതിരിക്കട്ടെ സുഹൃത്തേ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.





# അഹല്യാമോക്ഷം



അശ്വതി തങ്കച്ചൻ
L2

തീവണ്ടിപ്പാളത്തിനു നടുവിലൂടെ നടക്കുമ്പോൾ അവളുടെ മനസ് ശാന്തമായിരുന്നു. ചോരയുടെ കടുത്തഗന്ധം അവളുടെ ശ്വനേന്ദ്രിയങ്ങളെ ഉണർത്തി. അകലെ നിന്നും ട്രെയിനിന്റെ ശബ്ദം കേൾക്കാമോ? അവൾ കാതുകൾ കൂർപ്പിച്ചു. ഇല്ല. ചീവിടുകളുടെ ശബ്ദം കാതുകളിൽ തുളച്ചുകയറുന്നു. മരണത്തിന്റെ മണിമുഴക്കം. അവൾ പതിയെ കണ്ണുകളടച്ചു. നിശബ്ദദത. ഹൊ മരണത്തിന് തൊട്ടുമുമ്പുള്ള ന്ശബ്ദത കാലിൽ എന്തോ തുളച്ചുകയറിയോ? അല്ലാ മരിക്കാൻ പോകുന്നവർക്ക് എന്ത് വേദന അവൾ ദീർഘമായൊന്ന് നിശ്വസിച്ചു. മനസ് സ്വസ്ഥമാണ്. ഇതുവരെയറിയാത്തൊരു വികാരം, സ്വസ്ഥത, പാതിരാത്രിയിൽ കള്ളുകുടിച്ച് അസഭ്യവാക്കുമായി, തന്നെയും അമ്മയെയും ഉപദ്രവിക്കാൻ വേണ്ടി മാത്രം കേറിവരുന്ന രണ്ടാനച്ഛൻ. ഇടുങ്ങിയ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിയ തന്റേയും അമ്മയുടേയും കരച്ചിൽ ആരും കണ്ടില്ല. ഒടുവിൽ രണ്ടാനച്ഛൻ തന്റെ അരികിലേക്ക് ഒരു വഷളൻ ചിരിയുമായി കടന്നു വന്നപ്പോൾ അമ്മ പ്രതികരിച്ചു. ശക്തമായിത്തന്നെ. പക്ഷെ അയാളുടെ ബലിഷ്ഠമായ കൈകൾക്കുള്ളിൽക്കിടന്ന് അമ്മ പിടയുമ്പോൾ തന്റെ കരച്ചിൽ പുറം ലോകമറിയാതെ അടക്കി. പിന്നീട് അമ്മയുടെ ശരീരം അനാഥപ്രേതം കണക്കെ ശ്മശാനത്തിൽ സംസ്കരിച്ച് മടങ്ങുമ്പോഴും വഷളൻ ചിരിയുമായി നിൽക്കുന്ന രണ്ടാനച്ഛന്റെ മുഖമായിരുന്നു മുന്നിൽ. പിന്നെയങ്ങോട്ടു പോയില്ല. ഇടവഴിയിലുടെയും കുന്നിൻചെരുവിലൂടെയും തിരക്കേറിയ റോഡിലൂടെയും നടന്നു. എങ്ങോട്ടെന്നറിയാതെ ഉടുത്തിരുന്ന ദാവണിത്തുമ്പ് ഒന്നുകൂടി മുറുക്കിയുടുത്ത് വിശപ്പടക്കി. പൈപ്പിലെ ക്ലോറിൻ ചുവയുള്ള വെള്ളം കുടിച്ച് ദാഹമകറ്റി. ഒടുവിൽ ഒഴിഞ്ഞ ഒരു കടത്തിണ്ണയിലിരുന്ന് മയങ്ങാൻ ശ്രമിച്ചപ്പോൾ ആരുടെയോ അർത്ഥം വെച്ചുള്ള നോട്ടവും ചുണ്ടിലെ വഷളൻ ചിരിയും കണ്ടു. രണ്ടാനച്ഛന്റെ ചുണ്ടിൽ വെച്ചു കണ്ട അതേ ചിരി. പിന്നെയും ഓടി, ലക്ഷ്യമില്ലാതെ, കാലുകളിടറാതെ വീണ്ടുമോടി.

തനിക്കിന്ന് ആരുമില്ല ആരും ഒരു പേരില്ലാതെ ഒരു പിടി മണ്ണുപോലും സ്വന്തമായില്ല. പേര് തന്റെ പേര് എന്താണത്? അവൾ ഓർമ്മയിൽ പരതി. എന്തായിരുന്നു അത് കൺമണി അതെകൺമണി അമ്മ മാത്രമേ അങ്ങനെ വിളിച്ചിട്ടുള്ളു. കൺമണി കെപി. കരിംവീട്ടിൽ പാറുക്കുട്ടി. ചെറുപ്പം മുതലേ തന്തയില്ലാത്തവളെന്ന് കേട്ടാണ് വളർന്നത്. പഠിക്കാൻ മിടുക്കിയായിരുന്നു. കഞ്ഞിക്ക് വകയില്ലാഞ്ഞിട്ടു കൂടി അമ്മ 11-ാം ക്ലാസ്സിൽ ചേർത്തു. പിന്നെ കൂട്ടുകാരിൽ ചിലരും തന്തയില്ലാത്തവളെന്നു വിളിച്ചു തുടങ്ങിയപ്പോൾ പഠനം ഉപേക്ഷിച്ചു.

പക്ഷെ താനിന്ന് കൺമണിയല്ല. അഹല്യയാണ്. 11-ാം തരത്തിലെ കുസുമവതി ടീച്ചർ പറഞ്ഞതോർക്കുന്നു അഹല്യയെക്കുറിച്ച്. ശ്രീരാമന്റെ പാദസ്പർശത്താൽ ശാപമോക്ഷം ലഭിച്ച അഹല്യയെക്കുറിച്ച്. തന്നെ രക്ഷിക്കാൻ ഏതു ശ്രീരാമനാണു വരിക, അതെ അതു മരണമാണ് മരണം.

അകലെ നിന്നും തീവണ്ടിയുടെ ശബ്ദം കേൾക്കാം അതടുത്തടുത്ത് വരുന്നു. അതു മരണ വണ്ടിയല്ല. ജീവിത വണ്ടിയാണ്. തന്നെ ഒരു പുതിയ ജീവിതത്തിലേക്ക് കൈപിടിച്ച് കൊണ്ടുപോവാൻ തന്റെ അമ്മ വരുന്നു. ആ തീവണ്ടിക്ക് അമ്മയുടെ മുഖമാണ്. ദയനീയമായ മുഖം. താനീ ലോകത്തിൽ നിന്നു പോകുന്നത് ചീത്തയായതുകൊണ്ടല്ല ചീത്തയാവാൻ ഇഷ്ടമില്ലാത്തതുകൊണ്ടാണ്. ആരുമില്ലാത്ത ഒരു പെൺകുട്ടിക്ക് ജീവിക്കേണ്ടേ ഈ നാട്ടിൽ. ചുണ്ടിൽ വഷളൻ ചിരിയുമായി രണ്ടാനച്ഛന്മാർ ഇനിയുമുണ്ടിവിടെ. ഈ വഷളൻ ചിരിക്ക് അവസാനമില്ലേ. അതാ വരുന്നു തന്റെ അമ്മ. ആ മുഖത്ത് നിറഞ്ഞ ചിരിയാണ്. ഇന്നേ വരെ ഒരു പുഞ്ചിരി കണ്ടിട്ടില്ല. ആ മുഖത്ത് 10-ാം ക്ലാസ്സിൽ ഉയർന്ന മാർക്കു വാങ്ങി വന്നപ്പോൾ അമ്മ ചിരിക്കുകയായിരുന്നോ? പക്ഷെ അമ്മയുടെ കണ്ണിൽ ഉരുണ്ടുകൂടിയ രണ്ടു കണ്ണീർത്തുള്ളി ഇന്നുമോർക്കുന്നു. അതാ അമ്മ തന്റെ നേർക്ക് കൈകൾ നീട്ടുന്നു. മെലിഞ്ഞുണങ്ങിയ കൈകൾ. അവൾ ആ കരം ഗ്രഹിച്ചു. തീവണ്ടി ചൂളം വിളിച്ചു കടന്നു പോയി.

# ഇന്നത്തെ യുവതലമുറ നേരിടുന്ന വെല്ലുവിളികൾ



പ്രശ്നസങ്കീർണ്ണമായ ഒരു കാലഘട്ടത്തിനു മദ്ധ്യേയാണ് നാമിന്ന് കാലൂന്നി നിൽക്കുന്നത്. മദ്യം, മയക്കുമരുന്ന് മനുഷ്യജീവനു നേരെയുള്ള വെല്ലുവിളികൾ, വ്യാപകമായ മൂല്യതകർച്ച. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ, ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ, മാധ്യമ ദുസ്വാധീനം തുടങ്ങിയ പല പ്രതിസന്ധികളിലൂടെയാണ് നാമിന്ന് കടന്നുപോകുന്നത്.

ആധുനിക ലോകത്തിൽ നന്മയ്ക്കു പകരം ആസക്തിയാണ് ഇന്ന് മുന്നിട്ടു നിൽക്കുന്നത്. പാശ്ചാത്യ സംസ്കാര സ്വാധീനം മനുഷ്യന്റെ ചിന്തയിലും പ്രവർത്തിയിലുമെല്ലാം പ്രകടമായി കാണാൻ കഴിയുന്നുവെന്നത് മറ്റൊരു ഗുരുതരമായ പ്രശ്നമാണ്.

ഒരു കാലഘട്ടത്തിൽ നാം ലൈംഗീക ധാർമ്മകതയ്ക്ക് വലിയ പ്രാധാന്യവും മഹത്വവും കൽപ്പിച്ചിരുന്നു. എന്നാൽ ഇന്ന് അത്തരം കാര്യങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇല്ലാതായിരിക്കുന്നു. ഇന്ന് ഓരോ 10 മിനിറ്റിൽ ഒരു സ്ത്രീ വീതം ലൈംഗികപീഡനത്തിന് ഇരയായിക്കൊണ്ടിരിക്കുന്നു.

മുൻ തലമുറ അദ്ധ്വാനത്തിന്റെയും തീഷ്ണമായ ത്യാഗത്തിന്റെയും കഷ്ടപ്പാടിന്റെയും കാലഘട്ടമായിരുന്നു. അവർ അദ്ധ്വാനിച്ചുണ്ടാക്കിയത് നാമിന്ന് അനുഭവിക്കുന്നു. ഒട്ടും അദ്ധ്വാനമില്ലാതെയാണ് ഇന്നത്തെ ഭൂരിഭാഗം കുട്ടികളും വളരുന്നത്. കുടുംബത്തിലുള്ള പ്രശ്നങ്ങൾക്ക് ഒരു കാരണവും ഇതു തന്നെയാണ്.

നിഷ്കളങ്കമായ ഇളം മനസ്സുകളിലേക്ക് വിഷം കുത്തിവെയ്ക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും നാം തന്നെ ഒരുക്കികൊടുക്കുന്നു.

കൗമാരത്തിന്റെ കടുത്ത പരീക്ഷണങ്ങളിലൂടെ കടന്നു പോകുന്ന യുവതീയുവാക്കന്മാർ ചിന്താകുഴപ്പങ്ങളുടെയും സംശയങ്ങളുടെയും നടുചുഴിയിൽപ്പെട്ട് നട്ടം തിരിയുന്നത് നാം പലപ്പോഴും കാണാറുണ്ടല്ലോ! വിശ്വാസങ്ങൾ ലോലമാവുകയും ബന്ധങ്ങൾ മുറിയുകയും ചെയ്യാവുന്ന ഈ കാലഘട്ടത്തിൽ താൻ ഏതു വഴിയേ നടക്കണം എന്നറിയാതെ നമ്മുടെ യുവതലമുറ പകച്ചുനിൽക്കുന്നു. സുഹൃത്തുക്കളുടെ സ്വാധീനവലയത്തിൽ കുടുങ്ങി ഞെരിഞ്ഞമരുന്ന ജീവിതങ്ങൾ പലതും രക്ഷപ്പെടുത്താവുന്നതാണ്. കൂട്ടുകാരുടെ പരിഹാസങ്ങളും ഒറ്റപ്പെടുത്തലുകളും പ്രതികാരങ്ങളും ഏറ്റുവാങ്ങേണ്ടി വരുന്ന ഈ യാതനകാലം ഏറെക്കുറെ ഏവർക്കും അനിവാര്യമാണ്. ഈ കാലഘട്ടത്തിലാണ് മാതാപിതാക്കളുടം മാർഗ്ഗനിർദ്ദേശം ഏറെക്കുറെ ആവശ്യമായി വരിക. പ്രശ്നപരിഹാരത്തിന്റെ രീതികൾ എന്തെന്ന് മക്കളെ പറഞ്ഞു മനസ്സിലാക്കാൻ പറ്റിയ അവസരങ്ങളാണിത്.

സ്വന്തമായി ചിന്തിക്കാനും, ആ ചിന്തയുടെ ഫലമയി കണ്ടെത്തിയ പരിഹാരമാർഗ്ഗം പ്രയോഗിക്കാനും മക്കളെ സജ്ജമാക്കുന്ന മാതാപിതാക്കൾ അവരെ സ്വാശ്രയത്തിന്റെയും ആത്മവിശ്വാസത്തിന്റെയും വിലയേറിയ പാഠങ്ങളാണ് പഠിക്കുക. അധികാരനിർഭലമായ ശൈലി, വീടുകളിൽ നിലനിൽക്കുന്നിടത്തോളം കാലം ഈ കഴിവുകൾ കുട്ടികൾ നേടുന്നില്ല. അവർക്കായി എല്ലാം തീരുമാനിക്കുക മാതാവോ പിതാവോ ആയിരിക്കും. അങ്ങനെയുള്ള മക്കൾക്ക് സ്വന്തമായി ചിന്തിക്കേണ്ടി വരുന്നില്ല. ഈ രീതിയിൽ വളർത്തപ്പെടുന്ന മക്കൾ പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും മുമ്പിൽ പതറിപ്പോകുന്നു. കൂട്ടുകാരിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ ഉണ്ടാകാവുന്ന തീരെ പ്രതീക്ഷിക്കാത്ത പ്രതികരണങ്ങൾ കാണുമ്പോൾ അവർ അശക്തരും, നിരാശരും ആയി മാറി പോകും. കരുത്തിന്റെയും ആത്മവീര്യത്തിന്റെയും അംശങ്ങൾ അവർക്ക് അന്യമായിരിക്കും.

സ്വന്തം കാലിൽ നിൽക്കാനുള്ള കെൽപു ലഭിക്കാനുള്ള ഒരു മാർഗം ശരിയായ സമയവിനിയോഗമാണ്. സ്വന്തം ചുമതലകൾ നിറവേറ്റാൻ വേണ്ട സമയം കണ്ടെത്തുകയും അതിനു ശേഷം കൈവരുന്ന സമയം സുഹൃത്തുകൾക്കും സഹപാഠികൾക്കുമായി മാറ്റിവെയ്ക്കുകയും സ്വന്തം തീരുമാനത്തിൽ ഉറച്ചുനിൽക്കാനും അതേ സമയം സുഹൃത്തുക്കളുടെ അഭിപ്രായങ്ങളെ മനസ്ഥിതി രൂപപ്പെടുത്താനുള്ള കാലമാണിത്. ഇതിന് മക്കളെ പ്രാപ്തരാക്കുക മാതാപിതാക്കന്മാരുടെ ചുമതലയാണ്. ആത്മവിശ്വാസവും ആർജ്ജവവും കൈമുതലായ ഒരു തലമുറയെ അവർ വാർത്തെടുക്കും. നേതൃത്വഗുണങ്ങൾകൊണ്ട് തിളങ്ങുന്ന വ്യക്തിത്വങ്ങൾ അവർ രൂപീകരിക്കും. പ്രശ്നങ്ങളേയും പ്രയാസങ്ങളേയും അവസരങ്ങളായും വെല്ലുവിളികളായും കണ്ട് സമർത്ഥമായി പ്രതികരിക്കാൻ പ്രാപ്തിയുള്ളവരായി തീരും.

ജീവിതനിലവാരത്തിലും സ്ത്രീവിദ്യാഭ്യാസത്തിലുമൊക്കെ മുന്നിട്ട് നിൽക്കുന്ന കേരളം ആത്മഹത്യയിലും മുൻപന്തിയിലാണെന്നുള്ള വസ്തുത നമ്മെ അമ്പരിപ്പിക്കുന്നു. മുപ്പതിനായിരത്തോളം പേരാണ് നമ്മുടെ കൊച്ചു കേരളത്തിൽ ഒരു വർഷത്തിനിടെ ആത്മഹത്യ ചെയ്യുന്നത് എന്ന് കണക്കുകൾ നമ്മെ നോക്കി വിളിച്ചുപറയുന്നു. ഇതിൽ ഭൂരിഭാഗവും യുവാക്കൾ തന്നെയാണ്. പരീക്ഷയിൽ തോറ്റതിന്റെ പേരിൽ, റാങ്ക് കിട്ടാത്തതിന്റെ പേരിൽ ഇങ്ങനെ പോകുന്നു കാരണങ്ങൾ. ഇവയിലേക്കൊന്നു കണ്ണോടിച്ചാൽ നമുക്ക് കാണാൻ കഴിയും ഇവയിൽ ഏറേയും നിസാരകാരണങ്ങൾ മൂലംആണ്. നമുക്ക് യുവത്വം നിറഞ്ഞ എത്രയോ ജീവനുകളാണ് നഷ്ടപ്പെടുന്നത്?

ദൈവം ദീർഘകാലത്തെ പദ്ധതിയൊരുക്കി ലോകത്തേക്ക് അയയ്ക്കുന്നവർ നൈനിമിഷങ്ങളായ തോന്നലുകളുടെ പേരിൽ ജീവൻ അവസാനിക്കുമ്പോൾ ദൈവപദ്ധതിക്കാണ് തുരങ്കം വയ്ക്കുന്നത്. മനുഷ്യബന്ധത്തിന്റെ കെട്ടുറപ്പാണ് ഈ ദുരന്തത്തിന് പ്രതിവിധി. കുടുംബത്തിലെ ആത്മബന്ധവും, സ്നേഹവും പ്രതിസന്ധിയെ നേരിടുവാനുള്ള കരുത്ത് യുവതലമുറയ്ക്ക് ലഭിക്കും. തന്നെ സ്നേഹിക്കുന്നവരുടെയും, പ്രോത്സാഹിപ്പിക്കുന്നവരുടെയും മുമ്പിൽ സംതൃപ്തിയോടെ നിറഞ്ഞ മനസ്സുമായി ജീവിക്കുവാനുള്ള കരുത്ത് ഇളംതലമുറയ്ക്ക് ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.

സെബിൻ (L2)

# വേനലിൽ പെയ്ത മഴ

വീണ്ടും അതുതന്നെ സംഭവിച്ചിരിക്കുന്നു. ഇന്നത്തെ സംഭവങ്ങൾ ഇന്നലെകളുടെ ഓർമ്മകളിലേക്ക് പിന്തള്ളുവാൻ കഴിയുന്ന കരുത്തുള്ള കാലചക്രത്തിന്റെ കാലുകൾ ഒന്നുകൂടി ചലിച്ചിരിയ്ക്കുന്നു. സൂര്യരശ്മികൾ കണ്ണുകളിലേല്പിച്ച സുഖമുള്ള ആഘാതത്തിൽ ഒന്നുകൂടി ചിമ്മിത്തുറന്ന കണ്ണുകളുമായി അയാൾ വീണ്ടുമൊരു പ്രഭാതത്തിലേയ്ക്ക് സ്വയം അതിഥിയും ആതിഥേയനുമായി ഉയർത്തെഴുന്നേറ്റു കഴിഞ്ഞിരിക്കുന്നു.

അയാൾ അനുഗ്രഹീതനായ ചിത്രകാരൻ ശരത്ചന്ദ്രൻ. ചുളിവുകൾ വീണനെറ്റിയും നരച്ച താടിയും മുഷിഞ്ഞ വസ്ത്രങ്ങളും ധരിച്ച ഒരു ചിത്രകാരന്റെ ചിത്രമല്ല അയാളുടേത്. തീഷ്ണമായ കണ്ണുകളും നിഷ്കളങ്കമായ മുഖവും. ഏകദേശം മുപ്പതുവയസേ അയാൾക്കുള്ളൂ. ആ നാട്ടുകാർക്കെല്ലാം അയാൾ സുപരിചിതനാണ്. ആ ചെറിയവീടിന്റെ ഉമ്മറത്ത് വല്ലപ്പോഴുമേ അയാളെ കാണാറുള്ളൂ. കൂടുതൽ സമയവും മുറിക്കകത്ത് സ്വസ്ഥമായിരുന്ന് ചിത്രങ്ങൾ വരച്ച്കൂട്ടുക. അതാണയളുടെ ജീവിതം. രാവിലെ തൊട്ടടുത്തുള്ള ഹൈദ്രുവിന്റെ ചായക്കടയിൽ ചെല്ലും. അവിടെയിരുന്ന് കുശലം പറഞ്ഞ് ചിരിച്ച് സന്തോഷിക്കുന്നതിനല്ല, കടയിലെ ഉമ്മറത്തിട്ടിരിക്കുന്ന ബെഞ്ചിന്റെ അറ്റത്തിരുന്ന് ചൂടോടെ ഒരു ചായക്കുടിക്കാൻ അതിനുവേണ്ടി മാത്രം. അയാളെയും അയാളുടെ ചിത്രങ്ങളെയുംആ നാട്ടിലെ ആബാലവൃദ്ധം ജനങ്ങളും ഇഷ്ടപ്പെട്ടിരുന്നു. ജീവൻ തുടിക്കുന്ന ആ മനോഹരചിത്രങ്ങളെക്കുറിച്ച് പുകഴ്ത്തിപറയാത്തവർ അവിടെ ആരും ഉണ്ടായിരുന്നില്ല. പക്ഷെ ആ മനുഷ്യൻ ഒന്നും പറയാറില്ല. ഇനി വല്ലപ്പോഴും എന്തെങ്കിലും പറഞ്ഞാലോ, അതാർക്കുംമൊട്ട് മനസ്സിലാകാറുമില്ല. ഒരിക്കൽ ഹൈദ്രു അയാളോട് വളരെ നന്നായി ചിത്രമ വരയ്ക്കുന്നുണ്ടല്ലോ എന്നും എല്ലാം ജീവനുള്ളതായിട്ട് തോന്നും എന്നും പറഞ്ഞപ്പോൾ ജീവനുള്ള നനുത്ത തുവൽസ്പർശമേറ്റ് മനോഹരമായൊരു ചിത്രം സ്വപ്നം കണ്ടുകണ്ട് ദിനങ്ങൾ പൊഴിഞ്ഞു തീരുന്നത് പുതിയ വസന്തിനൊരു വേദനയാകുമോ, അതോ പുതിയ തളിർപ്പിനായുള്ള കാത്തിരിപ്പാകുമോ എന്നുള്ള ഒരു ചോദ്യമാണ് ദീർഘനിശ്വാസത്തോടെ അയാൾ മറുപടിയായി പറഞ്ഞത്.



സിമി ജെ. സണ്ണി

L3

അയാൾ തിരിച്ച് തന്റെ വീട്ടിലേക്ക് നടന്നു. മുറിയിൽ കയറി തന്റെ ചാരുകസേരയിൽ ഒന്നു ചാരികിടന്നു ചിന്തിച്ചു. ഒരു സുപ്രഭാതം കൂടി വന്നിരിക്കുന്നു. ഇന്നെന്റെ ചിത്രം പൂർത്തിയാക്കണം. പൂർത്തിയാകാത്ത ഈ ചിത്രം കണ്ടുകൊണ്ട് ഒരു സുപ്രഭാതം കൂടി ഇനി വയ്യ. പിറുപിറുത്ത് എഴുന്നേറ്റ് ചെന്നയാൾ ജനൽപാളികൾ തുറന്നു തെളിഞ്ഞ ആകാശത്തേക്ക് നോക്കി. ഇന്നും പതിവുപോലെ ചുട്ടുപഴുത്ത അന്തരീക്ഷം തന്നെയോ, ആകാശത്തൊരു കാർമേഘം ഉരുണ്ടുകൂടി കണ്ടിട്ട് നാളേറെയായതുപോലെ അയാൾക്കു തോന്നി. അയാൾ തിരിഞ്ഞ് തന്റെ പെയിന്റിംഗ് ബ്രഷും ചായങ്ങളും വച്ചിരിയ്ക്കുന്ന മേശയ്ക്കരുകിലേയ്ക്ക് നടന്നു. ബ്രഷ് കൈകളിലെടുത്ത് ക്യാൻവാസിനടുത്തേക്കയാൾ നടന്നു. ചാരുകസേരയിൽ കിടന്ന് കണ്ണുകൾ മെല്ലയടച്ച് മൗനമായി അയാൾ പ്രാർത്ഥിച്ചു. ഇതുവരെ വരച്ച ചിത്രങ്ങൾ പോലെയല്ല ഈ ചിത്രം തന്റെ ജീവിതത്തിലെ







നനുത്ത തുവൽസ്പർശമേകുന്ന ഏറെക്കാലത്തെ സ്വപ്നമാണ്. ആ ചിത്രത്തെക്കുറിച്ച് ഗഹനമായി മനസിൽ ഒരു സംവാദം നടത്തുന്നതിനിയിലെപ്പോഴോ അയാളുടെ ചിന്തകൾ പഴയ ഇന്നലെകളിലേയ്ക്ക് വഴുതിയിറങ്ങിപ്പോയത് അയാൾ അറിഞ്ഞതേയില്ല.

വലിയമുറ്റവും അതിന്റെ രണ്ടുവശങ്ങളിലുമായി നിരനിരയായി പൂത്ത് വിരിഞ്ഞ് നിൽക്കുന്ന ചെടികളും തോട്ടത്തിൽ കിഴക്കുവശത്തായി ഒരു മൂലയിൽ പടർന്ന് പന്തലിച്ച് ചാഞ്ഞു നിൽക്കുന്ന നെല്ലിമരവും എപ്പോഴും സുഗന്ധവും വഹിച്ചുകൊണ്ട് വീടിനകത്തേക്ക് മെല്ലെ കടന്ന് എല്ലാം തഴുകിത്തലോടി കടന്നു പോകുന്ന മന്ദമാരുതനും എല്ലാമെല്ലാം എത്ര മനോഹരമായിരുന്നു. സ്നേഹിക്കാൻ മാത്രമറിയാവുന്ന അച്ഛനുമമ്മയും, കുഞ്ഞു പെങ്ങളും. അച്ഛന് എന്നും തിരക്കായിരുന്നു. പറമ്പിലും, തോട്ടത്തിലും, വയലിലും ഒക്കെ തന്റെ നോട്ടം ചെല്ലണമെന്ന് നിർബന്ധമായിരുന്നു അച്ഛന്. അമ്മയാകട്ടെ മക്കളുടെ ദിവസേനയുള്ള കാര്യങ്ങളിൽ പൂർണ്ണമായും മനസും ശരീരവും അർപ്പിച്ച് അവർക്കു വേണ്ടി മാത്രം ജീവിക്കുന്ന ഒരു പാവം. അദ്ധ്യാപകരുടെ പൊന്നോമനയും പഠിത്തത്തിലും, കലാരംഗങ്ങളിലും കായികരംഗങ്ങളിലും ഒന്നാമനുമായിരുന്നു അന്ന് താനെന്ന് അയാൾ ഓർത്തു. അയൽവീട്ടുകാരുടെയെല്ലാം കണ്ണിലുണ്ണി. എന്നിട്ടും തന്നെകാത്തിരുന്ന വിധിയെക്കുറിച്ചോർത്തപ്പോൾ അയാൾ കയ്യിലിരുന്ന ബ്രഷ് മുറുകെ പിടിച്ച് ഹൃദയത്തിൽ തുളച്ച് കയറുന്ന വേദന കടിച്ചമർത്തി ശാന്തനാകാൻ ഒരു വിഫലശ്രമം നടത്തി.

ഇത് ഒരു പുതിയ കാര്യമല്ല അയാൾക്ക്. വർഷങ്ങളായി അയാൾക്കുള്ള ഒരു ശീലം, ഇങ്ങനെ സ്വയം പറ്റിക്കുന്നത്. എന്നും സമർത്ഥമായി അയാൾ സ്വയം പറ്റിച്ചു. വീണ്ടും ഓർമ്മകളിലേക്ക് ഒന്നുകൂടി ഊളിയിട്ടു. തനിക്ക് വീട്ടുകാർ ആലോചിച്ച് കണ്ടെത്തിയ പെൺകുട്ടി ഗീത. സമ്പന്നമായ കുടുംബത്തിലാണ് വളർന്നതെങ്കിലും തീർത്തും സാധാരണക്കാരിയായ, തനി ഗ്രാമീണ പെൺകൊടി. തന്റെ അമ്മയെപ്പോലെ തന്നെ കുടുംബാംഗങ്ങൾക്കു വേണ്ടി മാത്രം ജീവിക്കുന്ന സ്നേഹമയിയായ ഒരു തൊട്ടാവാടി. ഒരിക്കലും ഒരു വാക്കുകൊണ്ടുപോലും മറ്റുള്ളവരെ വേദനിപ്പിക്കാൻ ഇഷ്ടപ്പെടാത്ത, സ്വന്തം വേദനകളിൽ മറ്റാരെയും വേദനിപ്പിക്കാതെയും വിഷമിപ്പിക്കാതെയും ഉള്ളിലൊതുക്കി ആരും കാണാത്ത സമയത്ത് വിങ്ങിപ്പൊട്ടികരയുന്ന ഒരു പാവം. നാട്ടുകാർക്ക് അപ്പോഴും ഒന്നേ പറയാനുണ്ടായിരുന്നുള്ളൂ അവരെക്കുറിച്ച് ആ കുടുംബത്തിൽ എല്ലാവർക്കും സ്നേഹിക്കാനേ അറിയൂ. അവർക്ക് നല്ലതേവരൂ എന്ന്. സന്തോഷം ഇരട്ടിയാക്കികൊണ്ട് ആ കുടുംബത്തിലേക്ക് ഒരു കുഞ്ഞ് പൈതൽകൂടി വന്നു. പെങ്ങൾക്ക് കളിക്കാനും താലോലിക്കാനും അച്ഛനുമമ്മയ്ക്കും ലാളിക്കാനും ഒരു പൊന്നോമന. ശാലിനി അതാണവൾക്കിട്ട പേര്. പക്ഷെ പെട്ടെന്നാണ് കുളിർതെന്നൽ മാത്രം വീശിയ ആ വീട്ടിലേയ്ക്ക് ഒരു കൊടുങ്കാറ്റ് വീശിയടിച്ചത്.

നിസ്സഹായതയുടെ പടികളിലൂടെ ആരാരും സഹായത്തിനില്ലാതെ തികച്ചും ഒറ്റയ്ക്ക് എങ്ങോട്ടേയ്ക്കോ താഴ്ന്ന് താഴ്ന്ന മൂക്കുകുത്തി വീഴുന്നത് അയാൾ സ്വയം തിരിച്ചറിഞ്ഞിരുന്നു. സ്വയം നിയന്ത്രണം നഷ്ടപ്പെട്ട് കടിഞ്ഞാൺ ഇല്ലാത്ത കുതിരയെപ്പോലെ പായുന്ന മനസ്, പുകമൂടി പുകഞ്ഞ് പുകഞ്ഞ് തലച്ചോറിനകം മുഴുവൻ വ്യാപിച്ച് കണ്ണിന്റെ കാഴ്ചമറച്ച ഒരവസ്ഥ. സംഭവിച്ചത് സ്വയം തിരിച്ചറുയുന്നതിനുമുമ്പേ വീട്ടുകാർ വേദനയോടെ തിരിച്ചറിഞ്ഞു കഴിഞ്ഞിരുന്നു. സമനിലതെറ്റിയ പൊന്നുമകന്റെ മനസിന്റെ ഉള്ളറകൾ കുറച്ച് നാളുകൾക്കുള്ളിൽ ഗീതയുടെ വീട്ടുകാരും വാർത്ത അറിഞ്ഞു. അവളെയും കുഞ്ഞിനെയും തന്റെ മുമ്പിൽ നിന്ന് വലിച്ചിഴച്ച് വണ്ടിയിൽ കയറ്റി നാട്ടുവഴിയിലൂടെ മണ്ണ് പറത്തി ആ വാഹനം പാഞ്ഞ് പോയപ്പോയത് ഇന്നും അയാൾ ഓർമ്മിക്കുന്നുണ്ട്. ആ കാഴ്ചയുടെ ആഘാതത്തിൽ ഒന്നുകൂടി ആ മനസ് നീറി പുകഞ്ഞിട്ടുണ്ടാകണം. ആ പുകച്ചിൽ ഇപ്പോഴും സഹനത്തിന്റെ കൊടുമുടിയിൽ കൊണ്ടു ചെന്നെത്തിക്കുന്നു നിസഹായനായ ആ പാവം മനുഷ്യനെ.

ഒന്നുകൂടി അയാൾ ചാരുകസേരയിൽ കിടന്ന് കണ്ണുകൾ തുറന്ന് ഭിത്തികളിൽ തൂക്കിയിട്ടിരിക്കുന്ന, താൻ വരച്ച ചിത്രങ്ങളിലേയ്ക്ക് കണ്ണി

മയ്ക്കാതെ നോക്കി. തന്റെ ഭ്രാന്തൻ രീതികളോട് എത്രമാത്രം ഇവ സഹകരിച്ചിരിക്കുന്നു. ദേഷ്യമോ സങ്കടമോ വെറുപ്പോ, നിസാഹയതയോ എന്തെന്നറിയാത്ത വികാര തീവ്രതയുടെ നിമിഷങ്ങളിൽ പാതിപൂർത്തിയാക്കിയ ചിത്രങ്ങളിന്മേൽ എത്രയോ തവണ ചായം ചിതറിത്തെറിപ്പിച്ചിട്ടുണ്ട് താൻ. ചായം തെറിച്ച തന്റെ പാതിവരകൾക്ക് എന്തൊക്കെയോ ആകാനുള്ളതായിരുന്നു എന്തൊക്കെയോ ചെയ്യാനുണ്ടായിരുന്നു എന്നുള്ള സത്യം അപ്പോഴേക്കും അയാളുടെ ഭ്രാന്തമായ പ്രവർത്തികളിൽ നാശത്തിന്റെ അഗാധമായ അടിത്തട്ടിൽ വീണ് തകർന്നടിഞ്ഞിട്ടുണ്ടാകും. ഒറ്റപ്പെടലുകളിലെപ്പോഴും തനിക്ക് ഏക ആശ്വാസമായിരുന്നു ഈ ചായങ്ങളും, ക്യാൻവാസും. പെട്ടെന്നയാൾ ചാരുകസേരയിൽ നിന്നെഴുന്നേറ്റ് ജനലിലൂടെ പുറത്തേക്ക്, ആകാശത്തേക്ക് നോക്കി. ഒരു സന്തോഷനിശ്വാസം ആയാൾക്കുണ്ടായി. ആകാശമാകെ കാർമേഘം നിറഞ്ഞ് പുകഞ്ഞ് നിൽക്കുന്നു. തന്റെ മനസുപോലെ. പ്രഭാതത്തിൽ താനെടുത്ത തീരുമാനം ആ ചിത്രം വരച്ച് പൂർത്തിയാക്കിയേ തീരൂ. അതത്ര എളുപ്പമായിരുന്നെങ്കിൽ ഈ ചിത്രം തനിക്കൊരു സ്വപ്നമാവുകയില്ലായിരുന്നല്ലോ. തന്റെ പൊന്നുമകൾ ശാലിനി തൊട്ടിയിൽ കിടന്ന് ശാന്തമായുറങ്ങുന്ന സമയത്താണ് അവളെ തന്റെ അടുത്തുനിന്നവർ പറിച്ചെടുത്തു കൊണ്ടുപോയത്. ഇപ്പോൾ അവൾക്ക് ഒമ്പതുവയസുണ്ടാകും. ആ പൊന്നുമകളുടെ പിന്നീടൊരിക്കലും കണ്ടിട്ടില്ലാത്ത തന്റെ പൊന്നോമനയുടെ ചിത്രമാണ് പൂർത്തിയാക്കേണ്ടത്.

ശാന്തമായുറങ്ങുന്ന ശിശുവിന്റെ, തന്റെ മകളുടെ ഓമനത്തം തുളുമ്പുന്ന മുഖം മാത്രം മനസിൽ ഉറപ്പിച്ച് അയാൾ ക്യാൻവാസിനടുത്തേക്ക് ചെന്നു പിന്നീടുള്ളത് വാക്കുകൾ കൊണ്ട് പറഞ്ഞു മനസിലാക്കുവാൻ കഴിയുന്നതിലപ്പുറമുള്ള കാഴ്ചകൾ. ബ്രഷ് ചായങ്ങളിലേക്കും ക്യാൻവാസിലേക്കും മെല്ലെ മെല്ലെ പായുന്നു. ആ ചിത്രകാരന്റെ കരങ്ങളിലൂടെ ഒരു സ്വപ്നത്തിന് ചിറകുകൾ വയ്ക്കുന്നു. ജീവൻ തുടിക്കുന്നു. കണ്ണ് ഒന്ന് ചിമ്മാൻ പോലും കാഴ്ചക്കാരെ അനുവദിക്കാത്ത തരത്തിൽ ജീവൻ തുടിക്കുന്ന മനോഹരമായ, നിഷ്കളങ്കമായ മുഖമുള്ള തീക്ഷ്ണമായ കണ്ണുകളുള്ള ഒരു പെൺകുട്ടിയുടെ ചിത്രം പൂർത്തിയായി കഴിഞ്ഞു. പൂർത്തിയാക്കിയ ചിത്രത്തിൽ നോക്കി കൊണ്ട് അയാൾ ചാരുകസേരയിൽ കിടന്നു. പുറത്ത് മഴ പെയ്യാൻ തുടങ്ങിയിരുന്നു. എന്തൊക്കെയോ തിരിച്ചു കിട്ടിയ അടങ്ങാത്ത ആഹ്ലാദത്തിന്റെ അടിമയായിപ്പോയിരുന്നു ആ പാവം ചിത്രകാരൻ അപ്പോഴേക്കും. കുളിരേകുന്ന മഴയുടെ ചാറൽ ജനലിലൂടെ അയാളുടെ ശരീരത്തിലേക്ക് വീണുകൊണ്ടിരുന്നു. ശരീരത്തിന്റെ കുളിരിനേക്കാൾ മനസിൽ ഒരു കുളിർ മഴ പെയ്യുകയായിരുന്നു.

ആ മഴയുടെ കാലൊച്ചയിൽ മറ്റൊരു കാലൊച്ച അയാൾ കേട്ടതേയില്ല പക്ഷേ അയാളുടെ നെറ്റിയിൽ ഒരു നനുത്ത, തൂവൽ സ്പർശം അയാൾ തിരിച്ചറിഞ്ഞു. വീണ്ടും കനമുള്ള ഒരു പുകച്ചുരുൾ തന്റെ തലച്ചോറിലേക്ക് പുകഞ്ഞ് കുടുന്നുവോ, പക്ഷെ അത് പഴയതുപോലെ തന്നെ അന്ധനാക്കുന്നില്ല. ഒന്നും മറയ്ക്കുന്നില്ല. താൻ വരച്ച ചിത്രം ആ ജീവനുള്ള ചിത്രം, അതല്ലേ തന്റെ നെറ്റിയിൽ സ്പർശിച്ച് തന്റെ അടുത്ത് നിൽക്കുന്നത്. ആ ചിത്രം അവിടെത്തന്നെയുണ്ട്. ഒരു ഞെട്ടലോടെ അയാൾ വിളിച്ചു. ശാലിനീ! പുറത്ത് കോരിച്ചൊരിയുന്ന മഴയത്ത് നിൽക്കുന്ന തന്റെ ഗീത. അവൾ ഓടിവന്ന് അയാളുടെ കാലുകളിൽ വീണ് വിങ്ങിപ്പൊട്ടിക്കരയുകയാണ്. അയാൾ തന്റെ മകളെയും ഗീതയേയും മാറി മാറി നോക്കി അമ്പരപ്പോടെ. വീണ്ടും ഒരു വസന്തം കൂടി. പുതിയ ഇലകൾക്കായുള്ള പ്രതീക്ഷയുടെ തളിരുകൾ അയാളുടെ ഹൃദയത്തിൽ നാമ്പിട്ടു.

സന്തോഷത്തിന്റെ കൊടുമുടിയിൽ നിൽക്കുന്ന, ആ വികാരതീവ്രതയുടെ നിമിഷങ്ങളിൽ അയാളുടെ കണ്ണുകൾ നിറഞ്ഞ് തുളുമ്പുകയായിരുന്നു. ഒരു കുളിരേകുന്ന മഴ അവരുടെ ഹൃദയങ്ങളിൽ പെയ്തിറങ്ങി. ഉരുണ്ടുകൂടിയ കാർമേഘങ്ങളെ എന്നെന്നേക്കുമായി ഉരുകികളഞ്ഞ് കൊണ്ട് ആ ഹൃദയങ്ങൾ സന്തോഷത്തിന്റെ തീരാമഴയിൽ കുതിർന്ന് ഒരു പുതിയ വസന്തത്തിന്റെ ജീവൻ തുടിക്കുന്ന ചിത്രങ്ങളായി മനസിന്റെ ക്യാൻവാസിൽ ഒരു നനുത്ത മൃദുസ്പർശമായി പെയ്തിറങ്ങുകയായിരുന്നു. ഒരു നീണ്ട വേനലിനുശേഷം പെയ്ത കുളിർ മഴപോലെ.....





# സ്വപ്നച്ചുവടുകളുമായി ഇന്ത്യ




കാലാനുസൃതമായ മറ്റങ്ങളിലൂടെ അന്താരാഷ്ട്ര ബന്ധങ്ങൾ ദൃഢമാക്കി ലോകത്തിനു മുമ്പിൽ ചോദ്യചെയ്യപ്പെടാനാകാത്ത സിംഹാസനം ഊട്ടിയുറപ്പിക്കാൻ വെമ്പൽ കൊള്ളുകയാണ് ഇന്ന് ഇന്ത്യ. മഴവില്ലിന് ഭംഗി നൽകുന്നത് നാനാവർണമാണെങ്കിൽ ഇന്ത്യയെ പ്രശോഭിപ്പിക്കുന്നത് നാനാതരത്തിലുള്ള ജനതയാണ്.

നമ്മുടെ രാജ്യത്തെ വികസന പട്ടികയിലേക്കെത്തിക്കാൻ നാം അടിത്തറ ഒരുക്കി കഴിഞ്ഞു. കഴിഞ്ഞ വർഷം ഇന്ത്യ ഒപ്പുവെച്ച ആണവകരാറിലൂടെ ഇന്ത്യ ആണവരംഗത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒറ്റപ്പെടൽ അവസാനിച്ചു. ഈ കരാറിന്റെ ഗുണഫലങ്ങൾ കിട്ടിതുടങ്ങുന്നതോടെ ഇന്ത്യയ്ക്ക് പലതരത്തിലുള്ള വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. ഏയ്റോസ്പേയ്സ്, അഗ്രകൾച്ചർ റിയാക്ടർ എനർജി, ന്യൂകിയാർ എനർജി, ന്യൂകിയർ കെമിസ്ട്രി, കമ്പ്യൂട്ടർ ടെക്നോളജി, റേഡിയോ കെമസ്ട്രി, അഡ്വാൻസ്ഡ് ഇൻസ്ട്രുമെന്റേഷൻ ആൻഡ് അപ്ലയിഡ് റിസേർച്ച്, ഡ്യൂറേഷൻ ഓഫ് പവർ, വാട്ടർ ടെക്നോളജി, മെഡിസിൻ, ഫാർമസ്യൂട്ടിക്കൽ ഫീൽഡ്, സീ ആൻഡ് വാട്ടർ ടെക്നോളജി എന്നീ മേഖലകൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ സഹായിക്കുന്ന കരാറാണ് 123 എഗ്രിമെന്റ് ഇന്ത്യയെ വികസനത്തിന് തടസമായി നിൽക്കുന്ന ഊർജ്ജ പ്രതിസന്ധിയെ തരണം ചെയ്യാൻ ആണവകരാർ നമ്മെ സഹായിക്കും. അമേരിക്കയുമായി ശക്തമായ ഒരു അന്താരാഷ്ട്ര ബന്ധം നേടിയെടുക്കാൻ നമുക്കു സാധിച്ചു എന്നത് ഭാവിയിൽ ഇന്ത്യയ്ക്ക് ഗുണം ചെയ്യും. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രവും ഏറ്റവും സമ്പന്നമായ ജനാധിപത്യരാജ്യവും തമ്മിലുള്ള അന്താരാഷ്ട്ര ബന്ധങ്ങൾ ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ സഹായിക്കും എന്നതിൽ സംശയിക്കേണ്ട.

ഇന്ത്യയ്ക്ക് മുന്നിൽ ലഭിച്ച മറ്റൊരു സുപ്രധാന അവസരമാണ് ആസിയാൻ കരാർ. നമ്മുടെ 10 രാജ്യങ്ങൾക്ക് തുറന്നു വിപണി കൊടുക്കുന്നുവെന്ന് കരുതാതെ നമുക്ക് 10 വിപണികൾ വ്യാപാരത്തിനായി ലഭിച്ചു എന്നു ചിന്തിക്കുന്നതായിരിക്കും ഉചിതം. ആസിയാൻ രാജ്യങ്ങളായ വിയറ്റ്നാം, ഇന്തൊനീഷ്യ, തായ്ലൻഡ്, സിംഗപൂർ, ബ്രൂണെയ്, കമ്പോഡിയ, ലാവോസ്, മലേഷ്യ മ്യാൻമാർ ഫിലിപിൻസ് എന്നി



Jomet John
L3

രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വ്യാപാര കരാർ അന്താരാഷ്ട്ര തലത്തിൽ ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും ചൈനയുടെ മേധാവിത്വം കുറയ്ക്കുന്നതിനു ഇന്ത്യയെ സഹായിക്കും. ലോകം തന്നെ ഒരു തറവാട് എന്ന നിലയിൽ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അവസരത്തിനൊത്ത് പെരുമാറുകയാണ് ഇന്ത്യ ചെയ്യേണ്ടത്. ഇന്നത്തെ സാഹചര്യത്തിൽ അന്താരാഷ്ട്ര ബന്ധങ്ങൾ ശിഥിലമാക്കികൊണ്ട് നിലനിൽക്കാൻ സാധിക്കില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

തക്കാളി, ഉള്ളി, വെളുത്തുള്ളി, ഇഞ്ചി, കാരറ്റ്, റാഡിഷ്, കോളിഫ്ളവർ, പീസ്, ബീൻസ്, മുളക്, കാപ്സിക്കം, ഉരുളക്കിഴങ്ങ്, തേങ്ങ, കൊപ്ര, കശുവണ്ടി, അടയ്ക്ക, പാക്ക്, ഏത്തക്ക, കൈതച്ചക്ക, പേരയ്ക്ക, മാങ്ങ, ഓറഞ്ച്, മുന്തിരി, ഉണക്കമുന്തിരി, ആപ്പിൾ, ചെറുനാരങ്ങ, തണ്ണിമത്തൻ, പപ്പായ, ചെറി, മുളക്പൊടി, ജീരകം, ജാതിക്ക, വാനില, ഏലം, ഉലുവ, മല്ലിവിത്ത്, മഞ്ഞൾ, കടുക്, കറുപ്പ് ചെടി, അരി, ഗോതമ്പ്, ചോളം, ജോവർ, ബജ്റ, റാശിമാൾട്ട്, അന്നജങ്ങൾ, പഞ്ചസാര, ശർക്കര, മരച്ചീനി, സോയാബിൻ, നിലകക്ടല, ലിൻസീഡ്റേപ്സീഡ്, സൂര്യകാന്തി വിത്ത്, സൂര്യകാന്തിയെണ്ണ, സ്വാഭാവിക റബ്ബർ, പുകയില, ഓർക്കിഡുകൾ, പാല്, വെണ്ണ സ്വാഭാവിക തേൻ എന്നീ ഭക്ഷ്യവിളകൾ നെഗറ്റീവ് ലിസ്റ്റിൽ ആയതിനാൽ കേരളത്തിന്റെ കാർഷിക വ്യവസ്ഥയെ തകിടം മറിക്കുമെന്ന പേടിയും വേണ്ട, മത്സ്യ മേഖലയെ സംരക്ഷിക്കുന്നതിനായി ലോട്ട്, സോൾ, ടുണ, മത്തി, കോജ് ചാള അയല, ഹിൽപ്പെദീരസീർ, പോംഫിറ്റ്, കട്ടിൽ മത്സ്യം, ഷോംപ്, പ്രോൺ, ഞണ്ട്, ലോബ്സ്റ്റർ, ഉപ്പിലിട്ട മത്സ്യം മുതലായവയ്ക്ക് താരിഫ് ഇളവ് ചെയ്യാത്തതിനാൽ ഇന്ത്യൻ മത്സ്യമേഖലയെ ദോഷകരമായി ആസിയാൻ കരാർ ബാധിക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ജോലി ചെയ്യുന്ന മലയാളികൾ പ്രതിവർഷം നൽകുന്നത് 31000 കോടി രൂപയുമാണ്. വിവിധ സ്ഥലങ്ങളിൽ മത്സരബുദ്ധിയോടെ പണിയെടുക്കുന്ന മലയാളികൾ എന്തിന് 10 രാജ്യങ്ങളെ ഭയക്കുന്നു. ഗുണമേന്മയുടെ കാര്യത്തിൽ മുൻപിൽ നിൽക്കുന്ന കേരള വിഭവങ്ങൾക്ക് തങ്ങളുടെ മേൽക്കോയ്മ ഉറപ്പിക്കുന്നതിനുള്ള ഒരു സുവർണാവസരമാണിത്. രാജ്യവികസനത്തിന് ഈ കരാർ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ സഹായിക്കുമെന്നതിൽ സംശയമില്ല. എല്ലാ രംഗത്തും വളർച്ച നേടുന്നതിന് ശ്രദ്ധചെലുത്തുന്ന ഇന്ത്യ ചെയ്യേണ്ടത് കൂടുതലായി അന്താരാഷ്ട്രബന്ധങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഐക്യരാഷ്ട്ര സംഘടനയിൽ സ്ഥിരാംഗത്തിനായി നമുക്ക് വാദിക്കാൻ കഴിയുകയൊള്ളൂ. സമ്പന്നരാജ്യങ്ങളെയും വികസ്വരരാജ്യങ്ങളെയും കൂടെ നിർത്തി ബന്ധങ്ങൾ ദൃഢമാക്കിയാൽ മാത്രമേ 2020 ഓടു കൂടി വികസിത രാജ്യമെന്ന പദവിയിൽ നമ്മുടെ അവകാശം ഉറപ്പിക്കാൻ സാധിക്കുകയൊള്ളൂ. ഏതാനും വർഷങ്ങളായി ഇന്ത്യയുടെ മുന്നേറ്റം ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നു എന്നതൊരു നഗ്നസത്യമാണ്. ആഗോള സാമ്പത്തിക പ്രതിസന്ധി ആഞ്ഞടിച്ചപ്പോൾ പോലും ഇന്ത്യയുടെ നില ഭദ്രമായി തുടരുന്നത് സാമ്പത്തിക വിദഗ്ദന്മാരെ വരെ ഞെട്ടിച്ചു. 12 പേരെ ചന്ദ്രനിലറക്കി പരീക്ഷണം നടത്തിയിട്ടു ജലം കണ്ടെത്താൻ അമേരിയ്ക്കയ്ക്ക് കഴിഞ്ഞില്ല. ഇതുവരെ ചന്ദ്രനിൽ മനുഷ്യരെ അയക്കാത്ത ഇന്ത്യ ഭൂമിയിൽ നിന്നുകൊണ്ട് തന്നെ ചന്ദ്രനിലെ ജലം കണ്ടെത്തി എന്നത് വികസനകുതിപ്പിന്റെ ലക്ഷണങ്ങളിൽ ഒന്നു മാത്രമാണ്. പ്രതിസന്ധികളിൽ തളരാതെ ഇന്ത്യ മുന്നേറുന്നു വികസന കുതിപ്പിലേക്ക്. സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമ്പോൾ യാഥാർത്ഥ്യങ്ങൾ സ്വപ്നങ്ങളായി തോന്നും . കാത്തിരിക്കാം ഒരു വികസിത ഇന്ത്യയ്ക്കായി തിളങ്ങുന്ന ഒരു മഴവില്ലിനായി.





# ഗുരുവേ നമഃ



Sr. Kochurani T. Jose

I2

മാതാപിതാ ഗുരുദൈവം ആർഷഭാരത്തിന്റെ മന്ത്രധ്വനി ഗുരുകുല വിദ്യാഭ്യാസത്തിന്റെ ആപ്തവാക്യം ആചാര്യദേവോ ഭവ: ആചാര്യനെ ദൈവമായി കരുതണം. ഗുരുദക്ഷിണയായി സ്വന്തം പെരുവിരൽ നൽകിയ ഏകലവ്യ സംസ്കാരം നില നിന്ന ഭാരതഭൂമി. ഇന്ന് ഈ ഗുരുഭക്തി എവിടെ നിൽക്കുന്നു.

ഇന്നത്തെ തലമുറയിക്ക് നഷ്ടമാവുന്ന ഒരു വലിയ നിധിയാണ് ഗുരുത്വം. അതിന്റെ അർത്ഥവും ആഴവും ഇന്നിന്റെ ശിഷ്യർക്ക് അഗ്രാഹ്യം തന്നെയെന്ന് പറയേണ്ടിരിക്കുന്നു.

അത്തിപഴത്തോള മകനിന്ദയുണ്ടെങ്കി
ലാദിക്കിലെത്തും ഗുരുത്വം വി ഉണ്ടാ

എന്നതാണ് നീതിസാരം. എളിമയും വിധേയത്വവും ഗുരുത്വം ഉണ്ടാക്കുന്ന വഴികളാണ്. തന്നേക്കാൾ പ്രായവും സ്ഥാനവും ഉള്ളവരെ ബഹുമാനിക്കുക. അവരുടെ ഇംഗിതങ്ങൾക്ക് വിലകൽപ്പിക്കുക. ഗുരുത്വമുള്ളവർ മറ്റുള്ളവരിലെ നന്മയെ ആദരിക്കും. ഓരോരുത്തരും മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതട്ടെ എന്ന്. വി. ബൈബിൾ പഠിപ്പിക്കുന്നു.

എന്നാൽ വിധേയത്വ സംസ്കാരം നമ്മുടെ സമൂഹങ്ങളിൽ നിന്നും കുടുംബങ്ങളിൽ നിന്നും ഇന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. എല്ലാം നിസ്സാരമായി കാണുന്ന നേട്ടങ്ങൾ കൊയ്യാൻ തൊഴിലുകളും സ്ഥാനമാനങ്ങളും ഉറപ്പിക്കാൻ നെട്ടോട്ടമോടുമ്പോൾ കാൽക്കീഴിൽ ചവിട്ടിമെതിയ്ക്കുന്നത് ജന്മബന്ധങ്ങളെ തന്നെയാണെന്ന് തിരിച്ചറിയുമ്പോഴേയ്ക്കും ഏറെ വൈകിയിരിക്കും.

അനുദിനം വഷളായി വരുന്ന അദ്ധ്യാപക വൃന്ദത്തിന്റെ പ്രോത്സാഹന ജനകമല്ലാത്ത ജീവിതശൈലികൾ മാധ്യമങ്ങൾ അതിലേറെ വിപുലീകരിക്കുമ്പോൾ വിദ്യാർത്ഥി ഹൃദയങ്ങളിൽ അവർക്കു കൽപ്പിച്ചു നൽകപ്പെട്ട ശ്രേഷ്ഠത കുറഞ്ഞു വരുന്നു എന്നതും ഒരു സത്യമാണ്. ഇന്നത്തെ തലമുറയ്ക്ക് മാതൃകകൾ നഷ്ടപ്പെടുന്നു എന്ന് ഒരു ഗുരുനാഥൻ പറഞ്ഞത് ഓർക്കുന്നു. എന്തെല്ലാം അറിവുകൾ നേടിയാലും ശിഷ്യഗണങ്ങൾക്കു മുൻപിൽ ജീവിക്കുന്ന ദീപസ്തംഭങ്ങളായി നിൽക്കേണ്ടവരാണ് അദ്ധ്യാപകർ. ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന് എന്ന ചൊല്ല് ഇന്നത്തെ കാലത്ത് തികച്ചും ശരിതന്നെയല്ലേ?


ഗുരു ആരായാലും എന്തായാലും അജ്ഞതയുടെ മറനീക്കി അറിവിന്റെ പൊൻവെളിച്ചം കൊണ്ട് അകകണ്ണു തുറപ്പിക്കുന്നവനാണ്. സാധാരണ മാനുഷികമായ ബലഹീനതകൾ ഏവർക്കുമുണ്ടാകാം എന്നാൽ അതിശ്രേഷ്ഠമായ വിദ്യ എന്ന ധനം നമ്മുടെ ജീവിതത്തിലേക്ക് ചൊരിഞ്ഞ് ധന്യരാക്കുന്ന അവരുടെ സേവനം ബഹുമാനാദരങ്ങളോടെ സ്വീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

ജീവിത പന്ഥാവിൽ ഏതു പാമരനും വിജയം വരിക്കാൻ, ഏതു പണ്ഡിതനും വിജയത്തിന്റെ പടികയറാൻ ഗുരുവിന്റെ അനുഗ്രഹം - ഗുരുത്വം ആവശ്യമാണ്. ഇന്നുവരെ ഏതെങ്കിലും വിധത്തിൽ അറിവിന്റെ, നന്മയുടെ, കതിരുകൾ അകതാരിൽ തെളിച്ച ഏവരേയും മനക്കണ്ണാൽ ദർശിച്ച് ഒരു നിമിഷം പ്രണമിക്കാം. അദ്ധ്യാപകർ മാതാപിതാക്കൾ, സഹോദരങ്ങൾ സ്നേഹിതർ ഇന്നുവരെ പിന്നീട് കാണാത്ത സഹയാത്രികൻ ആരുമാകട്ടെ എല്ലാവർക്കും പ്രണാമം.



## എങ്ങുനീ ?

എങ്ങുനി... എങ്ങുനീ...എൻ
ഹൃദയാനുരാഗ... സുന്ദരി
എങ്ങുനി... ഇന്നെങ്ങുനീ.. എൻ
ആത്മാനുരാഗ പൗർണ്ണമി
ഇന്നുനിൻ... ഓർമ്മകൾ
നീറുമെൻ... നോവുകൾ
മറക്കുവോ...മാരിവിൽ
മൂടിയോ....കാർമുകിൽ (എങ്ങുനീ)
നീറുമെൻ ..... നെഞ്ചിലെ
സുഖദീപനാളമായ് മാറി നീ
എന്നുമെൻ........പൂവിലെ
ഒരു ശലഭമായന്നു മാറി നീ
എങ്കിലും പ്രണയിനി.....നീ
എങ്ങുപോയ്.......എങ്ങുപോയ് (എങ്ങുനീ)
ആദ്യമായ്.........കണ്ടനാൾ
കുറുമ്പുമായ് അന്നു പോയി നീ
എങ്കിലും......അപ്പോൾ മുതൽ
എന്റെ മാത്രമായ് മാറി നീ
എപ്പോഴു.........കാണുവാൻ
മിണ്ടുവാൻ.......കൊതിച്ചു ഞാൻ (എങ്ങുനീ)



ജ്യോതിലാൽ എം.ആർ.
L2





# നിന്റെ സൗഹൃദം



Deenamol Joseph
(B2)



സൗഹൃദം, അത് തണുപ്പുള്ളൊരു നടപ്പാതയാണ്. ആ തണൽവഴിയിലൂടെ നിന്റെ കൈയും കോർത്തു നടക്കുമ്പോൾ പൊള്ളുന്ന വെയിൽചൂടിനെ ഞാൻ മറക്കുന്നു. സൗഹൃദം ചിലപ്പോൾ അങ്ങനെയാണ്. അതൊരു മഴച്ചാറ്റൽപോലെ മനസ്സിനെ നനയ്ക്കുന്നു. നിന്റെ സാമീപ്യം എനിക്കങ്ങനെതന്നെ. അതെന്റെ മനസ്സിന് കുളിർമയേകികൊണ്ട് പെയ്യുന്നു. ഒപ്പം നേർത്ത സുഗന്ധമുള്ളൊരു കാറ്റായ് തഴുകി കടന്നുപോകുന്നു.

ജീവിതത്തിന്റെ ഇടവഴികളിലെവിടെയോ കാർമേഘം വന്ന് കൂടുകൂട്ടിയപ്പോൾ ഞാൻ തനിച്ചായി. ഒറ്റപ്പെടലിന്റെയും ഏകാന്തതയുടെയും താഴ്‌വരയിലേക്ക്, ചിറകറ്റപക്ഷിയെപ്പോലെ വീഴാൻ തുടങ്ങിയപ്പോൾ എന്നെ പിടിച്ചുനിർത്തികൊണ്ടാരോ പറഞ്ഞു നീ തനിച്ചല്ല, നിനക്ക് ഞാനുണ്ട്. ആ മാധുരസ്വരവും സ്നേഹസ്പർശനവും നിന്റേതായിരുന്നുവെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഇന്നും, എവിടെയോ ഞാനൊറ്റപ്പെടുമ്പോൾ നീ ഓടിയടുക്കുന്നു. ഒരു നറുചന്ദനസുഗന്ധത്തോടെ, ഒരിളം കാറ്റായി, ഒരു മഴയായി സ്നേഹസ്പർശനമായി....

ഏപ്രിൽ മാസത്തിലെ പൊള്ളുന്ന വെയിൽ ചൂടിന് കുളിർമയേകികൊണ്ട് പെയ്യുന്ന മഴപോലെ, എന്റെ ജീവിതത്തിലേക്കും ഒരു ഏപ്രിലിൽ നീ കടന്നുവന്നു. ഇന്നിതാ നമ്മുടെ സൗഹൃദം വർഷങ്ങൾ പിന്നിടുന്നു. അതിനിടയിൽ എത്രയോ സൗഹൃദയങ്ങൾ വിടർന്നു കൊഴിഞ്ഞു എന്നിട്ടും നിന്റെ സൗഹൃദം മാത്രം ഇന്നും നിലനിൽക്കുന്നു. ഒരിക്കലും കൊഴിയാത്ത പുഷ്പമായി ഇന്നും ഈ നിമിഷവും....

# മാറുന്ന സമൂഹം



Surya Vijayan
B2

എന്താണ് മനുഷ്യൻ? ആരാണ് യഥാർത്ഥ മനുഷ്യൻ? ഒരാൾ മറ്റൊരാൾക്ക് ഉപകാരമാകുന്നതാണ് നന്മ. അങ്ങനെയുള്ള ഒരാളല്ലേ മനുഷ്യൻ? ഇത് കൈമോശം സംഭവിക്കുമ്പോഴാണ് മനുഷ്യൻ എന്നത് ഒരു മോശം പദമാകുന്നത്. ഓരോ നിക്ഷിപ്ത താല്പര്യങ്ങൾക്കുമനുസരിച്ച് മനുഷ്യകുലം നിർദാക്ഷിണ്യം നശിപ്പിക്കപ്പെടുന്നു.

സ്കൂൾ, കോളേജ്, തലങ്ങളിലുള്ള വിദ്യാർത്ഥികളെപ്പറ്റിപ്പറഞ്ഞാൽ, യഥാർത്ഥത്തിൽ ഇന്നത്തെ തലമുറയ്ക്ക് എന്താണ് സംഭവിക്കുന്നത്? മൊബൈൽഫോണുകളോടുള്ള അവരുടെ താല്പര്യമെന്താണ്? ആവശ്യത്തിനും അനാവശ്യത്തിനും ഇന്നത്തെ സമൂഹത്തിൽ അല്ലെങ്കിൽ മനുഷ്യരിൽ ഫോണിനുള്ള സ്ഥാനം 'കറിയിൽ ഉപ്പിനുള്ള' സ്ഥാനമായിക്കൊണ്ടിരിക്കുന്നു. 'കരണത്തടിയേറ്റ കേരളജനത' എന്നുതന്നെ നമുക്കിവരെ വിശേഷിപ്പിക്കാം. മൊബൈൽ ഫോണുകൾ ഇന്ന് അലങ്കാരത്തിന്റെ, ആഡംബരത്തിന്റെ, എന്തിന് സ്റ്റാറ്റസിന്റെയും കൂടി ചിഹ്നമായിരിക്കുന്നു. ആവശ്യങ്ങളിൽ ഏറെപ്രയോജനപ്പെടുന്ന ഈ ഉപകരണത്തെ എന്തിനാണ് ദുരുപയോഗം ചെയ്യുന്നത്? അതുപോലെ തന്നെ വസ്ത്രധാരണം ഉള്ളതും ഇല്ലാത്തതും എല്ലാം ഒരുപോലെ തോന്നുന്ന അവസ്ഥ.

ഇനി ഇന്നത്തെ ക്യാമ്പസിൽ ഹാസ്യത്തിനുള്ള പ്രാധാന്യം അതിനോടുള്ള സമീപനം തന്നെ മാറിപ്പോയിരിക്കുന്നു. എന്താണിങ്ങനെ? ഇന്നത്തെ തലമുറയിലെ കുട്ടികൾ പണ്ടത്തെ ക്യാമ്പസിലെ കുട്ടികളെപ്പോലെ ഫലിതം ആസ്വദിക്കുന്നില്ല. എന്തുകൊണ്ട്?

ഫലിത ആസ്വാദനത്തിൽ തന്നെ വലിയമാറ്റങ്ങൾ വന്നിരിക്കുന്നു. കാരണം വായനാശീലത്തിൽ വരുന്ന മാറ്റങ്ങൾ തന്നെ. വായനാശീലം തീരെയില്ല. സഹജീവികളുടെ പ്രശ്നം അറിയുന്നില്ല. ഹാസ്യം എപ്പോഴും ആസ്വദിക്കണമെങ്കിൽ തങ്ങളുടെ ജീവിതാനുഭവങ്ങളുമായി ബന്ധമുള്ള കാര്യമാണെന്ന് തോന്നണം. ഇന്നത്തെ ഭൂരിഭാഗം ജനതയും ഫ്ളാറ്റിൽ ജനിച്ച് കമ്പ്യൂട്ടറിന്റെ മുൻപിൽ വളർന്നു വരുന്നവയാണ്. 'വിവരസാങ്കേതിക വിദ്യ' എന്ന് സായിപ്പ് പേരിട്ടിരിക്കുന്നു. ഇത് അറിവു കൊടുക്കുന്നുണ്ട്. പക്ഷെ തിരിച്ചറിവു കൊടുക്കുന്നില്ല. തിരിച്ചറിവു നൽകേണ്ടത് വായനയാണ്. വായനയിലൂടെയുള്ള തിരിച്ചറിവില്ലാത്തതുകൊണ്ട് ഇന്നത്തെ തലമുറയിൽ ഫലിതം വറ്റുന്നു. നാളെ ഒരു ക്യാമ്പസിൽ സുകുമാർ അഴീക്കോടിനെ അനുകരിക്കുമ്പോൾ ആ കോളേജിൽ ആരും സുകുമാർ അഴീക്കോടിന്റെ പേരോ, പ്രബന്ധമോ കേട്ടിട്ടില്ലെങ്കിൽ എന്തൊരവസ്ഥയായിരിക്കും. അതിനോട് പ്രതികരിക്കാൻ ഇന്നത്തെ തലമുറ പരുങ്ങുമ്പോൾ നാളെയെപ്പറ്റിപറയേണ്ടതുണ്ടോ? അനുകരണങ്ങൾ നടക്കുമ്പോൾ പ്രതികരിക്കാൻ പോലും ഇന്നത്തെ തലമുറയ്ക്ക് സാധിക്കുന്നില്ല. ഇന്ന് ടിവിയിൽ വരുന്ന ഇംഗ്ലീഷ് കലർന്ന മലയാളം അവർ ആസ്വദിക്കുന്നു. എല്ലാം വെസ്റ്റേൺ കൾച്ചറിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. മാറുന്ന ഈ സമൂഹത്തിൽ "നാടോടുമ്പോൾ നടുവെ ഓടുക" എന്ന പഴമൊഴി എന്താണർത്ഥമാക്കുന്നത്?

പ്രണയത്തെപ്പറ്റി പലർക്കും പല അഭിപ്രായങ്ങളാണ് പ്രണയം എന്നുള്ളത് ഒരിക്കലും വറ്റാത്ത ഏറ്റവും വലിയൊരു നീരുറവയെന്ന് ഒരു കൂട്ടർ അഭിപ്രായപ്പെടുമ്പോൾ മറ്റുപലർക്കും തികച്ചും വ്യത്യസ്തമായ അഭിപ്രായമാണ്. ഇന്നത്തെ സമൂഹത്തിൽ പ്രണയം എന്ന സങ്കല്പത്തിനു തന്നെ പ്രസക്തിയില്ല. ഇന്നത്തെ 'ക്യാമ്പസ് പ്രണയം' റെഡിമെയ്ഡായിരിക്കുന്നു. കാര്യം കാണലിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ബന്ധം 'ഹായ് - ഹായ്' പറച്ചിലിൽ അവശേഷി





ക്കുന്ന ഈ പ്രതിഭാസത്തെ പ്രണയം എന്നു വിളിക്കാമോ? പ്രണയത്തിന്റെ യഥാർത്ഥ അർത്ഥം ആരും മനസ്സിലാക്കുന്നില്ല.

ദിവസം ചെല്ലുംതോറും ഇന്നത്തെ ജനത അന്തർമുഖന്മാരായിത്തീരുന്നു. കാരണം മെച്ചപ്പെടുന്ന നമ്മുടെ ജീവിത സൗകര്യങ്ങൾ തന്നെ. കാട്ടിൽ നായാടി നടന്നിരുന്ന നമ്മുടെ മുൻജനതയെപ്പറ്റി ഓർത്താൽ അവരുടെ ആവശ്യങ്ങളിൽ സ്വാർത്ഥത ഇല്ലായിരുന്നു. ഒരേരീതിയിൽ എല്ലാം പങ്കുവെയ്ക്കുന്ന സമൂഹമായിരുന്നു അത്. നമ്മളിൽ ഒരുമ എന്നുള്ളത് സ്വപ്നം മാത്രമാണ്.

നമ്മുടെ അയൽപ്പക്കങ്ങളിലേക്ക് നോക്കിയാൽ കാണാം എല്ലാവരും സ്വന്തം വീടിനുള്ളിൽ സുരക്ഷിതരാവാൻ ശ്രമിക്കുന്നു. നമുക്ക് നമ്മൾ കൂട്ടിവെച്ചതിനെക്കുറിച്ചു മാത്രമാണ് ചിന്ത.

സാമൂഹ്യമായൊരു പ്രതിബദ്ധത കഴിഞ്ഞ കാലത്തെപ്പോലെ ഇന്നത്തെ ജനതയ്ക്കില്ല. നമ്മൾ ഏതുരംഗത്ത് നിൽക്കുന്നു, അവിടെ ഒന്നാമതാകാനുള്ള ആഗ്രഹം, ഏതുരംഗത്തായാലും സാഹിത്യരംഗത്തായാലും, കലാരംഗത്തായാലും രാഷ്ട്രീയത്തിലായാലും അതിനകത്ത് നമ്മുടേതായി നേടിയെടുക്കാനുള്ള കഴിഞ്ഞകാലത്തെ കൂട്ടായിട്ടുള്ള ഒരു നേട്ടത്തിന് അതായത് താൻ നേടുന്നതിനോടൊപ്പം കൂടെയുള്ളവരും നേടുക എന്നുള്ളത്, ആ ചിന്തകളൊക്കെ ഇന്ന് അന്യം നിന്നു പോയിരിക്കുന്നു. മത്സരാധിഷ്ഠിതമായ സമൂഹത്തിന്റെ എല്ലാ പ്രവൃത്തികളും നമ്മുടെ സമൂഹത്തിൽ പ്രതിഫലിക്കുന്നുണ്ട്. തന്റെ ഫീൽഡിൽ ഏറ്റവും നന്നായി ഷൈൻ ചെയ്യണം അതിനകത്ത് സാമർത്ഥ്യം പ്രകടിപ്പിക്കണം എന്നുള്ള ആഗ്രഹം ഓരോ വ്യക്തിയേയും ഭരിക്കുന്ന കാലമാണിത്. അതുകൊണ്ടുതന്നെ മനുഷ്യൻ കൂടുതൽ സ്വാർത്ഥനാകുന്നു. ഇന്നത്തെ തലമുറയ്ക്ക് വന്നിട്ടുള്ള ഒരു മാറ്റം അതാണ്. ആ സ്വാർത്ഥത എല്ലാം രംഗത്തും പ്രതിഫലിക്കുന്നുണ്ട്.

എങ്കിലും സവിശേഷതകളും ഇന്നത്തെ തലമുറയ്ക്കുണ്ട് എന്ന കാര്യം നാം മറന്നുകൂടാ. നമ്മുടെ രാജ്യത്തുനിന്ന് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യപ്പെടുന്നത് മനുഷ്യശക്തിയാണ്. വികസിത രാജ്യങ്ങളിലെ ഐ.ടി. മേഖലകളിൽ പണിയെടുക്കുന്ന സമർത്ഥരായ യുവത്വം നമ്മുടെ രാജ്യത്തുനിന്നുള്ളവരാണ്, ഈ ഹ്യൂമൺ റിസോഴ്സാണ് നാം നിത്യേന പാഴാക്കുന്നത്. ഈ ദേശത്തു നിന്നും വിദേശത്തേക്കു കയറിപ്പോവുകയും അവിടെ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്യുന്ന ചെറുപ്പക്കാരോട് തുല്യം നിൽക്കാവുന്ന ഒരു തലമുറ ഇനിയും മറ്റുരാജ്യങ്ങളിലുണ്ടായിട്ടില്ല എന്ന സത്യം ഇന്ത്യാക്കാരായ ഏതൊരു പൗരനും ഉറക്കെപ്പറയാം. ഈ മനുഷ്യശക്തിയെ ബുദ്ധിസമ്പത്തിനെ ഇവിടെ എങ്ങനെ ഗുണകരമായി ഉപയോഗിക്കാം എന്നാരും ചിന്തിച്ചിട്ടില്ല.

നമ്മുടെ രാജ്യം ഒന്നാമത്തെ സാമ്പത്തിക ശക്തിയായി മാറുകതന്നെ ചെയ്യുമെന്ന് ആശിക്കാൻ അർഹതയുള്ളതും എന്നാൽ അങ്ങനെ ചിന്തിക്കാത്തവരുമായ ജനങ്ങൾ. സൃഷ്ടിപരമായ ആശയങ്ങളുടെ ഉടമകളായ യുവാക്കൾ വാടിക്കൊഴിയാൻ പാടില്ല. സുരക്ഷിതത്വത്തിന്റെ പേരിൽ ഭീഷണിപ്പെടുത്താനും വ്യാപാരി നിയമങ്ങളുടെയും, സംഘടനാ സംവിധാനത്തിന്റെയും സംഘവൃത്തിയുടെയും പേരിൽ വ്യവസായ സംരഭകരെ നിരുത്സാഹപ്പെടുത്താനുമുള്ള ചട്ടവട്ടങ്ങളിൽ നിന്നും മോചിതരാകണം. ഒന്നാം സാമ്പത്തികശക്തിയായി ഇന്ത്യയെ ഉയർത്താൻ മുന്നോട്ടു വരിക. പോരാടുക, പോരാടുന്ന ജനതയ്ക്കേ ചരിത്രം സൃഷ്ടിക്കാവാവൂ.

## How Popular Are You?

Find out with this personality test devised by consultant Psychiatrist Dr. Raj Persaud of London.
Consider the following statements:

1. People are not usually impressed with my arguments
   Agree : A; disagree : B
2. I prefer being with people who usually agree with me
   Agree: A; disagree : B
3. Arguments improve intelligence
   Agree: A; disagree : B
4. I fail to thinkof effective points during arguments
   Agree : B; disagree : A
5. I rehearse arguments in my day dreams
   Agree : A; disagree: B
6. Arguments often leave me feeling drained and regretful
   Agree : B; disagree: A
7. Even if I do not win the argument, I know I am right \
   Agree : A; disagree : B
8. Getting my way is more is fying without an argument
   Agree : B; disagree : A
9. I could win the arguments I hear on the radio
   Agree : A; diaagree : B
10. In a meeting I aim for consensus not controversy
    Agree : B; disagree : A

**Analysis**

**8 or more As** : For you an argument is a competition and winning invigorates. You do it is show superiority, but this won't make you popular. You must learn that losing greatefully is oftern theway to keep a friendship.

**5-7 As** : You find an argument a challenging form of recreation, so you seldom ignore the chance to do it. But as you often fail to see the other person's point of view, your disputes can get single - minded.

**3-4 As**: While you are apprehensive about arguing you are not afraid to put over your point. At the first sign of any real opposition, you tend to change the subject. You need to learn that any long-term relationship devoid of payful debate can become boring.

**0-2 As**: You try hard not to argue. This makes you to be with, but the cost is letting others get their way. Because you have tittle practice, you unfuse inexperience with being slow-citted. Try not to avoid conflict and you ill develop the skills to stay in the ring with the best of them.

Reference : Readers digest April 2003

**Sabeena Kabeer (B2)**



## സമയമെന്ന [illegible]



ഈ പ്രപഞ്ചത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രതിഭാസങ്ങളിലൊന്നാണ് സമയം. നാം ജീവിക്കുന്നതും ചലിക്കുന്നതും സമയത്തിലാണ്. സമയം ചലനാത്മകമാണ്. അതുകൊണ്ട് മാറ്റങ്ങൾ കാലത്തിനുള്ളിൽ നടക്കുന്നു. സമയരഥത്തിൽ നാം യാത്രചെയ്യുന്നു. എങ്ങോട്ടാണോ ആവോ?

സയമം ദൈവദാനവും മനുഷ്യന് ധനവുമാണ്. ഈ ധനം ആർജ്ജിക്കുവാൻ പറ്റുകയില്ല. നൽകപ്പെട്ടതാണ്. അതുകൊണ്ട് സമയം നഷ്ടമായാൽ എന്നന്നേയ്ക്കുമുള്ള നഷ്ടമാണത് പണമോ, ആരോഗ്യമോ, ഒക്കെ നഷ്ടപ്പെട്ടാലും വീണ്ടും ആർജ്ജിക്കുവാൻ കഴിഞ്ഞേക്കാം. കാലത്തിന്റെ ഗതിവേഗത്തിലാണ് അവസരങ്ങളുണ്ടാവുന്നത്. അവസരം നഷ്ടപ്പെട്ടാലത് തിരിച്ചുപിടിക്കാനാവുകയില്ല.

കാലം കോടാനുകോടി വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇനിയും എത്രയോ കോടിവർഷങ്ങൾ വരാനിരക്കുന്നു. നാം ഇതിൽ ജീവിക്കുന്നു. ഈ ഇന്ന്, ഈ നിമിഷം, എത്രയോ വേഗമാണ് പോയിമറയുന്നത്. എത്രപെട്ടാന്നാണ് ഭാവി വർത്തമാനവും, വർത്തമാന ഭൂതകാലവും ആകുന്നത്. സമയത്തിന്റെ ഓട്ടത്തിൽ എന്തെല്ലാം പരിണാമങ്ങൾ ഇതെല്ലാം കണ്ട് മനുഷ്യൻ അന്തിച്ച നിൽക്കുന്നു.

ഒരു മനുഷ്യായുസ്സ് വെറും എൺപതോ നൂറോ വർഷങ്ങൾമാത്രം. കോടാനുകോടി വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യായുസ്സ് ഒരണുമാത്രം — നാം ജീവക്കുന്ന വർത്തമാനകാലം കടന്നുപോകുന്നു. നമ്മുടെ ജീവിതത്തിന്റെ വിജയപരാജയങ്ങൾ വർത്തമാനകാല ചെയ്തികളെ ആശ്രയിച്ചാണ് ഇരിക്കുന്നത്. അതുകൊണ്ട് കഴിഞ്ഞ കാലാനുഭവങ്ങൾ നമ്മെ ദുഃഖിതരും, നിഷ്ക്രീയരുമാക്കരെത്. കഴിഞ്ഞ കാലം നമുക്ക് അദ്ധ്യാപകരും വഴികാട്ടിയും ആയിരിക്കണം. ഭാവിയെ ഒരിക്കലും ഉത്കണ്ഠയോടും ഭയത്തോടും ആശങ്കയോടും കൂടി സ്വാഗതം ചെയ്യരുത്. ഭാവി നമുക്ക് പ്രതീക്ഷയും പ്രചോദനവും ആകണം.

സമയം ധൂർത്തടിക്കുവാനുള്ളതല്ല. കാരണം ധൂർത്തടിക്കുവാൻ വേണ്ടി നമ്മുക്ക് പ്രത്യേകമായി സമയം ഉണ്ടാക്കുവാൻ കഴിയില്ല എന്നതു തന്നെ ധൂർത്തടിച്ചാൽ തിരിച്ചു പിടിക്കാൻ പറ്റുന്നതല്ല. കാലം അതുകൊണ്ട് വളരെ ശ്രദ്ധയോടും കരുതലോടും കൂടി കൈകാര്യം ചെയ്യേണ്ട വസ്തുവാണ് സമയം.

നമ്മുടെ ആയുസ്സിന്റെ സിംഹഭാഗവും ദൈനംദിന ആവശ്യങ്ങൾക്കായി ചിലവാക്കുന്നു. ക്രിയാത്മകമായ ജീവിതത്തിന് വളരെ കുറച്ചു സമയമേ നമുക്കു ലഭിക്കുന്നുള്ളു. ആയുസ്സിന്റെ മൂന്നിലൊന്നോളം ഉറക്കത്തിനായി വേണ്ടിവരും കൂടാതെ ഭക്ഷണം, വിശ്രമം, വ്യയാമം, യാത്ര, ഉല്ലാസം തുടങ്ങിയവയ്ക്കായി വളരെയധികം സമയം ചിലവഴിക്കുന്നു. ഇതിനും പുറമേ രോഗം, ശൈശവം, വാർദ്ധക്യം എന്നീ അവസ്ഥകളിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടന്നെ

> The world hates change, yet it is the only thing that has brought progress.
> \- *Charles Kettering*

ന്നുതന്നെ വരില്ല. ഇങ്ങനെ നോക്കിയാൽ വളരെ ചുരുങ്ങിയ സമയമാണ് നമുക്ക് ജീവിക്കാൻ കിട്ടുന്നത്. അതുകൊണ്ടുതന്നെ വളരെ സൂക്ഷമതയോടെയും ശ്രദ്ധയോടെയും കൈകാര്യം ചെയ്യേണ്ട ഒന്നാണ് നമ്മുടെ സമയം

സമയത്തിന്റെ ക്രിയാത്മകവും കാര്യക്ഷമവുമായ ഉപയോഗം നടക്കണമെങ്കിൽ കൃത്യനിഷ്ഠ ആവശ്യമാണ്. ജീവിതത്തിൽ ക്രമവും ചിട്ടയുമുണ്ടാകണമെങ്കിൽ സമയം നഷ്ടമാകാതിരിക്കാനും ഇതു സഹായിക്കും. നമ്മുടെ സമയനഷ്ടം കുറയ്ക്കു മാത്രമല്ല മറ്റുള്ളവരിടെ സമയം സമയം നഷ്ടപ്പെടുത്താതിരിക്കുവാനും ഇതുപകരിക്കും. കൃത്യമായ ടൈംടേബിൾ ഉണ്ടായണ്ടെങ്കിൽ മാത്രമേ സമയനിഷ്ഠ പാലിക്കാനാവൂ. നമുക്കു ലഭിച്ചിരക്കുന്ന ചുരുങ്ങിയ സമയത്തിനുള്ളിൽ വളരെയധികം കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ടാകും. ഈ സാഹചര്യത്തിൽ അവയക്ക് മുൻഗണനാക്രമം ആവശ്യമാണ്. നമ്മുടെ ടൈംടേബിളിലും നാം ഈ മുൻഗണാന ക്രമം പാലിക്കണം. അപ്രധാനമായ കാര്യങ്ങൾ ഉപേക്ഷിക്കേണ്ടതായും വരും.

ഊണിലും ഉറക്കത്തിലും ജോലിക്കുമൊക്കെ കൃത്യമായ സമയം നിശ്ചയിച്ചിരിക്കണം.

"Early to be and early to rise,
that is the way to be happy and gay
work while you work play while yo play
that is the way to be happy and gay"

നാം കൊച്ചു ക്ലാസിൽ പഠിച്ചു മറന്ന ഈ വരികൾ നമ്മുടെ ജീവിതചര്യയിൽ ക്രമവും ചിട്ടയും മുണ്ടാക്കാൻ വളരെയധികം സഹായകമാണ്. നേരത്തെ ഉറങ്ങുന്നതും അതിരാവിലെ ഉണരുന്നതും അഭികാമ്യമാണ്. പ്രാർത്ഥനയും ജോലിയും വിനോദവും മൊക്കെ അതതിന്റെ സമയത്തു ചെയ്തു തീർക്കന്നതാണ് ഏറ്റവും ഉചിതം. ഇത് നമ്മുടെ ജീവിതത്തെ ആനന്ദദായകവും സമാധാനപൂർണവും ആരോഗ്യപൂർണ്ണവും ആക്കിമാറ്റുന്നു.

ഇന്ന് എല്ലാവരും തിരക്കിലാണ്. നിരത്തിലിറങ്ങിയാൽ ഈ തിരക്ക് നമുക്ക് തിരിച്ചറിയാനാകും. ഇവിടെ ആർക്കും ആരെയും ശ്രദ്ധിക്കാൻ സമയമില്ല. ഈ നെട്ടോട്ടത്തിനിടെ നാം ജീവിക്കാൻ തന്നെ മറന്നു പോകുന്നു. ഒരു ദിവസമെന്നത് എല്ലാവർക്കും 24 മണിക്കൂർ മാത്രം. ഇതിട്ടുള്ള ചൂതാട്ടമാണ് ഇവിടെ നടക്കുന്നത്. ഈ ചൂതുകളിയിൽ പരാജയം ഏറ്റുവാങ്ങുന്നവരും വൻ നേട്ടങ്ങൾ കൊയ്യുന്നവരും ഉണ്ടാകും. ജീവിതം തന്നെ ഒരു ചൂതുകളി. എന്നാൽ ജീവിതത്തിൽ ആസൂത്രിതമായ ചിട്ടയും ക്രമമവും അനുസരിച്ചു ജീവിക്കുന്നവർ ഈ തിരക്കിനിടിമകളല്ല. അവരുടെ ജീവിതം ശാന്തവും സുന്ദരവും സുസ്ഥിരവുമായിരിക്കും.

മടിയന്മാർക്ക് വൻതിരക്ക്. നാളെ, നാളെ എന്നു കരുതി ജോലികൾ നീട്ടികൊണ്ടുപോകുമ്പോൾ പല കാര്യങ്ങളും സമയത്തു ചെയ്തു തീർക്കുവാൻ സാധിക്കാതെ വരുന്നു. അതുകൊണ്ട് എല്ലാ തിരക്കു പിടിച്ച് ചെയ്യേണ്ടി വരും. പഠിക്കേണ്ട പാഠങ്ങൾ അന്നന്നതു തന്നെ പഠിച്ചു പോയാൽ പരീക്ഷാ സമയത്ത് വിദ്യാർത്ഥികൾക്ക് പരീക്ഷാപ്പനി ഒഴിവാക്കാം. ജീവിതത്തിന്റെ ഏതുമേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഇത് ബാധകമാണ്.

മനുഷ്യൻ ഇന്ന് വളരെയധികം അസ്വസ്ഥനാണെങ്കിൽ അതിന്റെ കാരണം നാം തന്നെയാണ്. പിരിമുറക്കമില്ലാത്തവരാരെങ്കിലുമുണ്ടെങ്കിൽ പിരിഞ്ഞവർ മാത്രമാണെന്ന സ്ഥിതിവരെ കാര്യങ്ങളെത്തി നിൽക്കുന്നു. കാലം നമ്മെ പഠിപ്പിക്കുന്ന സത്യങ്ങൾ ഉൾക്കൊണ്ട് എല്ലാം സമയബന്ധിതമായും നിഷ്ഠയോടും കൂടി ഇനിയുള്ള വിലപ്പെട്ട ജീവിതം എനിയ്ക്കും നിങ്ങൾക്കും ജീവിക്കുവാൻ കഴിയട്ടെ!



Honey Mol Shaji
C2

If you feel you are down on your luck, check the level of your effort.
- Robert Brault







# A Beautiful Friend

Sini M Pillai
E 3

A beautiful friend is one
who lives with us
shares with us
meets us
Laugh with us
Stands with us
Protect us
Mingles with us
Forgives our mistakes
Tries to correct us
Treat us an important person
Manages to behave with us in
difficult and problematic situation
Make our life as precious like
diamond
Takes us to an important destiny
Declares us the best person in the
world
Thus a beautiful friends stays
in our life forever.............




# ഓട്ടോഗ്രാഫ്

Anju Mohanan
E1

പിരിയുന്ന നേരത്തായ് അന്നു നീയോതി
എന്നെന്നും ഓർമ്മിക്കാൻ ഇനിയെന്തു
നൽകും നീ
ഈ വിട പറയും ദിനത്തിൽ
വേർപാടിൻ നിമിഷത്തിൽ
എൻ സഹയാത്രികേ,
നിനക്കായ് തരാൻ ഒന്നുവില്ലെനിക്ക്.
ചിരിച്ചുടഞ്ഞ ഒരു കുപ്പിവളച്ചില്ലോ
കണ്ണീരിൻ ഉപ്പുരസം പുരണ്ട ഒരുരുള
ചോറോ
ഒരു മയിൽപ്പീലി തണ്ടോ, ഒന്നുമില്ല
കാലം കൊഴിയുമ്പോൾ.

സൗഹൃദമെപ്പോഴും
നിറം ചാലിച്ചൊരുക്കിയ പഴങ്കഥയായി
തീരുമ്പോൾ
ഓർമ്മകളെന്നും മറവിയുടെ ശ്മശാനത്തിൽ
ഒരു നുള്ളു ഭസ്മമായി മാറുമ്പോൾ
മറ്റൊന്നും തരാനില്ല സുഹൃത്തേ
നിനക്കായ്..............
എന്നെന്നും...................
സ്നേഹം തുളുമ്പുമീ തൂലികാ സ്പർശം
മാത്രം................



# കാഴ്ചപ്പാട് മാറിയാൽ

ഒരിക്കൽ ഒരു കൃഷിക്കാരന്റെ കഴുത കിണറ്റിൽ വീണു. അതവിടെക്കിടന്ന് ദയനീയമായി കരയാൻ തുടങ്ങി. അതിനെ എങ്ങനെ കുഴിയിൽ നിന്നു രക്ഷിക്കാമെന്നയാൾ തലപുകഞ്ഞാലോചിച്ചു.

ഒടുവിൽ അയാൾക്കുതോന്നി, ഈ വയസ്സൻ കഴുതയെ വലിച്ചു കയറ്റി തീറ്റിപ്പോറ്റിയിട്ട് ഇനി പ്രയോജനമൊന്നുമില്ല. അതുകൊണ്ട് അതിനുമീതെ മണ്ണിട്ടു മൂടിയേക്കാം. അയാൾ അയൽക്കാരുടെ സഹായം തേടി അവർ കഴുതയുടെ മേൽ മണ്ണുവെട്ടിയിടുവാൻ തുടങ്ങി.

കഴുതയ്ക്ക് കാര്യം പിടികിട്ടി. അതവിടെ കിടന്ന് അലറിക്കരഞ്ഞു പക്ഷേ, നിമിഷങ്ങൾക്കുള്ളിൽ എല്ലാവരെയും അത്ഭുതപ്പെടുത്തികൊണ്ട് അതു ശാന്തനായി. കുറേ മണ്ണ് കോരിയിട്ടതിനുശേഷം കിണറ്റിലേക്കു നോക്കിയപ്പോൾ കണ്ട കാഴ്ച അയാളെ നടുക്കികളഞ്ഞു. ഓരോ തൂമ്പാ മണ്ണും തന്റെ ദേഹത്തേക്കു പതിക്കുമ്പോൾ കഴുത തന്റെ ദേഹത്തുനിന്നു മണ്ണു കുടഞ്ഞുകളയുകയും ആ മണ്ണിൽ ചവിട്ടി ഒരു ചുവടു മുകളിലേക്കു കയറുകയും ചെയ്യുന്നു. അങ്ങനെ വളരെ വേഗത്തിൽ കഴുത മുകളിലെത്തി രക്ഷപ്പെടുകയും ചെയ്തു.

നിങ്ങളുടെ ജീവിതം പ്രതിസന്ധികൾ നിറഞ്ഞതാകാം, അതിനെ നിങ്ങൾ എങ്ങനെ സമീപിക്കുന്നു എന്നതാണു പ്രധാനം.

അശ്വാസ് എസ്.
Z2





## AN ALPHABETIC ADVICE



Harsha Stephen
L4

A - Always be active
B - Believe in yourself
C - Control your tongue
D - Do good to all
E - Enjoy your life
F - Forgive and forget
G - Go for your dreams
H - Help others
I - Identify true friend
J - Just stay cool
K - Know yourself
L - Live Lively
M - Mind is the most colossal power in the world
N - Never give up
O - Overcome your problems and sorrows
P - Prayer is soul's sincere desire
Q - Question yourself
R - Reach for the stars
S - Share your joys
T - Think big always
U - Unitive Thinking
V - Visualise success
W - Within you is the power to overcome all obstacles
Y - You should control the development of your mind
Z - Zero to hero -try it

# Statement of Ownership and other particulars about the College Annual 2008-2009

| | | | |
|---|---|---|---|
| 1. | Title of Annual Magazine | : | Sadvalam |
| 2. | Place of Publication | : | Newman College, Thodupuzha East P.O. |
| 3. | Periodicity of Publication | : | Annual |
| 4. | Printer's and Publisher's Name and Address | : | Principal, Newman College, Thodupuzha East P.O., Idukki |
| 5. | Nationality | : | Indian |
| 6. | Name and Address of owners/ of the news paper / Annnual | : | Principal, Newman College, Thodupuzha East P.O. |
| 7. | Lay Out & Cover Design | : | Sangeeth Jose |
| 7. | Printed at | : | Polson Offset Press, Muvattupuzha, Ph: 0485 3257536 |

I, Dr. T.M. Joseph, Principal, Newman College. Thodupuzha East hereby declare that the particulars given above are true to the best of my knowledge and belief.

sd/-

Dr. T.M. Joseph
Principal

**2008-09**

**NEWMAN COLLEGE, THODUPUZHA**
IDUKKI DISTRICT, KERALA - 685 585
Ph: (04862) 222686, 229797 Fax: 229797
e-mail:principal@newmancollege.ac.in
Website:www.newmancollege.ac.in
(Accredited by NAAC with 'A' Grade and affiliated to M.G. University)